ഇബാദത്തും ഇത്വാഅത്തും

കെ. പി. മുഹമ്മദ് ബിൻ അഹ്മദ്


'ഇബാദത്ത്' അല്ലാഹുവിന് മാത്രമേ ആകാവൂ എന്നതിൽ മുസ്‌ലിംകൾക്കിടയിൽ തർക്കമില്ല. എന്താണ് ഇബാദത്ത്? അവിടെയാണ് പ്രശ്നങ്ങൾ ഉത്ഭവിക്കുന്നത്.

ആരാധനകൾ മാത്രമല്ല, അനുസരണവും അടിമവേലയുമെല്ലാം ഇബാദത്താണെന്ന് അടുത്ത കാലത്തായി ചിലർ വാദിക്കാറുണ്ട്. ആ വാദത്തെയും അതിനുള്ള തെളിവുകളെയും വിശദമായി ഈ ഗ്രന്ഥത്തിൽ പരിശോധിക്കുന്നു. എല്ലാ സംശയങ്ങൾക്കും മറുപടി പറയുന്നു.

വില: 25 ക

പ്രസാധകർ
കേരളാ നദ്‌വത്തുൽ മുജാഹിദീൻ
പ്രസിദ്ധീകരണ വിഭാഗം
മുജാഹിദ് സെൻറർ, കോഴിക്കോട് - 2

ഇബാദത്തും
ഇത്വാഅത്തും



കെ.പി. മുഹമ്മദ് ബ്ൻ അഹ്മദ്

ഇബാദത്തും ഇത്വാഅത്തും

കെ.പി. മുഹമ്മദ് ബിൻ അഹ്മദ്

പ്രസാധകർ
കേരള നദ്വത്തുൽ മുജാഹിദീൻ
പ്രസിദ്ധീകരണ വിഭാഗം
മുജാഹിദ് സെൻറർ, കോഴിക്കോട് - 2

IBADATHUM ITHA-ATHUM
(Malayalam)
K.P. Muhammed bin Ahmed
First Edition : 1982 February
Second Edition : 1997 October
Copies : 3000
Typesetting : Suvarna Graphics, Calicut - 2
Printed at : Geethanjali Offset Prints, Feroke
Published by : Kerala Nadvathul Mujahideen
- Publishing wing
Mujahid Centre Calicut - 2
(Copyright Reserved)

Price Rs : **25/-**

ഉള്ളടക്കം

പേജ്

6 പ്രസ്താവന

11 ഇബാദത്തും ഇത്വാഅത്തും

23 പിശാചിനെ അനുസരിക്കൽ

37 മതപരമായ നിയമനിർമാണം

46 ദേഹേച്ഛ എന്ന ദൈവം

54 താഗൂത്തിന്നുള്ള ഇബാദത്ത്

64 'ഇനിൽ ഹുക്മു ഇല്ലാ ലില്ലാഹി'

75 ഏതാനും സംശയങ്ങൾ

بسم الله الرحمن الرحيم

കുറച്ചു കാലമായി മുസ്‌ലിംകൾക്കിടയിൽ ഒരു സജീവ ചർച്ചാവിഷയമാണ് 'ഇബാദത്ത്' എന്ന പദം. അതിന്റെ അർത്ഥത്തെപ്പറ്റിയും വിശദീകരണത്തെപ്പറ്റിയും ഭിന്നമായ അഭിപ്രായഗതികൾ സമൂഹത്തിൽ പ്രചരിപ്പിക്കപ്പെടുന്നു; പ്രസംഗവേദികളിലൂടെ, വിദ്യാലയങ്ങളിലൂടെ, പത്രമാസികകളിലൂടെ, പുസ്തകങ്ങളിലൂടെ. ഒരു പദത്തെ ചുറ്റിപ്പറ്റി എന്തിനിത്രമാത്രം വാദകോലാഹലങ്ങളെന്ന് അത്ഭുതപ്പെടുന്നവർ വിരളമല്ല. 'ശാഖാപരം', 'നിസ്സാരം' എന്ന് വിശേഷിപ്പിച്ചു സമർത്ഥമായി മറുകണ്ടം ചാടി തടിതപ്പാൻ ശ്രമിക്കുന്നവരും കുറവല്ല.

'ലാഇലാഹ ഇല്ലല്ലാഹ്' എന്നതാണ് ഇസ്‌ലാമിന്റെ രണ്ട് അടിസ്ഥാന മുദ്രാവാക്യങ്ങളിൽ ഒന്നാമത്തെത്. അല്ലാഹു അല്ലാതെ ഇലാഹ് ഇല്ല എന്ന് സാരം. 'ഇലാഹ്' എന്നാൽ ഇബാദത്ത് ചെയ്യപ്പെടുന്നവൻ. അപ്പോൾ അല്ലാഹുവിന് മാത്രമെ ഇബാദത്ത് ചെയ്യാവൂ; അല്ലാഹുവിന്നല്ലാതെ മറ്റാർക്കും ഇബാദത്ത് ചെയ്തുകൂടാ എന്നതാണ് ഇസ്‌ലാമിന്റെ ഏറ്റവും മൗലികമായ സിദ്ധാന്തം. ഈ മൗലിക സിദ്ധാന്തത്തെ ധിക്കരിച്ച് അല്ലാഹുവിന്നല്ലാതെ ഇബാദത്ത് ചെയ്യുന്നവൻ ഇസ്‌ലാമിൽ നിന്ന് പുറത്തുപോകുന്നു. അതിനാൽ ഇബാദത്ത് എന്താണ്? എന്തല്ല? എന്ന് ഏതൊരു മുസ്‌ലിമും സൂക്ഷ്മമായും വ്യക്തമായും മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ടു തന്നെ ഒരു മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം മൗലികമായി പരമ പ്രാധാന്യമുള്ള പദമത്രെ 'ഇബാദത്ത്.' അത് ശാഖാപരമല്ല, നിസ്സാരമല്ല.

ഒരു കാര്യം പറയേണ്ടതുണ്ട്. ഇബാദത്ത് എന്ന പദത്തിന് ഭാഷയിൽ എന്തർത്ഥമുണ്ട് എന്ന ചർച്ചക്ക് മതത്തിൽ പ്രസക്തിയില്ല. അല്ലാഹുവിന് മാത്രം അർപ്പിക്കാവുന്നതും മറ്റാർക്കും അർപ്പിക്കാൻ പാടില്ലാത്തതും എന്ന് പറയുന്ന ആ ഇബാദത്ത് എന്താണ്? അത് പഠിപ്പിക്കാനാണല്ലോ നാടായ നാടുകളിലെല്ലാം കാലാകാലങ്ങളിൽ പ്രവാചകന്മാർ വന്നിട്ടുള്ളത്.

وَمَا أَرْسَلْنَا مِنْ قَبْلِكَ مِنْ رَسُولٍ إِلَّا نُوحِي إِلَيْهِ أَنَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدُونِ

(الانبياء)

"ഞാനല്ലാതെ ഇബാദത്തിന് അർഹനില്ല; അതുകൊണ്ട് എനിക്ക് മാത്രം ഇബാദത്ത് ചെയ്യുക എന്ന് നാം വഹ്‌യ് അറിയിക്കാതെ ഒറ്റ പ്രവാചകനെയും നിനക്ക് മുമ്പ് നാം അയച്ചിട്ടില്ല." (സൂറ: അൽഅമ്പിയാഅ്)

മഹാന്മാരായ ആ പ്രവാചകന്മാർ അല്ലാഹുവിന് മാത്രമെ ഇബാദത്ത് ചെയ്യാവൂ എന്നതുകൊണ്ട് എന്താണ് ഉദ്ദേശിച്ചത്? അതാണ് യഥാർത്ഥത്തിൽ മനസ്സിലാക്കേണ്ടത്. അല്ലാതെ, ഭാഷാപരമായ തർക്കവിതർക്കങ്ങൾ ഈ വിഷയത്തിൽ ഒരിക്കലും പരിഹാരമാവുന്നില്ല. അതുകൊണ്ട് ഭാഷാപരമായ ചർച്ച പുസ്തകത്തിലൊഴിവാക്കിയിരിക്കുകയാണ്.

ഇബാദത്ത് എന്ന പദത്തിന് ഭാഷയിൽ ആരാധന, അടിമവൃത്തി, അനുസരണം എന്നെല്ലാം അർത്ഥമുണ്ടെന്നും, അവ മൂന്നും അല്ലാഹു അല്ലാത്തവർക്ക് ചെയ്യാൻ പാടില്ലെന്നും, ചെയ്താൽ ശിർക്കാണെന്നും ഒരു പക്ഷക്കാർ വാദിക്കുന്നു. 'ഇസ്‌ലാമിലെ ഇബാദത്ത്' എന്ന പുസ്തകത്തിൽ നിന്നും ഏതാനും ഉദ്ധരണികൾ കാണുക.

"ഇബാദത്തിന്ന് ആരാധിക്കുക എന്ന ഒരു അർത്ഥം മാത്രമേയുള്ളൂ എന്നും അതിനാൽ ലാഇലാഹ ഇല്ലല്ലാഹു

എന്നതിന്റെ അർത്ഥം അല്ലാഹു അല്ലാതെ ആരാധ്യൻ ഇല്ല എന്നാണെന്നും ഒരുകൂട്ടർ വാദിക്കുന്നു. എന്നാൽ മറ്റൊരു പക്ഷം ഇങ്ങിനെയാണ്; ഇബാദത്തിന് ആരാധന എന്നപോലെ അടിമവൃത്തി എന്നും അനുസരണമെന്നും അർത്ഥങ്ങളുണ്ട്. ഇവ മൂന്നും തൗഹീദിൽ സുപ്രധാനങ്ങളാണ്. അതിനാൽ ആരാധനയ്ക്കും അടിമവൃത്തിക്കും അനുസരണത്തിനും അവകാശിയും അർഹനുമായി ഏക അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്നാണ് ലാ ഇലാഹ ഇല്ലല്ലാഹു എന്ന കലിമയുടെ പൊരുൾ." (മുഖവുര XXXIII)

"ആരാധന അല്ലാഹുവിന്നും അനുസരണം മറ്റൊരുവനും അടിമവൃത്തി വേറൊരാൾക്കുമായി വിഭജിക്കുന്നത് കടുത്ത ശിർക്കും ഭയങ്കരമായ സത്യനിഷേധവും അക്ഷന്തവ്യമായ നന്ദികേടുമാകുന്നു." (പേജ്: 25)

"ഖുർആനിൽ ഈ ധാതുവിന്റെ പ്രയോഗം വന്നിട്ടുള്ള സന്ദർഭങ്ങൾ പരിശോധിച്ചാൽ അടിമവൃത്തി, അനുസരണം, ആരാധന എന്നീ മൂന്നർത്ഥങ്ങളിലും അതുപയോഗിച്ചതായി കാണാം. ഈ മൂന്നിൽ ഏതർത്ഥ പ്രകാരമായാലും ശരി ഇബാദത്ത് ദൈവേതരന്മാർക്ക് അർപ്പിക്കുന്നത് ശിർക്കും നിഷിദ്ധവുമാണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമായ ഭാഷയിൽ പ്രഖ്യാപനം ചെയ്തിരിക്കുന്നു." (പേജ്: 94)

എന്താണിപ്പറഞ്ഞതിന്റെയെല്ലാം അർത്ഥം? അല്ലാഹു അല്ലാത്തവരെ അനുസരിച്ചാൽ, അവർക്ക് അടിമവൃത്തി ചെയ്താൽ മുശ്‌രിക്ക് ആവുമെന്ന് അല്ലാഹുവോ അവന്റെ പ്രവാചകന്മാരോ പഠിപ്പിച്ചിട്ടില്ലല്ലോ. മറിച്ച്, മറ്റു പലരെയും അനുസരിക്കാൻ കൽപിച്ചിട്ടുണ്ട്; യജമാനന്മാർക്ക് അടിമവേല ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. പിന്നെ, എന്തിനിങ്ങനെയെല്ലാം വാദിക്കുന്നുവെന്നല്ലേ? രാഷ്ട്രീയമാണ് അതിന്റെ പിന്നിലുള്ളത്? 'ദൈവിക ഭരണം' സ്ഥാപിക്കൽ. 'സ്വന്തം ഭരണമില്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെട്ടാത്ത ഒരു സങ്കൽപ വീടുപോലെയാണ്' എന്ന അബദ്ധമായ ആശയത്തിനുവേണ്ടി ഇബാദത്തിന്റെ അർത്ഥം തന്നെ മാറ്റേണ്ടിവന്നു എന്നേയുള്ളൂ. മതത്തെ കേവലമൊരു രാഷ്ട്രീയ പ്രസ്ഥാ

നമായി തരംതാഴ്ത്തി ചിത്രീകരിക്കുവാനുള്ള വ്യഗ്രതയിൽ 'ദീൻ' സ്റ്റേറ്റായി; 'ഇബാദത്ത്' അനുസരണവും അടിമവൃത്തിയുമായി; നമസ്കാരവും നോമ്പുമെല്ലാം ഭരണ സംവിധാനത്തിനുള്ള പരിശീലനമായി; ഹജ്ജ് ആഗോള മുസ്‌ലിം സമ്മേളനമായി; അങ്ങനെ പലതും. 'ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാം അവനെന്ന് തോന്നും'. പ്രസിദ്ധ മനശ്ശാസ്ത്രജ്ഞനായ ഫ്രോയ്ഡ് മനുഷ്യ പ്രവൃത്തികളുടെയെല്ലാം ചോദകം ലൈംഗികമാണെന്ന അഭിപ്രായക്കാരനായിരുന്നു. മാതാപിതാക്കൾ കുഞ്ഞുങ്ങളോടു കാണിക്കുന്ന വാത്സല്യം പോലും ലൈംഗിക തൃഷ്ണയുടെ പൂർത്തീകരണമാണ്, അദ്ദേഹത്തിന്റെ വീക്ഷണത്തിൽ. ലോകത്തിന്നേവരെയുണ്ടായിട്ടുള്ള എല്ലാ സമരങ്ങളും കാറൽമാർക്സിന്റെ വ്യാഖ്യാനത്തിൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള, മുതലാളിയും തൊഴിലാളിയും തമ്മിലുള്ള വർഗസമരമാണ്. അതുപോലെയുള്ള ഒരു രാഷ്ട്രീയ വ്യാഖ്യാനമാണ് ഇബാദത്തിന് അനുസരണം, അടിമവേല എന്നീ അർത്ഥങ്ങൾ.

അല്ലാഹു അല്ലാത്തവർക്ക് ഇബാദത്ത് ചെയ്തുകൂടാ. ഇബാദത്ത് എന്നാൽ അനുസരണം, അടിമവേല എന്നർത്ഥം. അപ്പോൾ ഭരണകൂടങ്ങളെ അനുസരിക്കൽ ശിർക്ക്.

ഇബാദത്ത് എന്ന പദത്തിന് ആരാധന എന്നല്ലാതെ അനുസരണമെന്നോ അടിമവേലയെന്നോ അർത്ഥം കൽപിക്കുക ഭീമമായ അബദ്ധമാണെന്ന് ഈ പുസ്തകം സവിസ്തരം തെളിയിക്കുന്നുണ്ട്. അതു സംബന്ധമായ എല്ലാ സംശയങ്ങൾക്കും മറുപടി നൽകുകയും ചെയ്യുന്നു. 'ഇബാദത്ത്' എന്ന ശീർഷകത്തിൽ ഇബാദത്തിന്റെ നാനാവശങ്ങളെ സംബന്ധിച്ചു സമഗ്രമായൊരു ലേഖനം 'അൽമനാറി'ൽ ഖണ്ഡശ്ശയായി ഗ്രന്ഥകർത്താവ് എഴുതിയിരുന്നു. അതിൽ നിന്ന്, ഇബാദത്തിന് ഇത്വാഅത്ത് എന്ന് അർത്ഥം കൊടുത്താലുണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ച് പ ലേടത്തായി വന്നിട്ടുള്ള ലേഖനങ്ങൾ സംയോജിപ്പിച്ചതാണ് ഈ മഹദ്ഗ്രന്ഥം. അതിന് അനുമതി നൽകിയ ഗ്രന്ഥകർത്താവിനോട് കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട്

- പ്രസാധകർ

ഇബാദത്തും ഇത്വാഅത്തും

'ഇബാദത്ത്' എന്നതിന്റെ അർത്ഥം 'ഇത്വാഅത്ത്' അഥവാ അനുസരണം ആണെന്നു വാദിക്കുകയും പ്രസ്തുത വാദത്തെ നിദാനമാക്കി ഒരു പുതിയ പ്രസ്ഥാനം തന്നെ ആവിഷ്കരിക്കുകയും ചെയ്ത ഒരു വിഭാഗം ഇവിടെയുണ്ട്. ഇബാദത്തിന്റെ അർത്ഥം അനുസരണം എന്നാണെന്നും 'ഇബാദത്ത്' എന്ന് പ്രയോഗിക്കുന്ന സ്ഥലത്ത് 'ഇത്വാഅത്ത്' എന്ന് പ്രയോഗിക്കാമെന്നും അവർ വാദിക്കുന്നു. ഈ വാദം അബദ്ധമാണെന്ന് മാത്രമല്ല, ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണവുമാണ്. അതുകൊണ്ട് ഈ വിഷയം വിശദമായി പ്രതിപാദിക്കേണ്ടതുണ്ട്.

ഇബാദത്ത് അല്ലാഹുവിനു മാത്രം

ഒരു കാര്യം നമ്മുടെ ശ്രദ്ധയിലുണ്ടായിരിക്കട്ടെ. ഇബാദത്ത് അല്ലാഹുവിനു മാത്രം അർപ്പിക്കുമ്പോൾ ഒരാൾ മുസ്ലിമായി. അത് മറ്റാർക്കെങ്കിലും അർപ്പിച്ചാൽ അവൻ ഇസ്ലാമിൽ നിന്ന് പുറത്തുമായി. ഇബാദത്തിന്റെ ഇനത്തിൽ പെട്ട ഒരു കാര്യവും അല്ലാഹു അല്ലാത്തവർക്ക് അർപ്പിക്കുവാൻ ഒരു മുസ്ലിമിന് പാടില്ല. അതാണ് ഇസ്ലാമിന്റെ അതിപ്രധാനവും പ്രഥമവുമായ തത്വം.

ഓരോ ദിവസവും നിർബന്ധമായി പതിനേഴ് പ്രാവശ്യം ഓരോ മുസ്ലിമും നടത്തുന്ന പ്രാർത്ഥനയിൽ അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്യുന്നതിങ്ങനെയാണ്:

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ

"ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു. (നിനക്ക് മാത്രം ഇബാദത്ത് ചെയ്യുന്നു.) നിന്നോട് മാത്രം സഹായം അർത്ഥിക്കുന്നു. "

ഇബാദത്ത് അല്ലാഹുവിന് മാത്രമേ അർപ്പിക്കാവൂ എന്നത് അല്ലാഹുവിന്റെ ഒരു തീരുമാനമാണ്.

وَقَضَىٰ رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ (سورة بنو اسرائيل)

"അവനെയല്ലാതെ (മറ്റാരെയും) ആരാധിക്കരുതെന്ന് നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു." (17: 23)

എല്ലാ ജനസമുദായത്തിനും ഈ വിവരം മുമ്പു തന്നെ അല്ലാഹു അറിയിച്ചിട്ടുണ്ട്.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ (النحل)

"എല്ലാ ജനസമുദായങ്ങളിലേക്കും അല്ലാഹുവിനെ ആരാധിക്കുവാനും മറ്റു ദൈവങ്ങളെ ഉപേക്ഷിക്കുവാനുമായി ദൂതനെ നാം നിയോഗിച്ചിട്ടുണ്ട്." (16: 36)

ഇബാദത്തിൽ മറ്റാരെയെങ്കിലും പങ്കു ചേർത്താൽ അത് അല്ലാഹു പൊറുത്തുകൊടുക്കുകയില്ല. മറ്റു പാപങ്ങൾ അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്.

إِنَّ اللَّهَ لَا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَنْ يَشَاءُ وَمَنْ يُشْرِكْ بِاللَّهِ فَقَدِ افْتَرَىٰ إِثْمًا عَظِيمًا (النساء)

"അല്ലാഹു, അവനോട് പങ്കുചേർക്കുന്നതിനെ പൊറുത്തുകൊടുക്കുകയില്ല. അതിന്റെ താഴെയുള്ള പാപങ്ങൾ അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കുന്നതാണ്, തീർച്ച. ആരെങ്കിലും അല്ലാഹുവിൽ പങ്കു ചേർക്കുന്ന പക്ഷം അവൻ ഭയങ്കര പാപം പ്രവർത്തിച്ചിരിക്കുന്നു." (4: 48)

ശിർക്ക് എന്ന പാപം പൊറുക്കപ്പെടുകയില്ലെന്നു മാത്രമല്ല, ശിർക്ക് പ്രവർത്തിക്കുന്നവന്റെ കർമങ്ങൾ ആസകലം വിഫലമായിത്തീരുകയും ചെയ്യും. ഇബാദത്തിന്റെ ഇനത്തിൽ പെട്ട ഏതെങ്കിലും ഒരു കാര്യം അല്ലാഹു അല്ലാത്ത വല്ല വസ്തുവിനും അർപ്പിക്കുകയാണെങ്കിൽ സൃഷ്ടി

കളിൽ ശ്രേഷ്ഠനായ മുഹമ്മദ് നബി(സ)യുടെ പോലും സദ്കർമങ്ങൾ നഷ്ടപ്പെട്ടുപോകുമെന്ന് അല്ലാഹു നബിയോട് തന്നെ നേരിട്ട് പ്രസ്താവിച്ചതായി കാണാം. മറ്റു പ്രവാചകന്മാരോടും അക്കാര്യം നേരത്തെ താക്കീതു ചെയ്തിട്ടുണ്ടെന്ന് ഖുർആൻ പറയുന്നു. പിന്നെയുണ്ടോ സാധാരണക്കാരുടെ കാര്യം?

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ (الزمر)

"താൻ പങ്കു ചേർക്കുകയാണെങ്കിൽ തന്റെ സദ്കർമം തരിപ്പണമാകുന്നതാണെന്നും താൻ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ പെട്ടുപോകുന്നതാണെന്നും നിനക്കും നിന്റെ മുമ്പുള്ളവർക്കും ദിവ്യസന്ദേശം ഉണ്ടായിരിക്കുന്നു." (39: 65)

അനുസരിച്ചാൽ ശിർക്കാകുമോ?

അല്ലാഹു അല്ലാത്തവർക്ക് ഇബാദത്ത് ചെയ്തുപോകുന്നതായാൽ ഉണ്ടാകുന്ന വിപത്തുകളെ സംബന്ധിച്ച മുന്നറിയിപ്പുകൾ നാം കേട്ടുകഴിഞ്ഞു. എന്നാൽ ഇബാദത്തിന് ഇത്വാഅത്ത് (അനുസരണം) എന്നാണർത്ഥമെങ്കിൽ ഇബാദത്തു പോലെത്തന്നെ ഇത്വാഅത്തും (അനുസരണം) അല്ലാഹു അല്ലാത്തവർക്ക് പാടുള്ളതായിരിക്കുകയില്ല. അല്ലാഹു അല്ലാത്തവരെ അനുസരിച്ചാൽ ഇസ്ലാമിൽ നിന്ന് പുറത്തു പോകേണ്ടിവരും. അവൻ മുശ്രിക്ക് (ബഹുദൈവാരാധകൻ) ആകും. ആ പാപം അല്ലാഹു പൊറുക്കുകയില്ല. എല്ലാ സദ്കർമങ്ങളും തരിപ്പണമായിപ്പോകും എന്നിത്യാദി കാര്യങ്ങൾ നാം സമ്മതിക്കേണ്ടിവരും. എന്നാൽ വാസ്തവം ഇതാണോ? അല്ലാഹുവോ റസൂലോ ഇങ്ങനെ കല്പിച്ചിട്ടുണ്ടോ? അല്ലാഹുവിന് മാത്രം ഇബാദത്ത് (ആരാധന) അർപ്പിക്കണമെന്ന് കല്പിച്ചപോലെ അവനെ മാത്രം അനുസരിക്കണം എന്ന് കല്പിച്ചിട്ടില്ല. എന്നുമാത്രമല്ല, പ്രവാചകന്മാർ, മാതാപിതാക്കൾ, നേതാക്കൾ തുടങ്ങി പലരെയും അനുസരിക്കുവാൻ കല്പിച്ചിട്ടുള്ളതായും പരിശുദ്ധ ഖുർആനിലും തിരു സുന്നത്തിലും ധാരാളം കാണാം.

وَأَطِيعُوا اللَّهَ وَالرَّسُولَ لَعَلَّكُمْ تُرْحَمُونَ (آل عمران)

"നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുവീൻ. എന്നാൽ നിങ്ങൾ അനുഗ്രഹീതരായിത്തീർന്നേക്കും." (3: 132)

അനുസരിക്കണം, ആരാധിക്കരുത്

ഇവിടെ സത്യവിശ്വാസികൾക്ക് അനുഗ്രഹം ലഭിക്കണമെങ്കിൽ അല്ലാഹുവിനെ അനുസരിക്കുന്നതിനോടൊപ്പം റസൂലിനെക്കൂടി അനുസരിക്കണമെന്ന് വ്യക്തം. ഇബാദത്തിന് അനുസരണമെന്നാണർത്ഥമെങ്കിൽ അല്ലാഹുവിന് ഇബാദത്ത് ചെയ്യുന്നതിനോടൊപ്പം റസൂലിന് കൂടി ഇബാദത്ത് ചെയ്താലേ അനുഗ്രഹം ലഭിക്കൂ എന്ന് വന്നുപോകുമല്ലോ. ഇതയ്യും ഭീമമായ അബദ്ധം മറ്റെന്തുണ്ട്? റസൂലിന് ഇബാദത്ത് ചെയ്താൽ അനുഗ്രഹം ലഭിക്കുകയല്ല, മുശ്‌രിക്കാകുകയാണ് ഉണ്ടാവുക എന്നതിൽ മുസ്‌ലിംകളുടെ ഇടയിൽ തർക്കമില്ല. പിന്നെ എങ്ങനെയാണ് ഇബാദത്തിന് അനുസരണം എന്ന അർത്ഥം കൊടുക്കുക? ഈ വാദം ഇസ്‌ലാമിന്റെ നാരായ വേരിന് കത്തിവെക്കലല്ലേ?

അല്ലാഹുവിന് ഇബാദത്ത് ചെയ്യുന്നതിനോടൊപ്പം പ്രവാചകന്മാരെയും അനുസരിക്കണമെന്ന് മറ്റു നബിമാരും അവരുടെ ജനതയെ ഉപദേശിച്ചിരുന്നതായി പരിശുദ്ധ ഖുർആനിൽ പലയിടത്തുമുണ്ട്. ഉദാഹരണത്തിന് ചിലത് താഴെ കൊടുക്കുന്നു.

ഈസാ നബി പ്രസ്താവിക്കുന്നു:

فَاتَّقُوا اللَّهَ وَأَطِيعُونِ (آل عمران)

"നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവീൻ. എന്നെ അനുസരിക്കുവീൻ." (3:50) തുടർന്നുകൊണ്ട് ഈസാ നബി പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്:

إِنَّ اللَّهَ رَبِّي وَرَبُّكُمْ فَاعْبُدُوهُ هَٰذَا صِرَاطٌ مُّسْتَقِيمٌ (آل عمران)

"തീർച്ചയായും അല്ലാഹു എന്റെ നാഥനും നിങ്ങളുടെ നാഥനുമാകുന്നു. അതുകൊണ്ട് അവനു നിങ്ങൾ ഇബാദത്ത് (ആരാധന) ചെയ്യുവീൻ. ഇതാകുന്നു നേരായ വഴി." (3: 51)

ഇവിടെ ഈസാ നബി ആരാധന അല്ലാഹുവിന് അർപ്പിക്കണമെന്ന് പ്രത്യേകം എടുത്തുപറയുന്നു. അതോടൊപ്പംതന്നെ ഈസാ നബിയെ അനുസരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. രണ്ടും രണ്ടാണെന്ന് മനസ്സിലാക്കുവാൻ വേറെ ഇനി എന്തുവേണം. നൂഹ് നബിയുടെ ഉപദേശം കാണുക:

إِنِّي لَكُمْ رَسُولٌ أَمِينٌ فَاتَّقُوا اللَّهَ وَأَطِيعُونِ (الشعراء)

"നിശ്ചയമായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൂതനാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ ഭയപ്പെട്ടു ജീവിക്കുക. എന്നെ അനുസരിക്കുകയും ചെയ്യുക." (26: 107, 108)

ഹൂദ് നബിയും ഇങ്ങനെ തന്നെ ഉപദേശിക്കുന്നു:

إِنِّي لَكُمْ رَسُولٌ أَمِينٌ فَاتَّقُوا اللَّهَ وَأَطِيعُونِ (الشعراء ١٠٧ – ١٠٨)

സാലിഹ് നബിയും ഉപദേശിക്കുന്നത് അതു തന്നെ:

إِنِّي لَكُمْ رَسُولٌ أَمِينٌ فَاتَّقُوا اللَّهَ وَأَطِيعُونِ (الشعراء ١٤٤ – ١٤٥)

ലൂത്ത് നബിയും ആവർത്തിക്കുന്നു:

إِنِّي لَكُمْ رَسُولٌ أَمِينٌ فَاتَّقُوا اللَّهَ وَأَطِيعُونِ (الشعراء ١٦٢ – ١٦٣)

ശുഅയ്ബ് നബിയും പ്രസ്തുത മാതൃക പിന്തുടരുന്നു:

إِنِّي لَكُمْ رَسُولٌ أَمِينٌ فَاتَّقُوا اللَّهَ وَأَطِيعُونِ (الشعراء ١٧٨ – ١٧٩)

"നിശ്ചയമായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൂതനാകുന്നു. നിങ്ങൾ അല്ലാഹുവിനെ ഭയന്നു ജീവിക്കുവീൻ." (26: 178, 179)

മേൽപറഞ്ഞ പ്രവാചകന്മാരെല്ലാം ഇബാദത്ത് (ആരാധന) അല്ലാഹുവിനു മാത്രമായിരിക്കണമെന്ന ഉപദേശത്തോടൊപ്പം തന്നെ പ്രവാചകന്മാരെ അനുസരിക്കുകയും വേണമെന്ന് ഒരേ സ്വരത്തിൽ പ്രഖ്യാപിക്കുന്നത് വായനക്കാർ കണ്ടുവല്ലോ. പിന്നെ എങ്ങനെയാണ് ഇബാദത്തിന് അനുസരണം എന്ന് അർത്ഥം കൽപിക്കുക? ആർ ഇങ്ങനെ അർത്ഥം പറഞ്ഞാലും അതു തെറ്റല്ലാതാകുവാൻ ഒരു കാരണവും കാണുന്നില്ല.

ഈ ലോകത്ത് വന്നിട്ടുള്ള എല്ലാ പ്രവാചകന്മാരെയും അവരുടെ ജനത അനുസരിക്കണമെന്നത് അല്ലാഹു ആജ്ഞാപിച്ചിട്ടുള്ള കാര്യമാണ്. അല്ലാഹു പറയുന്നു:

وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ (النساء)

"അല്ലാഹുവിന്റെ ഉത്തരവ് പ്രകാരം അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ ഒരു ദൂതനെയും നാം അയച്ചിട്ടില്ല." (4: 64) ലോകത്ത് വന്ന എല്ലാ

പ്രവാചകന്മാരെയും അനുസരിക്കുവാൻ അല്ലാഹു കല്പിച്ചിട്ടുണ്ട് എന്നതാണല്ലോ ഈ പരിശുദ്ധ വചനം വ്യക്തമാക്കുന്നത്. ഇബാദത്താണെങ്കിലോ, അല്ലാഹു അല്ലാത്ത ആർക്കും അർപിക്കുവാൻ പാടില്ലെന്നു അല്ലാഹു വിധിക്കുകയും ചെയ്തിരിക്കുന്നു.

ദൂതരെ അനുസരിച്ചാൽ അല്ലാഹുവിനെ അനുസരിക്കുന്നതിന് തുല്യമാണ്. ഇതാണ് ഇസ്‌ലാമിന്റെ നിയമം. അല്ലാഹു പറയുന്നു:

وَمَنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ (٨٠ - ٥)

"ദൂതരെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു." ദൂതരെ അനുസരിക്കുവാൻ അല്ലാഹു കല്പിച്ചതാണല്ലോ. അല്ലാഹു കല്പിച്ച ഒരു കാര്യം ഒരാൾ നിർവഹിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു. അപ്പോൾ ദൂതരെ അനുസരിച്ചാൽ അല്ലാഹുവിനെ അനുസരിച്ചു എന്നു സാരം. എന്നാൽ ദൂതർക്ക് വല്ലവരും ഇബാദത്ത് ചെയ്താൽ അല്ലാഹുവിന്നു ഇബാദത്ത് ചെയ്തുവെന്ന് പറയാമോ? ഒരിക്കലും ഇല്ല. മറിച്ച് അവൻ അല്ലാഹുവിനെ ധിക്കരിച്ച ബഹുദൈവാരാധകനായിത്തീരും.

പ്രവാചകനെ അനുസരിക്കുവാൻ അല്ലാഹു കല്പിച്ചിട്ടുള്ളത് കൊണ്ടും അത് അല്ലാഹുവിനെ അനുസരിക്കലായതുകൊണ്ടും പ്രവാചകനെ അനുസരിക്കൽ അല്ലാഹുവിനുള്ള ഇബാദത്താണ്; അതുകൊണ്ട് അനുസരണം ഇബാദത്താകുന്നു എന്ന് ഇബാദത്തിന് അനുസരണമെന്ന് അർത്ഥം പറയുന്ന ചിലർ തട്ടിമൂളിക്കാറുണ്ട്. നമുക്ക് പരിശോധിക്കാം. ഇവിടെ റസൂലിനെ അനുസരിച്ചിട്ടുണ്ടല്ലോ - അഥവാ റസൂലിന് ഇത്വാഅത്ത് ചെയ്തിട്ടുണ്ട്. ഈ അനുസരണം എന്താകുന്നു? ഇത് ഇബാദത്താണോ? അല്ലേ? ഇബാദത്തിന് അനുസരണം എന്നർത്ഥമാക്കിയാൽ അനുസരിച്ച സത്യവിശ്വാസികളും ഇബാദത്ത് ചെയ്തവരും അനുസരിക്കപ്പെട്ട റസൂൽ ഇബാദത്ത് ചെയ്യപ്പെട്ടവനും ആകുമല്ലോ. അങ്ങനെ വരുമ്പോൾ റസൂലിനെ അനുസരിക്കുന്നതുകൊണ്ട് തന്നെ മുശ്‌രിക്കായിത്തീരുന്നു. ഇത് ശരിയല്ലെന്നത് സ്പഷ്ടം. പ്രത്യുത, ഇവിടെ അനുസരിച്ചത് റസൂലിനെയും ആരാധിച്ചത് അല്ലാഹുവിനെയും ആകുന്നു. അതായത് ഇബാദത്ത് അല്ലാഹുവിന്നും ഇത്വാഅത്ത് റസൂലിന്നും.

ഇതുവരെ നാം സംസൂരിച്ചത് പ്രവാചകന്മാരെ അനുസരിക്കുന്ന പ്രശ്നമായിരുന്നു. എന്നാൽ സത്യവിശ്വാസികളും വേറെ പലരെയും അനുസരിക്കേണ്ടതായുണ്ട്. 'ഉലുൽ അംറി'നെ (അധികാരമുള്ളവരെ) അനുസരിക്കുവാനും കടമയാണ്. പ്രവാചകനായിക്കൊള്ളണമെന്നില്ല. സൂറത്തുന്നിസാഇൽ അല്ലാഹു പറയുന്നത് കാണുക:

يَاأَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنْكُمْ (النساء)

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവീൻ. ദൂതനെയും നിങ്ങളിൽ നിന്ന് അധികാരമുള്ളവരെയും അനുസരിക്കുവീൻ." (4:59)

ഇവിടെ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നതിനോടൊപ്പം സത്യവിശ്വാസികളിൽ നിന്നു അധികാരമുള്ളവരെ അനുസരിക്കുവീൻ (ഇത്വാഅത്ത് ചെയ്യുവീൻ) എന്ന് അല്ലാഹു കല്പിക്കുന്നു. അല്ലാഹു അല്ലാത്ത മറ്റൊരാൾക്കും അർപ്പിക്കുവാൻ പാടില്ലാത്ത കാര്യമാണല്ലോ ഇബാദത്ത്. പിന്നെ എങ്ങനെയാണ് ഇബാദത്തിന് അനുസരണം എന്ന അർത്ഥം കൊടുക്കുക? കാലാകാലങ്ങളിലുള്ള മുസ്‌ലിം അധികാരികളെ അനുസരിക്കുക എന്ന ഇബാദത്ത് ചെയ്യുവാൻ അല്ലാഹു കല്പിച്ചു എന്നാണോ നാം ധരിക്കേണ്ടത്? അനുസരണം ഇബാദത്താകുന്നു. അതുകൊണ്ട് അല്ലാഹു അല്ലാത്ത ആരെയും അനുസരിച്ചുകൂടാ എന്നും അങ്ങനെ അനുസരിച്ചാൽ മുശ്‌രിക്കായിപ്പോകുമെന്നും വാദിക്കുന്നവർ ഇവിടെ വളരെയേറെ ചിന്തിക്കേണ്ടിയിരിക്കുന്നു. അവർ ഇസ്‌ലാമിനോട് എത്ര വലിയ ദ്രോഹമാണ് ചെയ്യുന്നതെന്ന് ഒരുപക്ഷെ അവർ തന്നെ അറിഞ്ഞിട്ടില്ലായിരിക്കാം.

അതിർവരമ്പ്

മേൽ ആയത്തിൽ സത്യവിശ്വാസികളും മൂന്നു പേരെ അനുസരിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. മൂന്നു പേർക്ക് ഇബാദത്ത് ചെയ്യാൻ പറ്റുമായാലും കല്പിക്കുകയില്ല, തീർച്ച! അല്ലാഹുവിനെ അനുസരിക്കുക എന്നാൽ പരിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും അനുസരിക്കുക എന്നും റസൂലിനെ അനുസരിക്കുക എന്നാൽ നബി തിരുമേനിയുടെ ചര്യകളും പിൻതുടരുക എന്നും ആകുന്നു. 'ഉലുൽ അംറ്' എന്നത് കൊണ്ടുള്ള വിവക്ഷ മുസ്‌ലിംകളിൽ നിന്ന് ഖുർആനും സുന്നത്തും അനുസരിച്ചു ഭരണം നടത്തുന്ന അധികാരികളാണ്. ഇവർ ഇല്ലാത്ത പ്രദേശങ്ങളിൽ മുസ്‌ലിംകളുടെ കാര്യം നിർവഹിക്കുവാൻ മുസ്‌ലിംകളാൽ അംഗീകരിക്കപ്പെട്ട നേതാക്കളോ നേതൃസംഘങ്ങളോ ആയിരിക്കും. അല്ലാഹു

വിനും റസൂലിനും വിരുദ്ധമായി അവർ വല്ലതും കല്പിക്കുകയാണെങ്കിൽ അത് സ്വീകരിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ പ്രഥമമായി നാം അല്ലാഹുവിനെയാണ് അനുസരിക്കേണ്ടത്. വിശദീകരണ വിധേയമായ വചനത്തിലും അതുപോലുള്ള വചനങ്ങളിലും പ്രഥമ സ്ഥാനം അല്ലാഹുവിനെ അനുസരിക്കുന്നതിനു തന്നെയാണ് പരിശുദ്ധ ഖുർആൻ നല്കിയിട്ടുള്ളതും. അല്ലാഹു കല്പിച്ചതുകൊണ്ട് മാത്രമാണ് അധികാരികളെ അനുസരിക്കൽ നമുക്ക് കടമയായിത്തീർന്നതും. അപ്പോൾ അല്ലാഹു വിരോധിച്ച വിധത്തിൽ നാം അധികാരികളെ അനുസരിച്ചാൽ അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കലായിത്തീരും. അതൊരിക്കലും പാടുള്ളതല്ല. പരിശുദ്ധ ഖുർആനിനു ആധികാരികമായ വ്യാഖ്യാനം നൽകാൻ അല്ലാഹു അധികാരപ്പെടുത്തിയ തിരുനബി(സ) ഈ കാര്യം വ്യക്തമാക്കിയിട്ടുമുണ്ട്.

عَن عبدِ الله بن عمر عن رسول الله (ص) قال السمع والطاعة على المرا المسلم فيما احب وكره مالم يؤمر بمعصية فاذا امر بمعصية فلاسمع ولاطاعة(ابن كثير)

"നബിയിൽ നിന്നു അബ്ദുല്ലാഹിബ്നു ഉമർ ഉദ്ധരിക്കുന്നു: അല്ലാഹു വിരോധിച്ചിട്ടില്ലാത്ത കാര്യങ്ങൾ കല്പിക്കപ്പെടുമ്പോൾ, അതു കേട്ട് അനുസരിക്കേണ്ടത് മുസ്ലിമായ മനുഷ്യന് കടമയാണ്; അവന് ഇഷ്ടമുള്ളതിലാവട്ടെ, ഇല്ലാത്തതിലാവട്ടെ. എന്നാൽ തെറ്റായ കാര്യങ്ങൾ കല്പിക്കുകയാണെങ്കിൽ കേൾക്കുകയോ അനുസരിക്കുകയോ ചെയ്യേണ്ടതില്ല." (ഇബ്നുകസീർ 1: 517)

കൂടാതെ പ്രസ്തുത ഖുർആൻ വചനാവതരണത്തെ സംബന്ധിച്ച് ഖുർആൻ വ്യാഖ്യാതാക്കൾ ഉദ്ധരിച്ചുകാണുന്ന ചരിത്ര സംഭവവും തെറ്റായ കാര്യങ്ങളിൽ അനുസരിക്കേണ്ടതില്ലെന്നതിനു വ്യക്തമായ തെളിവാകുന്നു. സഹീഹുൽ ബുഖാരിയുടെ ഖുർആൻ വ്യാഖ്യാനാധ്യായത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ഇബ്നു അബ്ബാസ്(റ) പറയുന്നു:

أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنكُمْ

എന്ന വചനം അവതരിച്ചിട്ടുള്ളത് നബി(സ) അബ്ദുല്ലാഹിബ്നു ഹുദാഫയെ ഒരു ചെറു സൈന്യവിഭാഗത്തിന്റെ നേതാവായി നിയമിച്ചതിനെ സംബന്ധിച്ചാകുന്നു. ഈ ചരിത്ര സംഭവം ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ

ബുഖാരിയിൽ നിന്നു താഴെ ചുരുക്കി ഉദ്ധരിക്കാം. (1: 517)

"അൻസാരികളിൽ പെട്ട ഒരാളുടെ നേതൃത്വത്തിൽ ഒരു ചെറുസംഘത്തെ നബി(സ) നിയോഗിച്ചു. നേതാവിനു അനുയായികളോട് ദേഷ്യം തോന്നുകയും അപ്പോൾ ഒരു വിറകു കൂമ്പാരമുണ്ടാക്കി കത്തിച്ച് അനുയായികളോട് അതിൽ ചാടുവാൻ കല്പിക്കുകയും ചെയ്തു. "ഞാൻ നിങ്ങളുടെ നേതാവാണ്. അതുകൊണ്ട് ഞാൻ കല്പിക്കുന്നത് നിങ്ങൾ അനുസരിക്കണ"മെന്നു പറഞ്ഞു. "നാം തീയിൽ നിന്നും രക്ഷ കിട്ടുവാനാണ് നബിയിൽ വിശ്വസിച്ചത്. അതുകൊണ്ട് നിങ്ങൾ തീയിൽ ചടേണ്ടതില്ല. നബിയുമായി കണ്ടതിനു ശേഷം മതി തീയിൽ ചാടൽ" എന്ന് ഒരു യുവാവ് പറഞ്ഞുകാരെ ഉപദേശിച്ചു. അങ്ങനെ അവർ തീയിൽ ചാടിയില്ല. നബിയോട് ഈ കാര്യം വിവരിച്ചുകൊടുത്തപ്പോൾ നബി(സ) ഇങ്ങനെ പ്രസ്താവിച്ചു. "ആ അഗ്നിയിൽ നിങ്ങൾ പ്രവേശിച്ചിരുന്നുവെങ്കിൽ ഒരിക്കലും പുറത്തു പോരികയില്ലായിരുന്നു. അനുസരണം നല്ല കാര്യങ്ങളിൽ മാത്രമാണ്." ഇതയും കൊണ്ട് ഒരു കാര്യം വ്യക്തമായി. അനുസരണം ഇബാദത്തിൽ പെടുകയില്ല. കാരണം ഇബാദത്ത് ഒരേ ഒരുവന്നു മാത്രമേ പാടുള്ളൂ. അതാതത് അല്ലാഹുവിന്നു മാത്രം. അനുസരണം അല്ലാഹുവിനു പുറമെ നബിയും മുസ്ലിംകളിൽ നിന്നു അധികാരമുള്ളവർക്കും നിർബന്ധമാകുന്നു.

അനുസരണക്കേടും ഇബാദത്താവുന്നു

ഇബാദത്തിൽ ചിലപ്പോൾ അനുസരണം കണ്ടെന്നു വരും. അതുകൊണ്ട് അനുസരണമോ അനുസരണം കാണുന്നതെല്ലാമോ ഇബാദത്താകുകയില്ല. അനുസരണമാണോ അനുസരണക്കേടാണോ എന്നതിന് ഇബാദത്തിൽ പ്രസക്തിയില്ലെന്നതാണ് വസ്തുത. എന്തെന്നാൽ അനുസരണക്കേടോടു കൂടിയ പ്രവൃത്തികളും ഇബാദത്തായിത്തീരുന്നുണ്ട്. അവിടെ ഇബാദത്തിന്ന് അർത്ഥം അനുസരണക്കേട് എന്നാണെന്ന് ആരും പറയുകയില്ലല്ലോ.

ക്രിസ്ത്യാനികൾ യേശുവിന് ഇബാദത്ത് ചെയ്തു. യേശുവെ ദൈവമാക്കി. അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്ന അദ്ദേഹത്തിന്റെ കൽപന അവർ അനുസരിച്ചില്ല. മറിച്ച് അനുസരണക്കേട് കാണിക്കുകയാണുണ്ടായത്. അപ്പോൾ അനുസരണം കൂടാതെ തന്നെ ഇബാദത്തുണ്ടാകുന്നത് വായനക്കാർ കണ്ടുവല്ലോ. ഇവിടെ തികച്ചും അനുസരണക്കേടാണുള്ളതെന്നു പരിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുമുണ്ട്. പരലോ

കത്തുവെച്ച് അല്ലാഹു ഈസാ നബിയെ വിസ്തരിക്കുകയും ക്രിസ്ത്യാനികൾ ഈസാ നബിയെ ആരാധിച്ചത് അനുസരണക്കേടാണെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്ന സന്ദർഭം പരിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുണ്ട്. അതിപ്രകാരമാകുന്നു:

وَإِذْ قَالَ اللَّهُ يٰعِيسَى ابْنَ مَرْيَمَ ءَأَنْتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلٰهَيْنِ مِنْ دُونِ اللَّهِ قَالَ سُبْحَانَكَ مَا يَكُونُ لِي أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ إِنْ كُنْتُ قُلْتُهُ فَقَدْ عَلِمْتَهُ تَعْلَمُ مَا فِي نَفْسِي وَلَا أَعْلَمُ مَا فِي نَفْسِكَ إِنَّكَ أَنْتَ عَلَّامُ الْغُيُوبِ مَا قُلْتُ لَهُمْ إِلَّا مَا أَمَرْتَنِي بِهِ أَنِ اعْبُدُوا اللَّهَ رَبِّي وَرَبَّكُمْ (المائدة ١١٦ - ١١٧)

"അല്ലാഹു ചോദിക്കുന്ന സന്ദർഭം: മർയമിന്റെ മകൻ ഈസാ, അല്ലാഹുവിനു പുറമെ എന്നെയും എന്റെ മാതാവിനെയും രണ്ടു ദൈവങ്ങളായി സ്വീകരിക്കണമെന്ന് നീ മനുഷ്യരോട് പറഞ്ഞിട്ടുണ്ടായിരുന്നോ? (ഈസാ) പറഞ്ഞു: (ദൈവമേ) നീ പരിശുദ്ധനാണ്! എനിക്ക് അവകാശമില്ലാത്തത് ഞാൻ പറയുക എന്നത് എന്നെ സംബന്ധിച്ചടത്തോളം ഒരിക്കലും ഉണ്ടാവില്ല. ഞാനത് പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും നീ അതറിഞ്ഞിട്ടുണ്ടാകുമല്ലോ. എന്റെ മനസ്സിലുള്ളതെല്ലാം നീ അറിയുന്നു. നിന്റെ മനസ്സിലുള്ളത് (ഒന്നും തന്നെ) ഞാൻ അറിയുന്നുമില്ല. തീർച്ചയായും എല്ലാ അദൃശ്യങ്ങളും അറിയുന്നവൻ നീ മാത്രമാകുന്നു. നീ എന്നോട് കല്പിച്ചിട്ടുള്ളത് മാത്രമാണ് ഞാൻ അവരോട് പറഞ്ഞിട്ടുള്ളത്; എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവുമായ അല്ലാഹുവിനെ ആരാധിക്കുവീൻ എന്ന്." (സൂറ: മാഇദ)

താഴെ പറയുന്ന മൂന്നു കാര്യങ്ങൾ ഈ പരിശുദ്ധ വചനത്തിൽ നിന്ന് വ്യക്തമാണ്.

1) ക്രിസ്ത്യാനികൾ യേശുവിനെയും മേരിയെയും ആരാധിച്ചിരുന്നു. ഇബാദത്ത് ചെയ്തിരുന്നു. ദൈവങ്ങളാക്കിവെച്ചിരുന്നു.

2) അവർ ഈസാ നബിയെ അനുസരിച്ചില്ല; അനുസരണക്കേടു കാണിക്കുകയാണു ചെയ്തത്.

3) ഇബാദത്തും അനുസരണവും ഒന്നല്ല. ഇബാദത്ത് കൂടാതെ അനുസരണം ഉണ്ടാകുന്നത് പോലെ അനുസരണം കൂടാതെ ഇബാദത്തും ഉണ്ടാകും.

ഒരു സംശയം

എന്നാൽ ചിലർക്ക് ഇവിടെ ഒരു സംശയം തോന്നിയേക്കാം. വാസ്തവത്തിൽ അവർ അനുസരിക്കുന്നില്ലെങ്കിലും അവരുടെ ധാരണയിൽ അനുസരിക്കുന്നുണ്ടല്ലോ. ഈസാനബി അദ്ദേഹത്തെ ആരാധിക്കാൻ പഠിപ്പിച്ചിട്ടുണ്ടെന്ന ധാരണ പ്രകാരമാണവർ ഈസാനബിയെ ആരാധിക്കുന്നത്. അപ്പോഴും അവരുടെ വിശ്വാസത്തിൽ അനുസരിക്കുന്നുണ്ട്. ആ അനുസരണം ഇബാദത്താണ്.

ഈ തെറ്റിദ്ധാരണയിലുള്ള അനുസരണം ഈസാനബിക്കുള്ള ഇബാദത്താണെന്നു നാം സങ്കല്പിക്കുന്നപക്ഷം മുശ്രിക്കുകൾ (ബഹുദൈവാരാധകർ) തങ്ങളുടെ ദൈവങ്ങൾക്ക് ചെയ്യുന്ന സർവ ആരാധനകളും അല്ലാഹുവിന്നുള്ള ഇബാദത്തായിരിക്കും. ശിർക്കിന്റെ (ബഹുദൈവാരാധനയുടെ) കണിക പോലും ഇല്ലെന്ന് സമ്മതിക്കേണ്ടതായും വരും. കാരണം, ബഹുദൈവാരാധകന്മാർ അല്ലാഹുവെ നിഷേധിക്കുന്നവരല്ല. അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ്. വേറെ ദൈവങ്ങളിലും വിശ്വസിക്കുന്നുവെന്നു മാത്രം. അല്ലാഹുവാണ് വലിയ ദൈവമെന്ന് അവർ സമ്മതിക്കുന്നു. മറ്റു ചെറുദൈവങ്ങളെ ആരാധിക്കുവാൻ അല്ലാഹു കല്പിച്ചിട്ടുണ്ട് എന്ന തെറ്റായ ധാരണയാണവർക്കുള്ളത്. ഈ കാര്യങ്ങളെ പരിശുദ്ധ ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

وَإِذَا فَعَلُوا فَاحِشَةً قَالُوا وَجَدْنَا عَلَيْهَا آبَاءَنَا وَاللَّهُ أَمَرَنَا بِهَا قُلْ إِنَّ اللَّهَ لَا يَأْمُرُ بِالْفَحْشَاءِ أَتَقُولُونَ عَلَى اللَّهِ مَا لَا تَعْلَمُونَ (الأعراف ٢٨)

"അവർ വല്ല നീചവൃത്തിയും ചെയ്താൽ, ഞങ്ങളുടെ പിതാക്കൾ അത് ചെയ്യുന്നതായിട്ടാണു ഞങ്ങൾ കണ്ടിട്ടുള്ളത്, അല്ലാഹു അത് ചെയ്യുവാൻ ഞങ്ങളോട് കല്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അവർ പറയും. പറയുക: നീചപ്രവൃത്തികൾ ചെയ്യുവാൻ അല്ലാഹു കല്പിക്കുകയില്ല. അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അറിയാത്ത കാര്യങ്ങൾ പറയുകയാണോ?" അപ്പോൾ വാസ്തവത്തിലുള്ള അനുസരണം വേണ്ട, വിശ്വാസത്തിലുള്ള അനുസരണം മതി എന്നുവെച്ചാൽ മുശ്രിക്കുകൾ അവരുടെ വിശ്വാസത്തിൽ, അല്ലാഹുവിനെ അനുസരിച്ചാണ് എല്ലാ തെറ്റുകളും ചെയ്യുന്നത് എന്ന കാരണത്താൽ അതെല്ലാം അല്ലാഹുവിനുള്ള ഇബാദത്താവുകയില്ല. അത്തീരുകയും അല്ലാഹു അല്ലാത്തവർക്ക് ചെയ്യുന്ന ഇബാദത്ത് അല്ലാ

ഹുവിന്നുള്ളതായിത്തീരുകയും ചെയ്യും. പിന്നെ ലോകത്ത് ശിർക്ക് എവിടെ?

ഈസാ നബിയെ അനുസരിക്കാതെ ആരാധിച്ചതുപോലെ മലക്കുകൾക്കും ബഹുദൈവാരാധകർ ഇബാദത്ത് ചെയ്തിട്ടുണ്ട്. അവർ മലക്കുകളെ അനുസരിച്ചിട്ടില്ലതാനും. ഇതുകൊണ്ടും ഇബാദത്തും അനുസരണവും രണ്ടാണെന്നു മനസ്സിലാക്കാം. പരലോകത്തുവെച്ച് മലക്കുകളെയും അവർക്ക് ഇബാദത്ത് ചെയ്തവരെയും കൂടി വിചാരണ ചെയ്യുന്ന സന്ദർഭത്തിൽ മലക്കുകളുടെ അനുമതി കൂടാതെയാണ് ബഹുദൈവാരാധകർ മലക്കുകൾക്ക് ഇബാദത്ത് ചെയ്തിരുന്നതെന്ന് മലക്കുകൾ അല്ലാഹുവിന്റെ മുമ്പിൽ വ്യക്തമാക്കുന്നതായി കാണും. അതിപ്രകാരമാണ്:

وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَٰئِكَةِ أَهَٰؤُلَاءِ إِيَّاكُمْ كَانُوا يَعْبُدُونَ قَالُوا سُبْحَانَكَ أَنتَ وَلِيُّنَا مِن دُونِهِم بَلْ كَانُوا يَعْبُدُونَ الْجِنَّ أَكْثَرُهُم بِهِم مُّؤْمِنُونَ (سبأ ٤٠ – ٤١)

"അല്ലാഹു അവരെയെല്ലാം പരലോകത്ത് ഒരുമിച്ചുകൂട്ടുന്ന ദിവസം. പിന്നെ അവൻ മലക്കുകളോട് ചോദിക്കും: ഇവർ നിങ്ങളെയാണോ ആരാധിച്ചിരുന്നത്? അവർ (മലക്കുകൾ) പറയും: നീ പരിശുദ്ധനാണ്. ഞങ്ങളുടെ രക്ഷാകർത്താവ് നീയാണ്; അവരല്ല. എന്നാൽ അവർ ജിന്നുകളെയാണ് ആരാധിച്ചിരുന്നത്. അവരിൽ അധികപേരും ജിന്നുകളിൽ വിശ്വസിക്കുകയും ചെയ്യുന്നു."

മലക്കുകളെയും ഈസാ നബിയെയും മർയം ബീവിയെയും ജനങ്ങൾ ഇബാദത്ത് ചെയ്തിരുന്നു. പക്ഷെ, അനുസരിക്കുകയല്ല, അനുസരണക്കേട് കാണിക്കുകയാണ് ചെയ്തിരുന്നത്. ഇബാദത്തും ഇത്വാഅത്തും ഒന്നല്ല, രണ്ടാണ് എന്നതിന് ഇനിയും തെളിവാവശ്യമുണ്ടോ?

❀❀

പിശാചിനെ അനുസരിക്കൽ

ഇത്വാഅത്ത് തന്നെയാണ് ഇബാദത്ത് എന്ന് വാദിക്കുന്നവർ സാധാരണ ഉന്നയിക്കാറുള്ള ചില സംശയങ്ങളുണ്ട്. തെളിവുകളെന്ന പേരിൽ ചില ഖുർആൻ വാക്യങ്ങൾ എടുത്തുകാണിക്കാറുമുണ്ട്. അവയെപ്പറ്റി വിശദീകരിക്കേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു. തെറ്റുധാരണകളുണ്ടെങ്കിൽ അവ അകറ്റേണ്ടതുണ്ടല്ലോ.

പിശാചിന് ഇബാദത്ത് ചെയ്യുന്നതിനെ സംബന്ധിച്ചു വന്നിട്ടുള്ള വചനങ്ങളാണ് ചിലത്. മനുഷ്യരിൽ ചിലർ പണ്ടുകാലം മുതൽക്കേ പിശാചുക്കളെ ആരാധിക്കാറുണ്ടെന്നത് ഒരു വസ്തുതയാണ്. ഇന്നും അത്തരം ആരാധനകൾ നടക്കാറുണ്ട്. അതിനെ സംബന്ധിച്ചു ഇബാദത്ത് എന്ന് പ്രയോഗിക്കുന്നതിൽ ആർക്കും അഭിപ്രായ ഭിന്നതയുമില്ല. അതുകൊണ്ട് ഇവിടെ വിശദീകരിക്കുവാൻ ഇവിടെ ഉദ്ദേശിച്ചിട്ടില്ല

എന്നാൽ പിശാചിനെ അനുസരിക്കുന്നതിനെപ്പറ്റി ഇബാദത്ത് എന്ന് പ്രയോഗിച്ചിട്ടുള്ളതാണ് സംശയത്തിന്റെ മർമം. അത്തരം പ്രയോഗമുള്ള ഒരു ആയത്താണ് സൂറ: മർയമിലെ 4-ാം വചനം. അതിപ്രകാരമാണ്:

يَا أَبَتِ لَا تَعْبُدِ الشَّيْطَانَ إِنَّ الشَّيْطَانَ كَانَ لِلرَّحْمَٰنِ عَصِيًّا (مريم)

"എന്റെ പിതാവേ, നിങ്ങൾ പിശാചിന് ഇബാദത്ത് ചെയ്യരുത്. നിശ്ചയമായും പിശാച് പരമകാരുണികന്റെ ശത്രുവാണ്."

ഇവിടെ ഇബ്റാഹീം നബി ശൈത്താന് ഇബാദത്ത് ചെയ്യരുതെന്ന്

പറഞ്ഞുകാണുന്നുണ്ടല്ലോ. ശൈത്താന് ഇബാദത്ത് ചെയ്യുക എന്നാൽ ശൈത്താനെ അനുസരിക്കുക എന്നല്ലേ ഇവിടെ ഉദ്ദേശ്യം? അപ്പോഴാ ഇബാദത്തിന് അനുസരണം എന്ന് അർത്ഥം കൊടുത്തുകൂടെ എന്നതാണ് സംശയം. സംശയനിവാരണത്തിന് സന്ദർഭവും അതിന്റെ വിവക്ഷയും അൽപം വിവരിക്കുക ആവശ്യമായിരിക്കുകയാണ്. തൊട്ടുമുന്നിലും പിന്നിലുമുള്ള വചനങ്ങളും കാണുക:

"ഇബ്റാഹീമി(അ)നെ ഗ്രന്ഥത്തിൽ നീ സ്മരിക്കൂ. അദ്ദേഹം സത്യസന്ധനും പ്രവാചകനുമായിരുന്നു. അദ്ദേഹം പിതാവിനോടു പറഞ്ഞ സന്ദർഭം! പ്രിയപിതാവേ! കേൾക്കുകയോ, കാണുകയോ നിങ്ങൾക്കെന്തെങ്കിലും ചെയ്യുകയോ ചെയ്യാൻ കഴിയാത്ത വസ്തുക്കളെ എന്തിനാണ് നിങ്ങൾ ഇബാദത്ത് ചെയ്യുന്നത്. പ്രിയപിതാവേ, നിങ്ങൾക്ക് ലഭിച്ചിട്ടില്ലാത്ത അറിവ് എനിക്ക് ലഭിച്ചിരിക്കുന്നു. അതിനാൽ എന്നെ പിന്തുടരൂ. ശരിയായ മാർഗത്തിലേക്ക് അങ്ങയെ ഞാൻ നയിക്കാം. പ്രിയപിതാവേ, അങ്ങ് പിശാചിന് ഇബാദത്ത് ചെയ്യരുത്. പിശാച് കരുണാനിധിയായ അല്ലാഹുവിനെ ധിക്കരിച്ചവനാകുന്നു. പ്രിയ പിതാവേ, പരമകാരുണികന്റെ ശിക്ഷ അങ്ങയെ ബാധിക്കുമെന്ന് നിശ്ചയമായും ഞാൻ ഭയപ്പെടുന്നു. എങ്കിൽ അങ്ങ് പിശാചിന്റെ ബന്ധുവാകുന്നതാണ്. അയാൾ പറഞ്ഞു: ഇബ്റാഹീം, നീ (നിന്റെ ഈ പ്രവർത്തനത്തിൽ നിന്ന്) വിരമിക്കാത്തപക്ഷം ഞാൻ നിന്നെ കല്ലെറിയും. കുറെ കാലത്തേക്ക് നീ എന്നെ വിട്ടുപോകണം. അദ്ദേഹം പറഞ്ഞു: അങ്ങക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ. അങ്ങക്ക് വേണ്ടി എന്റെ രക്ഷിതാവിനോട് ഞാൻ മാപ്പിന്നിരക്കും. അവൻ എന്നോട് ദയയുള്ളവനാണ്. നിങ്ങളെയും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവയെയും ഞാൻ വിട്ടുപോവുകയാണ്. എന്റെ നാഥനോട് ഞാൻ പ്രാർത്ഥിക്കുകയും ചെയ്യും. എന്റെ നാഥനോടുള്ള പ്രാർത്ഥനയിൽ ഞാൻ നിരാശനല്ല." (മർയം: 41 - 48)

ഈ ആയത്തുകളിൽ ഇബ്റാഹീം നബി പിതാവിനെ വിളിച്ചുകൊണ്ട്, കാണുകയോ കേൾക്കുകയോ എന്തെങ്കിലും ഉപകാരം ചെയ്യുകയോ ചെയ്യാത്ത വസ്തുക്കൾക്ക് എന്തിന്ന് ഇബാദത്ത് ചെയ്യുന്നു എന്ന് ചോദിക്കുകയാണ് ആദ്യമായി ചെയ്തത്. നിങ്ങളെയും നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്ന വസ്തുക്കളെയും ഞാൻ വിട്ടുമാറുകയാണെന്ന് അവസാനം പറയുന്നു. നീ, ഞങ്ങളുടെ ഇലാഹുകളിൽ തീരെ താല്പര്യം കാണിക്കാതിരിക്കുകയാണോ? അങ്ങനെയാണെങ്കിൽ നിന്നെ ഞാൻ കല്ലെറി

ഞ്ഞാട്ടിക്കളയുമെന്ന് പിതാവും പറയുന്നു. ഈ പ്രസ്താവനകൾക്കിടയിൽ പിന്നെ എന്തുകൊണ്ടാണ് "പിതാവേ, അങ്ങ് പിശാചിന് ഇബാദത്ത് ചെയ്യരുത്" എന്ന് പറയുന്നത്? അതിന്റെ ഉദ്ദേശ്യം എന്താണ് എന്ന കാര്യം ചിന്തിക്കേണ്ടതുണ്ട്. ശൈത്താൻ അവരുടെ ഇലാഹായിരുന്നുവോ? ശൈത്താന് അവർ ഇബാദത്ത് ചെയ്തിരുന്നുവോ?

ആലങ്കാരിക പ്രയോഗം

ഇവിടെ ശൈത്താനെ ഇബാദത്ത് ചെയ്യരുത് എന്ന പ്രസ്താവനയിലൂടെ ചില യാഥാർത്ഥ്യങ്ങൾ സജനതയെ ധരിപ്പിച്ചിരിക്കുകയാണ്. എക്കാലത്തുമുള്ള ബഹുദൈവാരാധകർക്ക് ഒരു തെറ്റായ ധാരണയുണ്ട്. തങ്ങൾ ചെയ്യുന്നതത്രയും നല്ല കാര്യമാണ്. അതാണ് അല്ലാഹു കൽപിച്ചിട്ടുള്ളത്. അതുകൊണ്ട് തങ്ങൾ ചെയ്യുന്ന കാര്യം അല്ലാഹു തൃപ്തിപ്പെടുന്നതാണ്. ഇന്ന് ഈസാ നബിയെയും മർയം ബീവിയെയും മറ്റും വിളിച്ച് പ്രാർത്ഥിക്കുന്നവരുടെയും ധാരണ ഇതുതന്നെ. ജാറത്തിങ്കലേക്ക് ആട്, പശു, കോഴി മുതലായ വസ്തുക്കളെ നേർച്ചയാക്കുന്നതും ആപത്ത് വരുമ്പോൾ ബദ്രീങ്ങളെ കാക്കണേ, മുഹ്യിദ്ദീൻ ശൈഖേ രക്ഷിക്കണേ എന്നെല്ലാം വിളിച്ചു പ്രാർത്ഥിക്കുന്നതും നല്ല കാര്യമാണ്, അങ്ങനെ ചെയ്യുവാനാണ് ദീനിൽ കൽപിച്ചിട്ടുള്ളത്, അത് വേണ്ടെന്ന് പറയുന്നവർ ദീനിനെ തകർക്കുന്നവരാണ് എന്നൊക്കെയാണ് ഇവർ ധരിച്ചുവെച്ചിരിക്കുന്നത്.

അവിശ്വാസികൾ ചെയ്യുന്ന തെറ്റിന്ന് ന്യായീകരണമായി അത് അല്ലാഹു അവരോട് കൽപിച്ചിട്ടുള്ളതാണ്, പൂർവികന്മാർ അങ്ങനെ ചെയ്തുപോരുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ട് എന്നൊക്കെ മറുപടി പറയുമെന്ന് അല്ലാഹു തന്നെ അവിശ്വാസികളെ സംബന്ധിച്ച് പരിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുണ്ട്.

إِنَّا جَعَلْنَا الشَّيَاطِينَ أَوْلِيَاءَ لِلَّذِينَ لَا يُؤْمِنُونَ ۝ وَإِذَا فَعَلُوا فَاحِشَةً قَالُوا وَجَدْنَا عَلَيْهَا آبَاءَنَا وَاللَّهُ أَمَرَنَا بِهَا ۗ قُلْ إِنَّ اللَّهَ لَا يَأْمُرُ بِالْفَحْشَاءِ ۖ أَتَقُولُونَ عَلَى اللَّهِ مَا لَا تَعْلَمُونَ

(الاعراف)

"വിശ്വസിക്കാത്തവർക്ക് പിശാചുക്കളെ നാം ബന്ധുക്കളാക്കിയിരിക്കുന്നു. ഏതെങ്കിലും നീചപ്രവൃത്തി ചെയ്താലവർ പറയുന്നു: ഞങ്ങളുടെ പിതാ

ക്കളെ അങ്ങനെയാണ് ഞങ്ങൾ കണ്ടത്. അല്ലാഹു ഞങ്ങളോട് കല്പിച്ചതതാണ്. പറയുക: അല്ലാഹു നീചവൃത്തികൾ ചെയ്യാൻ കൽപിക്കയില്ല, തീർച്ച. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ അറിഞ്ഞുകൂടാത്തത് പറയുന്നുവോ?" (അൽഅഅ്റാഫ്: 27, 28)

മേൽപറഞ്ഞ പ്രകാരം തന്നെ ഇബ്റാഹീം നബിയുടെ ജനതയിലുണ്ടായിരുന്ന എല്ലാ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും അവർ ന്യായീകരിച്ചിരുന്നതായും അതെല്ലാം പൂർവ പിതാക്കളിൽ നിന്ന് പരമ്പരാഗതമായി ലഭിച്ചിട്ടുള്ളതാണെന്ന് അവർ വാദിച്ചിരുന്നതായും കാണാം. എന്നാൽ അല്ലാഹു അല്ലാത്ത വസ്തുക്കൾക്ക് ഇബാദത്ത് ചെയ്യുക തുടങ്ങിയ യാതൊരു കാര്യവും അല്ലാഹു കല്പിക്കുകയോ അതിന് പ്രേരണ നൽകുകയോ ചെയ്യുകയില്ല. അതിന് പ്രേരണയും പ്രചോദനവും നൽകുന്നത് പിശാചാണ്. അവന്റെ പ്രേരണയിൽ നിങ്ങൾ പെട്ടുപോയതാണ് എന്ന് പിതാവിനെയും നാട്ടുകാരെയും മനസ്സിലാക്കുവാനാണ് ഇങ്ങനെ പറഞ്ഞത്. ഇവിടെ ഇബാദത്ത് പിശാചിന്നല്ല, മലക്കുകൾ മുതലായ വസ്തുക്കൾക്ക് തന്നെയാണ്. പക്ഷെ, പിശാച് അതിന്നു പ്രേരിപ്പിച്ചു. അതുകൊണ്ട് ഇബാദത്തിന്നുള്ള പ്രേരണക്ക് വഴങ്ങി എന്ന അർത്ഥത്തിൽ ഇബാദത്ത് എന്ന പദം ആലങ്കാരികമായി പ്രയോഗിച്ചതാണ്. ഖുർആൻ വ്യാഖ്യാതാക്കളിൽ പലരും, പ്രത്യേകിച്ച് ഭാഷാപരമായി കൂടുതൽ പാണ്ഡിത്യമുള്ള ഇമാം സമഖ്ശരിയെപ്പോലെയുള്ളവർ വ്യാഖ്യാനം കൊടുത്തത് അല്ലാഹു അല്ലാത്ത വസ്തുക്കൾക്ക് ഇബാദത്ത് ചെയ്യുന്ന വിഷയത്തിൽ നീ പിശാചിന്റെ കെണിയിൽ പെട്ടുപോകരുത് എന്നാണ്. കശ്ശാഫിന്റെ വാചകം കാണുക:

هو الذى ورطك فى هذه الضلالة وأمرك بها وزينها لك (كشاف ج ٣صفحة ١٩)

"പിശാചാണ് നിന്നെ (മലക്കുകൾക്കും സൂര്യചന്ദ്രാദി നക്ഷത്രങ്ങൾക്കും ഇബാദത്ത് ചെയ്യുക എന്ന) വഴികേടിൽ ചാടിച്ചത്. അവനാണ് നിന്നോട് അതിന് കല്പിച്ചത്. അവനാണ് അത് നിനക്ക് ഭംഗിയുള്ളതാക്കി കാണിച്ചതും."

പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ഇമാം റാസി പറയുന്നത് ശ്രദ്ധിക്കുക:

وأعلم ان قوله ههنا لم تعبد محمول على نفس العبادة وأما قوله فى المقام الثالث

لا تعبد الشيطان لا يقال ذلك والـمراد الطاعة لأنهم ما كانوا يعبدون الشيطان فوجب حمله عى الطاعة (الرازى ج ٥ صفحة ٨٠٤)

"കേൾക്കുകയോ കാണുകയോ ചെയ്യാത്ത വസ്തുവിനെ അങ്ങുന്ന് എന്തിനാണ് ഇബാദത്ത് ചെയ്യുന്നത് എന്ന് ഇബ്റാഹീം നബി പിതാവിനോട് ചോദിച്ച സ്ഥലത്തുള്ള ഇബാദത്ത് അതിന്റെ നേർക്കുനേരെയുള്ള അർത്ഥത്തിലാണ്. എന്നാൽ പിശാചിന്ന് അങ്ങുന്ന് ഇബാദത്ത് ചെയ്യരുത് എന്ന സ്ഥലത്തുള്ള ഇബാദത്ത് നേർക്കുനേരെയുള്ള അർത്ഥത്തിലാണെന്ന് പറയുവാൻ പറ്റുകയില്ല. അവിടെ ഉദ്ദേശ്യം അനുസരണം എന്നാണ്. കാരണം അവർ പിശാചിന്ന് ഇബാദത്ത് ചെയ്തിരുന്നില്ല. അതുകൊണ്ട് അനുസരണം എന്ന അർത്ഥത്തിൽ ആണെന്ന് വെക്കൽ നിർബന്ധമായിത്തീർന്നു."

ഇബാദത്ത് എന്നാൽ അനുസരണം അല്ലെന്ന വസ്തുത ഇമാം റാസി ഇവിടെ സംശയത്തിന്നിടമില്ലാത്തവിധം വ്യക്തമാക്കിയിരിക്കുകയാണ്. ഇബ്റാഹീം നബിയുടെ ജനത പിശാചിന് ഇബാദത്ത് ചെയ്തിരുന്നില്ലെന്നും അനുസരിക്കുക മാത്രമെ ചെയ്തിട്ടുള്ളുവെന്നും ഇവിടെ ഇബാദത്ത് എന്ന പ്രയോഗം സാക്ഷാൽ അർത്ഥത്തിലല്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഇതു തന്നെയാണ് നമുക്കും ഇവിടെ പറയാനുള്ളത്. ഇബാദത്തിന്റെ സാക്ഷാൽ അർത്ഥം അനുസരണമല്ല. ആലങ്കാരിക പ്രയോഗങ്ങൾ സാക്ഷാൽ അർത്ഥമായി തെറ്റിദ്ധരിക്കരുത്.

മറ്റൊരു സംശയം

സൂറത്തു അൻആമിലെ 121-ാം വചനമാണ്, അനുസരണം ഇബാദത്താണെന്നതിന് പൊക്കിക്കാണിക്കാറുള്ള മറ്റൊരു ആയത്ത്. ആ പരിശുദ്ധ വചനത്തിന്റെ അർത്ഥമിതാണ്: "അല്ലാഹുവിന്റെ നാമം ഉച്ചരിച്ചിട്ടില്ലാത്തതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കരുത്. നിശ്ചയമായും അത് അധർമം തന്നെയാണ്. നിങ്ങളോടു തർക്കിക്കുവാൻ വേണ്ടി പിശാചുക്കൾ അവരുടെ മിത്രങ്ങൾക്ക് സന്ദേശം നല്കുന്നുണ്ട്. നിങ്ങൾ അവരെ അനുസരിക്കുന്നപക്ഷം നിങ്ങളും മുശ്രിക്കുകൾ തന്നെ." പിശാചുക്കളെ അനുസരിക്കുന്നപക്ഷം മുശ്രിക്കാകുമെങ്കിൽ ആ അനുസരണം ഇബാദത്താണെന്നല്ലേ മനസ്സിലാക്കേണ്ടത്? ഇതാണ് ചോദ്യം.

ആദ്യമായി ഈ പരിശുദ്ധ വചനത്തിന്റെ ശരിക്കുള്ള വിവക്ഷ

വിവരിക്കുന്നത് വളരെ ആവശ്യമാണ്. പലവിധ തെറ്റിദ്ധാരണകൾ നീങ്ങുവാൻ അതു സഹായകമായിരിക്കും. കാരണം, മൃഗങ്ങളെ അറുത്ത് ആഹാരപദാർത്ഥമായി മാറ്റുന്നതിൽ, നാം സ്വീകരിക്കേണ്ട ആചാരമുറകൾ വിവരിക്കുക മാത്രമാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നാണ് ചില മഹാന്മാർ പോലും ധരിച്ചുവെച്ചിട്ടുള്ളത്.

ഇസ്‌ലാമിന്റെ നാരായവേരിന്നു കത്തിവെക്കുന്ന ബഹുദൈവാരാധനയെയോ അടിസ്ഥാന സിദ്ധാന്തമായ ഏകദൈവ വിശ്വാസത്തെയോ ഇവിടെ പരാമർശിക്കപ്പെടുന്നില്ലെന്നാണ് അവരുടെ ധാരണ. അതുകൊണ്ട് ശരിക്കും ആശയം ഗ്രഹിക്കുന്നതിൽ തന്നെ അവർക്കു അമളി പിണഞ്ഞു. വാസ്തവം മറിച്ചാണ്. ബഹുദൈവാരാധനയെ സംബന്ധിക്കുന്ന കാര്യമാണ് ഉപരിസൂചിതമായ ആയത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. ഏകദൈവ സിദ്ധാന്തങ്ങളും ബഹുദൈവ വിശ്വാസങ്ങളും വിവരിക്കുകയാണ് പ്രധാന ഉദ്ദേശ്യവും. കൂട്ടത്തിൽ രണ്ടു വിഭാഗത്തിന്റെ മൃഗബലിയും ഭക്ഷ്യ സാധനങ്ങളുടെ വ്യവസ്ഥയും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നുണ്ട്. സൂറത്തുൽ അൻആമിലെ 121-ാം ആയത്താണ് പ്രതിപാദ്യ വചനം എന്നതും ശ്രദ്ധേയമാണ്. പ്രസ്തുത സൂറത്ത് തന്നെ അങ്ങുന്നിങ്ങോളം ശിർക്കിന്നെതിരെയുള്ള അതിശക്തമായ പോരാട്ടമാണ്. സൂറയിലെ ഉള്ളടക്കം ഒന്ന് കണ്ണോടിക്കുന്ന ആർക്കും അത് ഗ്രഹിക്കുവാൻ പ്രയാസമില്ല. പക്ഷെ, കാലം കുറെ പിന്നിട്ടപ്പോൾ ഇസ്‌ലാമിന്റെ മൗലികമായ ഏകദൈവ സിദ്ധാന്തത്തെ അറിഞ്ഞോ അറിയാതെയോ അവഗണിക്കുകയും ഒടുവിൽ അത് ശാഖാപരമായി മാറുകയും ചെയ്തുവെന്നത് ഖേദകരമായ വസ്തുതയാണ്. അതുകൊണ്ടു പിണഞ്ഞ അബദ്ധങ്ങളാണിതെല്ലാം.

സൂറത്തുൽ അൻആമിൽ ബഹുദൈവാരാധകരുടെ വിശ്വാസങ്ങളെയും തങ്ങളുടെ ദൈവങ്ങൾക്ക് അർപ്പിച്ചിരുന്ന അനാചാരങ്ങളെയും കുറിച്ച് ധാരാളം പ്രസ്താവിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ അവർ തങ്ങളുടെ ദൈവങ്ങൾക്ക് മൃഗങ്ങളെ ബലിയർപ്പിക്കുകയും ദൈവങ്ങളുടെ പ്രീതി നേടി കാര്യങ്ങൾ സാധിച്ചുകിട്ടുകയും ചെയ്യുവാനായി പല നേർച്ചകളും ബലികർമങ്ങളും ചെയ്തിരുന്നതായി എടുത്തുകാട്ടുന്നുണ്ട്. അതെല്ലാം നിഷിദ്ധമാണെന്നും ഏകദൈവ വിശ്വാസികൾ അല്ലാഹുവിന്ന് മാത്രമേ നേർച്ചയാക്കാനും മൃഗബലി നടത്തുവാനും പാടുള്ളുവെന്നും പ്രസ്താവിച്ചു. അപ്പോൾ ബഹുദൈവാരാധകരും മുസ്‌ലിംകളും കൂടിക്കലർന്നു ജീവിക്കുന്ന പ്രദേശമായ മക്കയിൽ അല്ലാഹു അല്ലാത്തവർക്ക് ബലിയർപ്പിച്ചിട്ടുള്ള മൃഗങ്ങളുടെ മാംസം ഭക്ഷിക്കുന്ന പ്രശ്നം ഉത്ഭവിക്കുക സ്വാഭാവികമാണ്. അപ്പോൾ ബഹുദൈവാരാധകർ തങ്ങളുടെ ദൈവങ്ങൾക്ക് ബലിയർപ്പിക്കുന്ന മൃഗങ്ങളുടെ മാംസം ഭക്ഷിക്കൽ തെറ്റാകുന്നു; അത് ശിർക്കിന് തുല്യം തന്നെയാണ് എന്ന് മുസ്‌ലിംകളെ ഗ്രഹിപ്പിക്കുകയാണിവിടെ ചെയ്യുന്നത്. ഈ കാര്യമാണ് ചില പണ്ഡിതന്മാരുടെ തന്നെ ശ്രദ്ധയിൽ നിന്ന് വിട്ടുപോയിട്ടുള്ളത്. അതുകൊണ്ടാണ് വെറും ഭക്ഷ്യമൃഗങ്ങളെ അറുത്തുതിന്നുമ്പോൾ നാം സ്വീകരിക്കേണ്ട ആചാരമുറകൾക്ക് മാത്രമായി ഈ ആയത്ത് കാണുകയും വിശ്വാസവുമായി ബന്ധപ്പെടുത്താതെ പോവുകയും ചെയ്തിട്ടുള്ളത്.

മുന്നിനം വഴിപാടുകൾ

പല അന്ധവിശ്വാസങ്ങളെയും വിവരിച്ച കൂട്ടത്തിൽ മൃഗങ്ങളെയും ഭക്ഷണ സാധനങ്ങളെയും സംബന്ധിക്കുന്ന മൂന്നു വിധത്തിലുള്ള അന്ധവിശ്വാസങ്ങൾ സൂറ: അൻആമിൽ പ്രതിപാദിച്ചുകാണാം.

ഒന്ന്: അറബി മുശ്‌രിക്കുകൾ കാലികൾ, ഭക്ഷ്യസാധനങ്ങൾ എന്നിവയിൽ നിന്ന് ഏതാനും ചിലത് വേർതിരിച്ച് നിർത്തുകയും ഭൗതികമായ യാതൊരാവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താതെ വളർത്തിയുണ്ടാക്കുകയും ചെയ്യുന്നു. കൃഷി ആവശ്യങ്ങൾക്കോ മറ്റോ അവയെ ഉപയോഗപ്പെടുത്തുക പോലും ചെയ്തിരുന്നില്ല. അവരുടെ ദൈവങ്ങൾക്ക് പ്രീതിയുള്ള ആരാധനാപരമായ കാര്യങ്ങൾക്ക് മാത്രമേ അവയെ ഉപയോഗപ്പെടുത്തിയിരുന്നുള്ളൂ. പൂജാ സംബന്ധമായ കാര്യങ്ങളിൽ ഏർപ്പെടുന്നവർക്ക് അവയെ ഭക്ഷണമായി കൊടുക്കുകയും ചെയ്യുന്നു. ഈ അന്ധവിശ്വാസത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് അല്ലാഹു പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്:

وَقَالُوا هَٰذِهِ أَنْعَامٌ وَحَرْثٌ حِجْرٌ لَا يَطْعَمُهَا إِلَّا مَنْ نَشَاءُ بِزَعْمِهِمْ (انعام ١٣٨)

"അവർ പറഞ്ഞു: ഈ കന്നുകാലികളും വിളവുകളും (പൊതുവെ ഉപയോഗിക്കൽ) നിഷിദ്ധമാണ്. നമ്മൾ ഉദ്ദേശിക്കുന്നവരല്ലാതെ അത് ഭക്ഷിക്കുവാൻ പാടില്ല. അവരുടെ (അന്ധവിശ്വാസമനുസരിച്ചുണ്ടാക്കിയ) ജൽപനം."

രണ്ട്: ദൈവങ്ങൾക്ക് വഴിപാട് ചെയ്തുകൊണ്ട് ബലിമൃഗങ്ങളെ

ബഹുമാനിക്കാനെന്നോണം വാഹനമായി ഉപയോഗിക്കാൻ പാടില്ലെന്ന് തീരുമാനിക്കുകയും അവയെ യഥേഷ്ടം ജീവിക്കാൻ വിടുകയും ചെയ്തിരുന്ന ഒരു വിഭാഗം കന്നുകാലികളുണ്ടായിരുന്നു. അവയുടെ മറ്റു ഉപയോഗങ്ങളും അവർ സ്വീകരിക്കുകയും ചെയ്തിരുന്നു. അവയെ സംബന്ധിച്ചാണ് ഇങ്ങനെ പ്രസ്താവിച്ചിട്ടുള്ളത്:

وَأَنْعَامٌ حُرِّمَتْ ظُهُورُهَا (أنعام)

"സവാരിക്കും ചുമടു കയറ്റുവാനും" മുതുകുകളും നിരോധിക്കപ്പെട്ട ചില കാലികളുമുണ്ട്. ഈ രണ്ടാം വിഭാഗത്തെപ്പറ്റിയാണ് സൂറത്തുൽ മാഇദയിൽ ഇങ്ങനെ വിവരിച്ചിട്ടുള്ളത്:

مَا جَعَلَ اللَّهُ مِنْ بَحِيرَةٍ وَلَا سَائِبَةٍ وَلَا وَصِيلَةٍ وَلَا حَامٍ وَلَٰكِنَّ الَّذِينَ كَفَرُوا يَفْتَرُونَ عَلَى اللَّهِ الْكَذِبَ وَأَكْثَرُهُمْ لَا يَعْقِلُونَ (مائدة ١٠٣)

"ഒരു ബഹീറയേയോ, സാഇബയേയോ വസീലയേയോ ഹാമിനേയോ അല്ലാഹു നിശ്ചയിച്ചിട്ടില്ല. എന്നാൽ അവിശ്വാസികളാണ് അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിപ്പറയുന്നു. അവരിൽ അധികപേരും ബുദ്ധി ഉപയോഗിക്കുന്നില്ല." അന്ധവിശ്വാസികളായ അറബികളാണ് അവരുടെ ദൈവങ്ങൾക്ക് വഴിപാടായി വിടുകയും സവാരി ചെയ്യുവാനോ ചുമട് വഹിക്കുവാനോ ഉപയോഗിക്കുന്നത് തെറ്റാണെന്ന് വിശ്വസിക്കുകയും ചെയ്തിരുന്ന ചില കാലികളാണ് ഈ ആയത്തിൽ പറഞ്ഞിട്ടുള്ളത് എന്നാണ് പ്രധാന ഖുർആൻ വ്യാഖ്യാതാക്കളുടെ പക്ഷം.

ചില നേർച്ചക്കാളകളും അമ്പലക്കൂറ്റന്മാരും നമ്മുടെ നാടുകളിലും കാണാറുണ്ട്. ഉള്ളാളത്തേക്ക് നേർച്ചയാക്കിയതോ ഗുരുവായൂരിലേക്ക് വഴിപാട് ചെയ്തതോ ആണവ. അവയെ വെറുതെ വിടുക; കൃഷിക്കോ സവാരിക്കോ ഉപയോഗിക്കുവാനോ മറ്റു തരത്തിൽ ഉപദ്രവിക്കുവാനോ പാടില്ലെന്നു കേരളത്തിലെ അന്ധവിശ്വാസികളും കരുതുന്നു. ഈ സമ്പ്രദായം ഇമാം സ്വാവിയുടെ നാട്ടിലും ആ കാലത്ത് നടപ്പുണ്ടായിരുന്നതായി സ്വാവിയിൽ (1: 249) പറയുന്നത് കാണുക:

ومثل ذلك ما يفعله بعض سفهاء العوام من كونهم يرسلون عجلا أوشاة على اسم ولى من الاولياء تاكل من أموال الناس ولا يتعرض لها أحد فاذا نصحهم

إنسان وقال لهم أن ذلك حرام اساؤا به الظن وقالوا إنه لا يحب الاولياء فاذا اعتقدوا أن ذلك قربة وطاعة فقد كفروا وإلا فهو من جملة المحرمات (صاوى ١ - ٢٤٩)

"ബഹീറ, സാഇബാ, വസീലാ, ഹാം എന്നിങ്ങനെ മുശ്രിക്കുകളായ അന്ധവിശ്വാസികളുടെ വഴിപാടുകൾ പോലെ തന്നെയാണ് വിവരമില്ലാത്ത ചില സാധാരണക്കാർ ഏതെങ്കിലും ഒരു വലിയ്യിന്റെ പേരിൽ കൂറ്റൻ മൂരിയെയോ ആടിനെയോ വഴിപാടായി വിടുന്നതും. ആ മൃഗം ആളുകളുടെ മുതൽ തിന്നുനശിപ്പിക്കുന്നു. ആരും അതിനെ ഉപദ്രവിക്കുന്നില്ല. ഇത് തെറ്റാണെന്ന് ആരെങ്കിലും ഉപദേശിച്ചാൽ അയാളെ തെറ്റിദ്ധരിക്കുകയും അയാൾ ഔലിയാക്കളെ സ്നേഹിക്കുന്നവനല്ലെന്ന് ആക്ഷേപിക്കുകയും ചെയ്യുന്നു. ഇതൊരു പുണ്യകരമായ സദ്കർമമാണെന്ന് വിശ്വസിക്കുകയാണെങ്കിൽ അവർ അവിശ്വാസികളായിത്തീർന്നു. വിശ്വാസമില്ലെങ്കിൽ തന്നെ ഇത് തെറ്റായ പ്രവൃത്തികളുടെ കൂട്ടത്തിൽ പെടുന്നതാണ്."

മൂന്ന്: അല്ലാഹു അല്ലാത്തവർക്ക് നേർച്ചയാക്കുകയും അവയെ അറുക്കുമ്പോൾ ദൈവങ്ങളുടെ പേർ പറയുകയും അല്ലാഹുവിന്റെ പേർ പറയാതിരിക്കുകയും ചെയ്യുന്ന വിഭാഗമാണ് മൂന്നാമത്തേത്. ഈ വിഭാഗത്തെ സംബന്ധിച്ചാണ് താഴെ പറയുന്ന പരിശുദ്ധ വചനം:

وَأَنْعَامٌ لَا يَذْكُرُونَ اسْمَ اللَّهِ عَلَيْهَا افْتِرَاءً عَلَيْهِ سَيَجْزِيهِمْ بِمَا كَانُوا يَفْتَرُونَ (الانعام)

"കാലികളിൽ ചിലതിന്റെ മേൽ അല്ലാഹുവിന്റെ പേർ പറയുകയില്ല. (മറ്റു ദൈവങ്ങളുടെ പേരിൽ അറുക്കുന്നു.) ഇത് അല്ലാഹുവിന്റെ മതത്തിൽ പെട്ട നിയമമാണെന്ന് അവർ അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമക്കുന്നു. അവർ കെട്ടിച്ചമച്ചുണ്ടാക്കിയതിന് അല്ലാഹു അവർക്ക് പ്രതിഫലം കൊടുക്കുന്നതാണ്." ഈ മൂന്നാം വിഭാഗത്തെ സംബന്ധിച്ചാണ് വിരോധിക്കപ്പെട്ട ഭക്ഷണങ്ങളെ എണ്ണിപ്പറയുന്ന കൂട്ടത്തിൽ 'അല്ലാഹു അല്ലാത്തവരുടെ പേർ ഉച്ചരിക്കപ്പെട്ടതും' എന്ന് പറഞ്ഞിട്ടുള്ളത്. (അൽ ബഖറ: 173, മാഇദ: 3, അൻആം: 145, നഹ്ൽ: 115).

ഇമാം നവവി പറയുന്നു

അല്ലാഹു അല്ലാത്തവർക്ക് നേർച്ചയാക്കിയ കാലികളെ അറുത്താൽ

അറുക്കുമ്പോൾ അല്ലാഹുവിന്റെ പേർ പറഞ്ഞിരുന്നാൽ പോലും, ഭക്ഷിക്കൽ തെറ്റും ശിർക്കുമാണെന്നതിൽ പണ്ഡിതലോകത്ത് തർക്കമില്ല.

لعن الله من ذبح لغير الله (مسلم)

"അല്ലാഹു അല്ലാത്തവർക്ക് വേണ്ടി അറുത്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു" എന്ന് നബി(സ) പറഞ്ഞിരിക്കുന്നു. പ്രസ്തുത നബിവചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് സുപ്രസിദ്ധ പണ്ഡിതനായ ഇമാം നവവി(റ) സഹീഹ് മുസ്‌ലിമിന്റെ വ്യാഖ്യാന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നത് പഠനാർഹമായതുകൊണ്ട് ഇവിടെ ഉദ്ധരിക്കുന്നത് നല്ലതാണ്. അദ്ദേഹം പറയുന്നു:

وأما الذبح لغيرالله تعالى فالمراد به أن يذبح باسم غير الله كمن ذبح للصنم أو لموسى او لعيسى صلعم أو للكعبة ونحو ذلك فكل هذا حرام ولا يحل هذه الذبيحة سواء كان الذابح مسلما أو نصرانيا آو يهوديا نص عليه الشافعى واتفق عليه الاصحاب فان قصد مع ذلك تعظيم المذبوح له غير الله تعالى والعبادة له كان ذلك كفرا فان كان الذابح مسلما قبل ذلك صار بالذبح مرتدا (شرح مسلم ١٠٦ -٢)

"അല്ലാഹു അല്ലാത്തവർക്ക് ബലി അർപ്പിക്കുക എന്നതിന്റെ വിവക്ഷ വിഗ്രഹത്തിനോ മൂസാ(അ) നബിക്കോ ഈസാ(അ) നബിക്കോ കഅ്ബക്കോ മറ്റോ വേണ്ടി മൃഗബലി നടത്തുന്നത് പോലെ അല്ലാഹു അല്ലാത്തവരുടെ പേരിൽ അറവ് നടത്തുക എന്നതാണ്. ഇതെല്ലാം തെറ്റാകുന്നു. ഇത് ഭക്ഷിക്കുവാൻ പാടില്ല. മുസ്‌ലിമോ ക്രിസ്ത്യാനിയോ ജൂതനോ ആരുത്താലും ശരി. ഇക്കാര്യം ഇമാം ശാഫിഈ(റ) വ്യക്തമാക്കിയിരിക്കുന്നു. സഖാക്കൾ എല്ലാവരും യോജിച്ചഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. ആർക്കു വേണ്ടിയാണോ അറുക്കുന്നത്, അവരെ ബഹുമാനിക്കലും ആരാധിക്കലും ഉദ്ദേശമുണ്ടെങ്കിൽ അത് അല്ലാഹുവിലുള്ള അവിശ്വാസമായിത്തീരുന്നതാണ്. അറുക്കുന്നവൻ മുമ്പ് മുസ്‌ലിമായിരുന്നുവെങ്കിൽ ഈ അറവ് കൊണ്ട് അവൻ ഇസ്‌ലാമിൽ നിന്നും പുറത്തുപോയിട്ടുണ്ട്." (2: 160 ശറഹ് മുസ്‌ലിം - ഇമാം നവവി)

അനുസരിച്ചതല്ല ശിർക്ക്

ബഹുദൈവാരാധകരുടെ നേർച്ചമൃഗങ്ങളിൽ ഈ വിഭാഗം ഭക്ഷിക്കുന്നതിനെപ്പറ്റിയുള്ളതാണ് നമ്മുടെ മുന്നിലുള്ള ദുർവ്യാഖ്യാനം ചെയ്യപ്പെട്ട പരിശുദ്ധ വചനം. ഇനി നമുക്ക് പരിശുദ്ധ വചനത്തിന്റെ വ്യാഖ്യാനത്തിലേക്ക് കടക്കാം. പൂർണരൂപം താഴെ കൊടുക്കുന്നു:

وَلَا تَأْكُلُوا مِمَّا لَمْ يُذْكَرِ اسْمُ اللَّهِ عَلَيْهِ وَإِنَّهُ لَفِسْقٌ وَإِنَّ الشَّيَاطِينَ لَيُوحُونَ إِلَىٰ أَوْلِيَائِهِمْ لِيُجَادِلُوكُمْ وَإِنْ أَطَعْتُمُوهُمْ إِنَّكُمْ لَمُشْرِكُونَ (الانعام ١٢١)

"അല്ലാഹുവിന്റെ നാമം ഉച്ചരിച്ചിട്ടില്ലാത്തതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കരുത്. നിശ്ചയമായും അത് അധർമം തന്നെയാണ്. നിങ്ങളോട് തർക്കിക്കുവാൻ വേണ്ടി പിശാചുക്കൾ അവരുടെ മിത്രങ്ങൾക്ക് സന്ദേശം നൽകുന്നുണ്ട്. നിങ്ങൾ അവരെ അനുസരിക്കുന്നപക്ഷം നിങ്ങളും മുശ്‌രിക്കുകൾ തന്നെ."

മൂന്നുതരം കാലികളെ ബഹുദൈവാരാധകർ ദൈവങ്ങൾക്ക് വഴിപാടായി വിട്ടിരുന്നുവെന്ന് നാം കണ്ടുകഴിഞ്ഞു. അതിൽ മൂന്നാം ഇനം അല്ലാഹുവിന്റെ പേർ ഉച്ചരിക്കാതെ മറ്റു ദൈവങ്ങളുടെ പേർ ഉച്ചരിച്ചു ബലിമൃഗങ്ങളാണെന്നും നാം കണ്ടു. ഇത് അല്ലാഹു അല്ലാത്ത ദൈവങ്ങളുടെ പ്രീതിക്കുവേണ്ടി ആരാധകർ ചെയ്യുന്ന ഒരു പുണ്യകർമമായതുകൊണ്ട് അത് ശിർക്ക് (ബഹുദൈവാരാധന) ആണെന്ന് പ്രത്യേകം പറയേണ്ടതില്ല. ഇത് തെറ്റാണെന്ന് പറയുമ്പോൾ അല്ലെന്ന് വരുത്തുവാൻ പല ഞൊണ്ടി ന്യായങ്ങളും അന്ധവിശ്വാസികൾ പറഞ്ഞുനടക്കുന്നത് എന്നും, എവിടെയും കാണാം. അവരിൽ സമർത്ഥന്മാർ സാധാരണക്കാർക്ക് അത് പകർന്നുകൊടുക്കുകയും ചെയ്യുന്നു. സാധുക്കൾ ചിലപ്പോൾ അവരുടെ വലയിൽ പെട്ടുപോകുന്നു. അല്ലാഹു അല്ലാത്തവർക്ക് നേർച്ചയും വഴിപാടും ചെയ്യുന്നത് ന്യായീകരിക്കാൻ വേണ്ടി ദുഷിച്ച പണ്ഡിതന്മാർ അനുയായികൾക്ക് പറഞ്ഞുകൊടുക്കുന്നതും അതുമായി അവർ നാടുനീളെ ഓടിനടക്കുന്നതും സർവസാധാരണമാണല്ലോ. നബിയുടെ കാലത്തെ മുശ്‌രിക്കുകളുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. ഇതിനെ സംബന്ധിച്ചാണ് "നിങ്ങളോട് തർക്കിക്കുവാനായി പിശാചുക്കൾ അവരുടെ മിത്രങ്ങൾക്ക് സന്ദേശം നല്കുന്നു" എന്ന് അല്ലാഹു പറഞ്ഞിട്ടുള്ളത്. ബഹുദൈവാരാധനാപരമായ കാര്യങ്ങളിൽ പിശാചുക്കളുടെ

ഉപദേശം സ്വീകരിച്ച് ശിർക്ക് ചെയ്താൽ 'മുശ്രിക്ക്' ആകും എന്നതാണ് "നിങ്ങളും അവരെ അനുസരിച്ചാൽ നിങ്ങളും മുശ്രിക്കുകളും തന്നെയാണ്" എന്ന പരിശുദ്ധ വചനത്തിന്റെ ഉദ്ദേശ്യം. അതായത് നിങ്ങളും മുശ്രിക്കുകളായ പൈശാചിക മനുഷ്യരെയോ അല്ലെങ്കിൽ പിശാചിന്റെ തന്നെയോ കെണിയിൽ പെട്ട് അല്ലാഹു അല്ലാത്ത ദൈവങ്ങൾക്ക് വേണ്ടി വഴിപാടു ചെയ്ത ബലിമൃഗങ്ങളെ ഭക്ഷിക്കുകയാണെങ്കിൽ നിങ്ങളും മുശ്രിക്കുകളും തന്നെ. മുശ്രിക്കുകളുടെ ബലിമൃഗങ്ങളെ ഭക്ഷിച്ച് ശിർക്ക് ചെയ്തു എന്നതാണ് മുശ്രിക്കാവാൻ കാരണം.

പിശാച് പ്രേരിപ്പിക്കുന്ന കാര്യങ്ങൾ രണ്ടു തരമുണ്ട് എന്നത് മറന്നു പോകരുത്. ശിർക്കുപരമായ തെറ്റുകളും അല്ലാത്ത തെറ്റുകളും. പിശാചിനെ അനുസരിച്ച് ശിർക്ക് ചെയ്താലേ മുശ്രിക്കാകുകയുള്ളൂ. അപ്പോഴേ അല്ലാഹു അല്ലാത്തവർക്ക് ഇബാദത്ത് ചെയ്തു എന്ന് പറയുവാൻ പറ്റുകയുള്ളൂ. ശിർക്കല്ലാത്ത കുറ്റങ്ങൾ ചെയ്യുന്നത് തെറ്റാണെന്നല്ലാതെ, ശിർക്കാവുകയില്ല. അത് ഇസ്‌ലാമിന്റെ സിദ്ധാന്തമാണ്. അതു തന്നെയാണ് ഇവിടെയും. അല്ലാതെ പിശാചിനെ അനുസരിച്ചതുകൊണ്ട് മാത്രമല്ല മുശ്രിക്കായത്. ശിർക്ക് ചെയ്തതുകൊണ്ട് തന്നെയാണ്. പിശാചിനെ അനുസരിച്ച്, ശിർക്കിൽ പെടാത്ത വല്ല തെറ്റും ആരെങ്കിലും ചെയ്തുപോയാൽ പിശാചിനെ അനുസരിച്ചതുകൊണ്ട് അവർ മുശ്രിക്കായി എന്നോ അതുകൊണ്ട് അവൻ പിശാചിനെ ഇബാദത്ത് ചെയ്തുവെന്നോ പണ്ഡിതന്മാരാരും പറഞ്ഞുകാണുന്നില്ല; പറയുകയുമില്ല.

"പിശാചുക്കളെ അനുസരിച്ചാൽ നിങ്ങളും മുശ്രിക്കാകും." എന്ന പരിശുദ്ധ വചനത്തിന്റെ വ്യാഖ്യാനത്തിന്റെ ശരിയായ വിവക്ഷ ഇത്രയും എഴുതിയതിൽനിന്ന് വായനക്കാർക്ക് വ്യക്തമായിരിക്കുമെന്ന് കരുതുന്നു.

മത നിയമ നിർമാണാധികാരത്തിൽ

എന്നാൽ മറ്റൊരഭിപ്രായം ചില വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. 'അല്ലാഹുവിന്റെ പേർ പറഞ്ഞിട്ടില്ലാത്തതിൽ നിന്ന് ഭക്ഷിക്കരുത്' എന്നതിന്റെ വിവക്ഷ ശവമാണെന്നാണവരുടെ പക്ഷം. ഇബ്നു ജരീറുത്വബ്‌രി(റ) പറയുന്നു:

او قال اخرون هى الـميتة – الطبرى ١٩ – ٨)

"മറ്റു ചിലർ പറഞ്ഞിട്ടുള്ളത് അത് ശവമാണെന്നാകുന്നു." അപ്പോൾ "പിശാചുക്കൾ അവരുടെ ബന്ധുക്കൾക്ക് സന്ദേശം നൽകുന്നു" എന്നതിന്റെ വിവക്ഷ നിങ്ങൾ കൊന്നതിനെ (അറുത്തതിനെ) നിങ്ങൾ ഭക്ഷിക്കുന്നു. അല്ലാഹു കൊന്നതിനെ (ചത്തതിനെ) നിങ്ങൾ ഭക്ഷിക്കുന്നില്ല എന്നും മറ്റും, ശവം ഭക്ഷിച്ചിരുന്ന മുശ്രിക്കുകൾ, ജൂതന്മാർ മുതലായവർ മുസ്‌ലിംകളോട് പറഞ്ഞു നടന്നിരുന്നതാണ്. "നിങ്ങൾ അവരെ അനുസരിച്ചാൽ തീർച്ചയായും നിങ്ങൾമുശ്രിക്കുകൾ തന്നെ" എന്നതിന്റെ സാരം നിങ്ങൾ അവരെ അനുസരിച്ച് ശവം തിന്നുകയാണെങ്കിൽ നിങ്ങളും മുശ്രിക്കുകൾ തന്നെ എന്നതാകുന്നു.

ഈ വ്യാഖ്യാനത്തെയാണ് അനുസരണം ഇബാദത്താക്കുന്നവർ ആശ്രയിക്കുക പതിവ്. 'മുശ്രിക്കാകുമെന്ന് അല്ലാഹു പറഞ്ഞുവല്ലോ. എന്തുകൊണ്ടാണ് മുശ്രിക്കായത്? ശവം തിന്നാൽ മുശ്രിക്കാവുകയില്ല. അപ്പോൾ പിശാചിനെ അനുസരിച്ചത് കൊണ്ടുതന്നെ. അതുകൊണ്ട് പിശാചിനെ അനുസരിക്കൽ ഇബാദത്തായി. അപ്പോൾ അനുസരണം ഇബാദത്ത് തന്നെ.' ഇതാണിവരുടെ കണ്ടുപിടുത്തം!

ഇവിടെ വാസ്തവം മറ്റൊന്നാണ്. ശവം തിന്നുന്നത് കൊണ്ടോ പിശാചിനെ എന്തെങ്കിലും കാര്യത്തിൽ അനുസരിക്കുന്നത് കൊണ്ടോ അല്ല മുശ്രിക്കാവുന്നത്. ശവം തിന്നൽ അനുവദനീയമാണെന്ന് വിശ്വസിച്ചുകൊണ്ട് തിന്നുന്നതു മൂലമാണ്. ഇബ്നു ജരീറുത്വബ്‌രി പറയുന്നത് കാണുക:

وأما قوله (اِنَّكُمْ لَـمُشْرِكُوْنَ) يعنى انكم إذن مثلهم إذ كان هؤلاء يأكلون الميتة استحلا لا فاذا انتم اكلتموها كذلك فقد صرتم مثلهم مشركين – تفسير الطبرى

"നിശ്ചയമായും നിങ്ങളും മുശ്രിക്കുകൾ തന്നെ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അപ്പോൾ നിങ്ങളും അവരെപ്പോലെത്തന്നെ എന്നാകുന്നു. എന്തുകൊണ്ടെന്നാൽ അവർ ശവം ഭക്ഷിക്കുന്നത് അത് അനുവദനീയമാണെന്ന വിശ്വാസത്തോടെയാണ്. നിങ്ങൾ അപ്രകാരം (ശവം ഭക്ഷിക്കുന്നത് അനുവദനീയമാണെന്ന വിശ്വാസത്തോടെ) തിന്നാൽ അവരെപ്പോലെ നിങ്ങളും മുശ്രിക്കുകളായിത്തീരുന്നു." (ത്വബ്‌രിയുടെ വ്യാഖ്യാന ഗ്രന്ഥം 8 - 21)

മതനിയമം നിർമിക്കുവാനുള്ള അല്ലാഹുവിന്റെ അധികാരത്തിൽ പങ്കു ചേർത്തു എന്നതാണ് ഇവിടെ ശിർക്ക് വരുവാനുള്ള കാരണം എ

ന്നത്രെ ത്വബ്‌രിയുടെ വ്യാഖ്യാനം വെളിപ്പെടുത്തുന്നത്. മതത്തിൽ ഒരു കാര്യം വിരോധിക്കുവാനും അനുവദിക്കാനുമുള്ള അധികാരം അല്ലാഹുവിന് മാത്രമുള്ളതാണ്. അപ്പോഴാ അല്ലാഹുവിന്റെ മാത്രം കഴിവിലും അധികാരത്തിലും പെടുന്ന കാര്യത്തിൽ പങ്കുചേർത്തു എന്നതാണ് സത്യം. അതുകൊണ്ടാണ് മുശ്‌രിക്കായതും. അല്ലാതെ അനുസരിച്ചതുകൊണ്ടോ ശവം തിന്നതുകൊണ്ടോ അല്ല.

❋❋

മതപരമായ നിയമനിർമാണം

മതപരമായ നിയമനിർമാണത്തെ സംബന്ധിച്ചാണല്ലോ കഴിഞ്ഞ അധ്യായത്തിന്റെ അവസാനത്തിൽ നാം പരാമർശിച്ചത്. അതുമായി ബന്ധപ്പെട്ട ചില സംശയങ്ങളും, ഇബാദത്തിന്റെ അർത്ഥം അനുസരണമാണെന്ന് വാദിക്കുന്നവർ ഉന്നയിക്കാറുണ്ട്. അതിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് മതപരമായ നിയമനിർമാണത്തെപ്പറ്റി അൽപം വിശദീകരിക്കേണ്ടത് ആവശ്യമാണ്.

മതസംബന്ധമായ നിയമനിർമാണത്തിനുള്ള അധികാരം അല്ലാഹുവിന് മാത്രമാണ്. അതിൽ മറ്റു വല്ലവരെയും പങ്കുചേർക്കുക എന്നത് ശിർക്കാകുന്നു, ബഹുദൈവ വിശ്വാസമാകുന്നു. കാരണം മതനിയമമെന്നത് മറ്റു ഭൗതിക നിയമങ്ങളിലുപരി പവിത്രതയും പരിശുദ്ധിയും ഉള്ളതാകുന്നു. അതിന്റെ നിർമാതാവിനെ സംബന്ധിച്ച് അതിയായ സ്നേഹവും ബഹുമാനവുമുണ്ട്. അതിന്റെ പ്രതിഫലം ഐഹിക ലോകത്തല്ല, മറിച്ച് പാരത്രിക ലോകത്താണ്. അതനുസരിക്കുന്നവന് സ്വർഗവും നിരാകരിക്കുന്നവന് നരകവുമാണ് ലഭിക്കുക. ആ രണ്ടു പ്രതിഫലവും നൽകുവാനുള്ള കഴിവും അധികാരവും അല്ലാഹുവിന് മാത്രമാണ്. സൃഷ്ടികളിൽ ഒരാൾക്കും ആ അധികാരം വിട്ടുകൊടുത്തിട്ടില്ല. അപ്പോഴാ ചില പണ്ഡിതന്മാർക്കോ പുരോഹിതന്മാർക്കോ മറ്റോ മതനിയമം സ്വയം കൈകാര്യം ചെയ്യാൻ അധികാരം നൽകുക എന്നാൽ അവർക്ക് ഒരു വിധത്തിൽ ദിവ്യത്വം ചാർത്തലാണ്. അവരുടെ വിധിവിലക്കുകളാ പാലിച്ചാൽ ഫലം

പരലോകത്ത് സൗഖ്യം; അവർ അങ്ങേയറ്റം ബഹുമാന്യരും ദൈവപ്രീതി ലഭിച്ചവരുമാണ്; അവർ തെറ്റു പറ്റാത്തവരാണ്; അവർ അത്രയും പുണ്യവാന്മാരും ദിവ്യന്മാരുമാണ് - ഇതെല്ലാമാണ് പാമരന്മാരുടെ വിശ്വാസം. അതുകൊണ്ട് അവരുണ്ടാക്കിയ മതനിയമങ്ങളും അനുസരിക്കുന്നത് ഇബാദത്ത് (ആരാധന) ആയിത്തീരുന്നു.

പുരോഹിതന്മാർക്കുള്ള ഇബാദത്ത്

ഇനി നമുക്ക് സംശയത്തിലേക്ക് കടക്കാം. സൂറ: തൗബയിലെ 31-ാം വചനത്തിൽ ക്രിസ്ത്യാനികളും മതപണ്ഡിതന്മാരെയും പുരോഹിതന്മാരെയും റബ്ബുകളാക്കി എന്ന് പ്രസ്താവിച്ചതിനെപ്പറ്റിയാണ് സംശയം. ആയത്ത് ഇങ്ങനെയാണ്:

اِتَّخَذُوا اَحْبَارَهُمْ وَرُهْبَانَهُمْ اَرْبَابًا مِّنْ دُوْنِ اللّٰهِ وَالْمَسِيْحَ بْنَ مَرْيَمَ وَمَا اُمِرُوْا اِلَّا لِيَعْبُدُوْا اِلٰهًا وَّاحِدًا لَا اِلٰهَ اِلَّا هُوَ سُبْحَانَهٗ عَمَّا يُشْرِكُوْنَ (التوبة 9:31)

"അവർ അവരുടെ മതപുരോഹിതന്മാരെയും പണ്ഡിതന്മാരെയും അല്ലാഹുവിന് പുറമെ റബ്ബുകളായി സ്വീകരിച്ചു; മർയമിന്റെ പുത്രൻ മസീഹിനെയും. ഒരേയൊരു ദൈവത്തിന് മാത്രം ഇബാദത്ത് ചെയ്യണമെന്നല്ലാതെ അവർ കല്പിക്കപ്പെട്ടിട്ടില്ല. അവനല്ലാതെ മറ്റൊരു ദൈവവുമില്ല. അവർ പങ്കു ചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു പരിശുദ്ധനാണ്."

ഖുർആൻ വ്യാഖ്യാതാക്കളും ഈ പരിശുദ്ധ വചനത്തെ സംബന്ധിച്ച് അദിയ്യുബ്നു ഹാത്തിമിന്റെ ഒരു സംഭവം ഉദ്ധരിക്കാറുണ്ട്. അറബികളിൽ ഹാതിമുത്താഇ എന്ന സുപ്രസിദ്ധനായ ഒരു ധർമിഷ്ഠനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ അദിയ്യ് ക്രിസ്തുമതം വിശ്വസിച്ച് ശരിയായ ക്രിസ്ത്യാനിയായി വളരെ കാലം കഴിച്ചുകൂട്ടി. മുഹമ്മദ് നബിയെ സംബന്ധിച്ചറിഞ്ഞ അദ്ദേഹം ഇസ്ലാം മതം സ്വീകരിക്കണമെന്ന ഉദ്ദേശ്യത്തോടെ നബി(സ)യെ സമീപിച്ചു. അപ്പോൾ "അവർ അവരുടെ മതപുരോഹിതന്മാരെയും പണ്ഡിതന്മാരെയും അല്ലാഹുവിന് പുറമെ റബ്ബുകളാക്കി" എന്ന ഖുർആൻ വചനം നബി ഓതുന്നത് കേട്ടു. ക്രിസ്ത്യാനികളും മതപണ്ഡിതന്മാരെയും പുരോഹിതന്മാരെയും റബ്ബുകളാക്കി വെച്ചിരിക്കുന്നുവെന്ന് പറയുന്നത് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു: "ഞങ്ങൾ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും റബ്ബുകളാക്കി ആരാധിക്കുന്നില്ല

ല്ലോ." "അല്ലാഹു അനുവദിച്ചതിനെ അവർ വിരോധിച്ചാൽ വിരോധിക്കപ്പെട്ടതായും അല്ലാഹു വിരോധിച്ചതിനെ അവർ അനുവദിച്ചാൽ അനുവദനീയമായും നിങ്ങൾ കണക്കാക്കാറില്ലേ?" - നബി ചോദിച്ചു. "അതെ" എന്നായിരുന്നു അദിയ്യിന്റെ മറുപടി. "അത് തന്നെയാണ് അവർക്കുള്ള ഇബാദത്ത്" എന്ന് നബി(സ) മറുപടി പറഞ്ഞു.

ഇവിടെയാണ് സംശയത്തിന്റെ കേന്ദ്രം. പണ്ഡിതന്മാരും പുരോഹിതന്മാരും പറയുന്ന കാര്യങ്ങൾ അനുസരിക്കുന്നതിനെപ്പറ്റിയല്ലെ "അതു തന്നെയാണ് അവർക്കുള്ള ഇബാദത്ത്" എന്ന് നബി പറഞ്ഞത്? അപ്പോൾ അനുസരണം ഇബാദത്തല്ലെ?

ക്രിസ്ത്യാനികളുടെ വിശ്വാസം

പ്രവാചകന്മാർ ഓരോരുത്തരും തങ്ങളുടെ അനുയായികളോടു തങ്ങളെ അനുസരിക്കണമെന്ന് കൽപിച്ചത് നാം ഇതിനുമുമ്പ് നിരത്തിക്കഴിച്ചിട്ടുണ്ട്. നേതാക്കന്മാരെയും മാതാപിതാക്കളും തുടങ്ങിയവരെയും അനുസരിക്കുവാനുള്ള അല്ലാഹുവിന്റെ കല്പനകളും നമ്മുടെ മുമ്പിലുണ്ട്. പിന്നെ ക്രിസ്ത്യാനികളും അവരുടെ നേതാക്കളായ പുരോഹിതന്മാരെയും പണ്ഡിതന്മാരെയും അനുസരിച്ചതു മാത്രം എങ്ങനെ ഇബാദത്തായി? മതപരമായ നിയമനിർമാണത്തിന് - അത് അല്ലാഹുവിന്റെ വിധിവിലക്കുകൾക്കെതിരാണെങ്കിൽ പോലും - പാതിരിമാർക്ക് അവകാശമുണ്ടെന്നും ആ നിയമങ്ങൾ പാവനമായ മതനിയമങ്ങളാണെന്നും അവർ വിശ്വസിച്ചിരുന്നു. ആ വിശ്വാസപ്രകാരമുള്ള അനുസരണമാണ് ഇബാദത്തായിത്തീർന്നതും. "അല്ലാഹു അനുവദിച്ചതിനെ അവർ വിരോധിച്ചാൽ വിരോധിക്കപ്പെട്ടതായും അല്ലാഹു വിരോധിച്ചതിനെ അവർ അനുവദിച്ചാൽ അനുവദനീയമായും നിങ്ങൾ കണക്കാക്കാറില്ലേ?" എന്ന നബിയുടെ ചോദ്യത്തിന്റെ ധ്വനിയുമതാണ്. ക്രിസ്ത്യാനികൾക്ക് അവരുടെ പുരോഹിതരെ സംബന്ധിച്ച വിശ്വാസമെന്താണെന്ന് നമുക്ക് പരിശോധിക്കാം.

എൻ.ബി.എസ് പ്രസിദ്ധീകരിച്ച വിശ്വവിജ്ഞാനകോശത്തിൽ നിന്ന് ചില ഭാഗങ്ങളിവിടെ പകർത്തട്ടെ: "പെന്തക്കോസ്ത്നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒരുമിച്ചുകൂടിയിരുന്നു. പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നും ഒരു മുഴക്കമുണ്ടായി. അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറഞ്ഞ് അഗ്നിജ്വാലകൾ പോലുള്ള

നാവുകൾ പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി. ആത്മാവ് അവർക്ക് ഉച്ചരിക്കാൻ നല്കിയതുപോലെ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി." (5: 115)

"പെന്തക്കോസ്ത് ദിവസമുണ്ടായ പരിശുദ്ധാത്മാവിന്റെ ആവാസം തങ്ങളുടെ കർത്താവായ യേശുക്രിസ്തുവിലുണ്ടായിരുന്ന ദിവ്യശക്തി തങ്ങൾക്കു ലഭിച്ചു എന്നതിന്റെ ഉറപ്പായിരുന്നു." (5: 115) - ഇതിൽ നിന്നും യേശുവിലുണ്ടായിരുന്ന ദിവ്യശക്തി - അപ്പോസ്തലന്മാർക്ക് പകർന്നുവെന്ന കാര്യം ഗ്രഹിക്കാം - ശിഷ്യന്മാർക്ക് ലഭിച്ച ദിവ്യത്വം പുരോഹിതന്മാർക്ക് പകർന്നുകൊടുത്തതിനെ സംബന്ധിച്ചും. 'അപ്പോസ്തലിക പിന്തുടർച്ച എന്ന തലക്കെട്ടിൽ വിശ്വവിജ്ഞാനകോശം പറയുന്നത് കാണുക: "ക്രൈസ്തവ പുരോഹിതർ ബിഷപ്പുമാരിൽ കൂടെ ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ പിന്തുടർച്ചക്കാരാണെന്നും അപ്പോസ്തലിക കൈവെപ്പില്ലെങ്കിൽ പൗരോഹിത്യത്തിന് സാധുത്വമില്ലെന്നുമുള്ള സിദ്ധാന്തമാണിത്." (4: 413, 414)

ഈ ഉദ്ധരണികളിൽ നിന്നും ക്രിസ്തുവിലൂടെ അപ്പോസ്തലന്മാരായി തന്റെ ശിഷ്യഗണങ്ങൾക്ക് നൽകിയ ദിവ്യത്വം അവർ പാതിരിമാർക്ക് പകർന്നുകൊടുത്തുവെന്നും അപ്പോസ്തലിക കൈവെപ്പുണ്ടായാൽ പൗരോഹിത്യത്തിന് സാധുതയുണ്ടായെന്നും തെളിയുന്നു.

ഇവിടെയാണ് ശിർക്ക്

ഇതായിരുന്നു ക്രിസ്ത്യാനികൾക്ക് അവരുടെ പുരോഹിതന്മാരെ സംബന്ധിച്ച വിശ്വാസം. ആ വിശ്വാസത്തോടെ പുരോഹിതന്മാരുടെ വിധിവിലക്കുകൾ അനുസരിച്ചത് ശിർക്കുമായി. ദിവ്യത്വം കൽപിച്ചുകൊണ്ട് ആര് ആരെ അനുസരിച്ചാലും ശിർക്കാകുമെന്നതിൽ സംശയവുമില്ല. മതനിയമനിർമാണത്തിനുള്ള അധികാരം അല്ലാഹുവിന് മാത്രമാണെന്ന് നേരത്തെ വ്യക്തമാക്കിയല്ലോ. അല്ലാഹു ചോദിക്കുന്നു:

أَمْ لَهُمْ شُرَكَاءُ شَرَعُوا لَهُمْ مِنَ الدِّينِ مَا لَمْ يَأْذَنْ بِهِ اللَّهُ (الشورى)

"അല്ലാഹു അനുവദിക്കാത്ത കാര്യങ്ങൾ മതമായി അവർക്ക് നിയമിച്ചുകൊടുത്തിട്ടുള്ള പങ്കാളികൾ അവർക്കുണ്ടോ?" (ശൂറാ: 20)

എന്നാൽ ഭൗതിക നിയമനിർമാണത്തിന് ഈ പരിശുദ്ധിയില്ല. അതനുസരിച്ചാൽ സ്വർഗമോ ധിക്കരിച്ചാൽ നരകമോ ലഭിക്കുമെന്ന ധാരണയുമില്ല. അനുസരിക്കുന്നത് കൊണ്ട് ചില താൽക്കാലിക ലാഭനഷ്ടങ്ങൾ മാത്രമേയുള്ളൂ. അതും ഈ ലോകത്ത് മാത്രം. മാറ്റുവാനും തിരുത്തുവാനും എല്ലാവർക്കും അധികാരവും അവസരവും ഉണ്ടുതാനും. അതുകൊണ്ട് മേൽ ആയത്ത് പണ്ഡിതന്മാരെയും പുരോഹിതന്മാരെയും അതിർകവിഞ്ഞു വിശ്വസിക്കുകയും അവരുടെ വിധിവിലക്കുകൾ ദൈവകൽപനക്കു തുല്യമായി ഗണിക്കുകയും ചെയ്യുന്നതിനെപ്പറ്റി മാത്രമാണ് എന്നു കാണാം.

ഈ ആയത്തിന്റെ വ്യാഖ്യാനം നീട്ടിവലിച്ചുകൊണ്ട് അനുസരണം ഇബാദത്താകുന്നു എന്നും അതുകൊണ്ട് മനുഷ്യൻ പിശാചിനെയും ദേഹേച്ഛയെയും ഭരണാധികാരിയെയും അനുസരിക്കൽ അവർക്ക് ഇബാദത്ത് ചെയ്യലാകുമെന്നും ഒരു വിഭാഗം പ്രചാരവേല നടത്താറുണ്ട്. ഇവിടെ, പ്രസ്തുത ആയത്തിന്റെ വ്യാഖ്യാനത്തിൽ, ഇമാം റാസി തന്റെ തഫ്സീറുൽ കബീറിൽ ഒരു ചോദ്യവും അതിനു മറുപടിയും ഉന്നയിച്ചിട്ടുള്ളത് ശ്രദ്ധാർഹമാണ്.

റാസിയുടെ മറുപടി

فان قيل انه تعالى لما كفرهم بسبب انهم اطاعوا الاحبار والرهبان فالفاسق يطيع الشيطان فوجب الحكم بكفره كما هو قول الخوارج والجواب إن الفاسق وان كان يقبل دعوة الشيطان الا انه لا يعظمه لكن يلعنه ويستخف به اما اولئك الاتباع كانوا يقبلون قول الاحبار والرهبان ويعظمونهم فظهر الفرق (رازى ج ٤ ص ٦٢٤)

"പണ്ഡിത പുരോഹിതന്മാരെ അനുസരിച്ചുകൊണ്ട് ജൂത ക്രിസ്ത്യാനികൾ അവിശ്വാസികളായിട്ടുണ്ടെങ്കിൽ പിശാചിനെ അനുസരിച്ചു തെറ്റു ചെയ്യുന്നവനും, ഖവാരിജുകൾ പറയുന്നപോലെ, അവിശ്വാസിയാണെന്ന് വിധിക്കേണ്ടതല്ലേ? എന്ന് ചോദിച്ചാൽ അതിനുള്ള മറുപടി ഇതാണ്: തെറ്റു ചെയ്യുന്നവൻ പിശാചിന്റെ ആഹ്വാനം സ്വീകരിക്കുന്നുണ്ടെങ്കിലും അവൻ പിശാചിനെ ബഹുമാനിക്കുന്നില്ല. മറിച്ചു ശപിക്കുകയും നിസ്സാരപ്പെടുത്തുകയുമാണ് ചെയ്യുന്നത്. എന്നാൽ അവർ ക്രിസ്തീയ പുരോ

ഹിതന്മാരുടെയും പണ്ഡിതന്മാരുടെയും വാക്കുകളും സ്വീകരിക്കുന്നത് ബഹുമാനപൂർവമാണ്. അപ്പോളും വ്യത്യാസം വ്യക്തമാണ്."

ഇമാം റാസിയുടെ ഈ പ്രസ്താവന ഇന്ന് ഉന്നയിക്കുന്ന പല സംശയങ്ങൾക്കും മറുപടിയാണ്. ആത്യന്തികമായ ആദരവ് കല്പിച്ചു കൊണ്ട് അനുസരിക്കുമ്പോൾ മാത്രമെ ഇബാദത്തിന്റെ വശം വരുന്നുള്ളൂ അഥവാ ദിവ്യത്വം കല്പിച്ചുകൊണ്ടുള്ള അനുസരണത്തിൽ മാത്രം. അപ്പോൾ അത് അല്ലാഹുവിൽ പങ്കുചേർക്കലായി.

മത നിയമങ്ങളും ഭൗതിക നിയമങ്ങളും

മതനിയമമല്ലാത്ത മറ്റു നിയമങ്ങൾ നിർമിക്കുമ്പോൾ ഈ പങ്കു ചേർക്കൽ ഉണ്ടാകുന്നില്ല. ആരോഗ്യ സംരക്ഷണത്തിനുള്ള ചികിത്സാ നിയമങ്ങൾ അനുഭവത്തിന്റെ വെളിച്ചത്തിൽ മനുഷ്യൻ നിർമിക്കുന്നു. ആ നിയമം പാലിച്ചാൽ മരിക്കുന്നത് വരെ ആരോഗ്യവാനായിരിക്കാം. കാർഷിക നിയമങ്ങൾ പാലിച്ചാൽ നല്ല വിളവ് ലഭിക്കും. അച്ചടക്കത്തോടെ വിജ്ഞാനം കരസ്ഥമാക്കണമെങ്കിൽ വിദ്യാലയ നിയമങ്ങൾ പാലിക്കണം. ഈ നിയമങ്ങളൊന്നും പാലിച്ചില്ലെങ്കിൽ അതു പരലോകവുമായി ബന്ധപ്പെടുന്നില്ല. ഈ നിയമങ്ങൾ തെറ്റാണന്ന് തോന്നുമ്പോൾ തിരുത്താവുന്നതുമാണ്. ഗൃഹനായകൻ നിശ്ചയിക്കുന്ന ഗാർഹിക നിയമങ്ങളും രാഷ്ട്രീയമായി നിർമിക്കപ്പെടുന്ന ഭൗതിക നിയമങ്ങളും തഥൈവ. നിയമം പാലിക്കപ്പെടുമ്പോൾ സമാധാനം. ഇല്ലെങ്കിൽ കുഴപ്പവും. അന്താരാഷ്ട്ര നിയമങ്ങളും വ്യത്യസ്തമല്ല. ഇതെല്ലാം നിത്യജീവിതത്തിൽ നാം കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞ കാര്യങ്ങൾ. ഇത്തരം നിയമങ്ങൾക്കൊന്നും ദൈവികമായി യാതൊരു പവിത്രതയും കൽപിക്കപ്പെടുന്നില്ല. അതിന്റെ ഫലങ്ങൾ ഭൗതിക ജീവിതത്തിൽ തന്നെ അനുഭവപ്പെടുന്നു. അനുഭവത്തിൽ അബദ്ധങ്ങൾ കണ്ടുകഴിഞ്ഞാൽ തിരുത്താവുന്നതും മാറ്റി നിശ്ചയിക്കാവുന്നതുമാണ്. ശാശ്വതമോ മനുഷ്യന് മാറ്റാൻ പാടില്ലാത്തതോ അല്ല. ഈ വിഭാഗത്തിൽ പെടുന്ന നിയമനിർമാതാവ് റബ്ബോ ദൈവമോ, ആ നിയമം ലംഘിക്കുന്നവൻ മുശ്രിക്കോ ആകുന്നില്ല. ഇതെല്ലാം മനുഷ്യർക്ക് ചെയ്യാവുന്നതും അല്ലാഹു അനുവദിച്ചതുമാകുന്നു. മത നിയമ നിർമാണം അങ്ങനെയല്ല. അതുകൊണ്ടു തന്നെയാണ് പരിശുദ്ധ ഖുർആനിലും നബിവചനങ്ങളിലും മത നിയമനിർമാണത്തിനുള്ള അധികാരം അല്ലാഹുവിന് മാത്രമാണെന്ന് പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളത്.

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഗാർഹികമോ വൈദ്യസംബന്ധമോ വിദ്യാഭ്യാസപരമോ മറ്റു നമ്മുടെ ദൈനംദിന ജീവിതത്തെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങളിൽ അല്ലാഹുവിൽ നിന്നും റസൂലിൽ നിന്നും വന്നിട്ടുള്ള ഉപദേശ നിർദേശങ്ങളും നിയമങ്ങളും മതത്തിൽ പെട്ടതു തന്നെയാണ്. അതിനു മതപരമായ പവിത്രതയും ഉണ്ട്. മാറ്റുവാനും തിരുത്തുവാനും ആർക്കും അധികാരമില്ല. അത്തരം നിയമങ്ങൾ സ്വീകരിക്കുന്നതിൽ ഭൗതികമായും ഫലങ്ങൾ ഉണ്ട്. അതിലുപരി പാരത്രികമാണതിന്റെ പരമ ലക്ഷ്യം. മതത്തിന്റെ പേരിലുള്ള എല്ലാ വിശ്വാസങ്ങൾക്കും കർമങ്ങൾക്കും പാരത്രിക പ്രതിഫലമാണ് അന്തിമമായി നാമാഗ്രഹിക്കുന്നത്. അതു തന്നെയാണ് അല്ലാഹുവും നബി(സ)യും നമ്മോട് വാഗ്ദാനം ചെയ്തിട്ടുള്ളതും. വുദൂ കൊണ്ട് ശുചിത്വം, നോമ്പ് കൊണ്ട് ആരോഗ്യസംരക്ഷണം, ഹജ്ജ് കൊണ്ട് ലോകപരിചയവും പരസ്പര ബന്ധവും, കൊന്നവനെ കൊല്ലുന്നതുകൊണ്ട് ഭൗതിക സമാധാനവും ലഭ്യമാവുന്നുവെന്നത് തീർച്ച തന്നെ. പക്ഷെ, നാമതെല്ലാം നിർവഹിക്കുന്നത് ഭൗതിക ഗുണം കാംക്ഷിച്ചുകൊണ്ടല്ല. ആത്യന്തിക ലക്ഷ്യം അല്ലാഹുവിന്റെ പ്രീതിയും പാരത്രിക സൗഭാഗ്യവുമത്രെ. അതിലൂടെ ലഭിക്കുന്ന ഭൗതിക ഗുണങ്ങൾ പ്രധാനമല്ല. മറിച്ച് ഭൗതിക നിയമങ്ങളിൽ ഭൗതിക നേട്ടമല്ലാതെ മറ്റു യാതൊരു ചിന്തയുമില്ല.

ഇസ്‌ലാമിനെ ഈ വിധം ഒരു ഭൗതിക പ്രധാനമായ പ്രസ്ഥാനമായി പരിത്രീകരിക്കുന്ന ചിലരെ കാണാം. അവരുടെ വീക്ഷണത്തിൽ നിയമങ്ങൾ മതപരവും ഭൗതികവും എന്നിങ്ങനെ രണ്ടില്ല. മതനിയമങ്ങൾ അനുസരിക്കുന്നതിന്റെ പരമലക്ഷ്യം ഭൗതിക ശാന്തിയും സമാധാനവും ആണിവർക്ക്. ഇങ്ങനെ ചിന്തിക്കുന്നവർക്ക് രണ്ടും (മതവും ഭൗതികവും) രണ്ടായി കാണാൻ കഴിയില്ല. എല്ലാം ഒന്നുതന്നെ. ദുനിയാവിലെ സുഖസൗകര്യമാണ് എല്ലാറ്റിന്റെയും ലക്ഷ്യം. അതുകൊണ്ടു തന്നെ വല്ല നിയമവും ആരെങ്കിലും നിർമിച്ചാൽ അവൻ ദൈവവും അനുസരിക്കുന്നവർ ബഹുദൈവാരാധകനുമായി എന്നാണിവരുടെ ചിന്താഗതി. ഈ ചിന്താഗതിയുടെ പോക്ക് എവിടേക്കാണെന്ന് പോലും ഇവർ ചിന്തിക്കുന്നില്ല. ഇസ്‌ലാം തന്നെ കേവലം ഒരു ഭൗതിക പ്രസ്ഥാനമാക്കുകയാണ് ഇവർ ചെയ്യുന്നത്. കമ്യൂണിസ്റ്റ് മതം, ഇസ്‌ലാം മതം, സോഷ്യലിസ്റ്റ് മതം എന്നെല്ലാം ഇവർ പ്രയോഗിക്കാറുണ്ട്. ഇതിൽ വെച്ച് ഏറ്റവും നല്ല മതം ഇസ്‌ലാമാണ് എന്നവർ സമർത്ഥിക്കുകയും ചെയ്യും. ഭൗതിക സൗഖ്യങ്ങൾക്കും സമാ

ധാനത്തിനും കൂടുതൽ ഉപയുക്തം ഇസ്‌ലാം മതമാണെന്നേ ഇവരുടെ സമർത്ഥനം കൊണ്ട് ലോകം ധരിക്കുകയുള്ളൂ. നാം വിശ്വസിക്കുന്നത് മനുഷ്യന്റെ ഭൗതിക ജീവിതത്തിലുപരിയായി പാരത്രിക ജീവിതത്തിൽ ശാന്തിയും സൗഖ്യവും പ്രദാനം ചെയ്യുന്നതാണ് ഇസ്‌ലാം എന്നതത്രെ. അതുകൊണ്ട് പാരത്രികവും ഭൗതികവും രണ്ടും രണ്ടായി തന്നെ നാം കാണുന്നു. രണ്ടിലും നന്മ വേണമെന്ന് നാം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

رَبَّنَآ آتِنَا فِى الدُّنْيَا حَسَنَةً وَفِى الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ (البقرة)

"ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ദുൻയാവിൽ നന്മ തരേണമേ. ആഖിറത്തിലും നന്മ തരേണമേ. ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ."

മറ്റഭിപ്രായങ്ങൾ

ചുരുക്കത്തിൽ മത നിയമനിർമാണത്തിന് അധികാരം പണ്ഡിത പുരോഹിതന്മാർക്ക് ആക്കി എന്നതാണ് റബ്ബുകളാക്കി എന്നതിന്റെ വിവക്ഷ.

വ്യത്യസ്തമായ ഒരഭിപ്രായം കൂടിയുണ്ട്. ഇമാം റാസി(റ) പറയുന്നു:

والقول الثانى فى تفيسر هذه الربوبية ان الجهال والحشوية اذا بالغوافى تعظيم شيخهم وقدوتهم فقد يميل طبعهم الى القول بالحلول والاتحاد اذا كان هذا مشاهدا فى هذه الامة فكيف يبعد ثبوته فى الامم السالفة – (رازى)

"ഈ റബ്ബുകളാക്കിയതിന്റെ വ്യാഖ്യാനത്തിലെ രണ്ടാമത്തെ അഭിപ്രായം വിവരമില്ലാത്തവരും (തരീഖത്തുകാരെ പോലെ) ഹശവിയാക്കളും, അവർ ശൈഖന്മാരെയും നേതാക്കളെയും അതിർകവിഞ്ഞു ബഹുമാനിക്കുകയാൽ സാക്ഷാൽ ദൈവമമായ അല്ലാഹു അവരിൽ അവതരിക്കുന്നുവെന്നും ദൈവവും അവരും ഒന്നായിത്തീർന്നിരിക്കുന്നുവെന്നും വാദിക്കുവാൻ അവർക്ക് സ്വാഭാവികമായും വാസനയുണ്ടാകുന്നു. ഈ സമുദായത്തിൽ തന്നെ ഇങ്ങനെയല്ലൊം നാം കാണുമ്പോൾ പൂർവ സമുദായങ്ങളിൽ ഇത്തരം തെറ്റായ വിശ്വാസങ്ങൾ ഉണ്ടാവുക എന്നത് വിദൂരമല്ലല്ലോ."

أَنَا اللّٰهُ (ഞാൻ അല്ലാഹുവാണ്), مَافِى الْجُبَّةِ إِلَّا اللّٰهُ (നീളക്കുപ്പായത്തിൽ അല്ലാഹു അല്ലാതെ മറ്റാരുമല്ല) തുടങ്ങിയ ധ്യാനമുറകൾ നടപ്പിൽ വരുത്തിയ ദൈവാവതാര വാദിയായ ഹല്ലാജിന്റെ പിന്തുടർച്ചക്കാരും ദൈവവും മനുഷ്യരും രണ്ടല്ല, ഒന്നു തന്നെ എന്നു വാദിച്ചിട്ടുള്ള ഇബ്നു അറബിയുടെ അനുയായികളായ തരീഖത്തുകാരും സൂഫികളുമെല്ലാം ഈ മുസ്‌ലിം സമൂഹത്തിൽ തന്നെയുണ്ടല്ലോ. ഇവരെപ്പറ്റി അനുയായികൾ വിശ്വസിക്കുന്നത് ദൈവത്തിനറിയുന്ന എല്ലാ മറഞ്ഞ കാര്യങ്ങളും ഇവർക്കും അറിയാമെന്നും ഇവർ തന്നെ സാക്ഷാൽ ദൈവത്തിന്റെ പ്രതീകമാണെന്നുമാണ്. ഇങ്ങനെയുള്ള അന്ധവിശ്വാസം ക്രിസ്തുമതത്തിലും അവരുടെ പുരോഹിതന്മാരെ സംബന്ധിച്ചും വെച്ചുപുലർത്തിപ്പോന്നിട്ടുണ്ട്. ഈ അന്ധവിശ്വാസമാണ് റബ്ബുകളാക്കി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ് ഇമാം റാസി പറയുന്നത്. അപ്പോൾ പുരോഹിത പണ്ഡിതന്മാർ അവരുടെ ദൃഷ്ടിയിൽ ഒരുതരം ദൈവങ്ങൾ തന്നെ.

ഇതെല്ലാമാണ് പുരോഹിത പണ്ഡിതന്മാരെ റബ്ബുകളാക്കുന്നതിന്റെ വിവക്ഷയായി ഖുർആൻ വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിലൊന്നും തന്നെ കേവലം ഭരണനിയമം ഉണ്ടാക്കുന്ന ഭരണാധികാരി ദൈവമായി എന്നോ ആ നിയമം ഭൗതികമായ ചില ആവശ്യങ്ങൾക്ക് വേണ്ടി അനുസരിച്ചു ജീവിച്ചാൽ അവൻ ബഹുദൈവാരാധകനായിത്തീരും എന്നോ ധ്വനിപ്പിക്കുന്ന യാതൊരു സൂചന പോലും കാണുന്നില്ല എന്നത് സുവ്യക്തം. അല്ലാഹുവിന്റെ പരിശുദ്ധ വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതിൽ നിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ.

❀❀

ദേഹേച്ഛ എന്ന ദൈവം

ഇബാദത്ത് എന്ന സാങ്കേതിക പദത്തിന്റെ വിശദാംശങ്ങളിലേക്ക് കടന്നുചെല്ലുകയാണ് നാം. ഇവ്വിഷയകമായ വിശദീകരണത്തിൽ ഈ ദൈവത്തെയും ദേഹേച്ഛയെയും ചുറ്റിപ്പറ്റി ചില പരത്തിപ്പറയലുകളും കാരണം കാര്യം മനസ്സിലാക്കാനാഗ്രഹിക്കുന്ന പലരും വിഷമിക്കുന്നതായി കാണുന്നു. ദേഹേച്ഛ പ്രകാരം മനുഷ്യൻ എന്തെങ്കിലും പ്രവർത്തിച്ചുപോയാൽ അത് ദേഹേച്ഛയെ അനുസരിക്കലായി; ദേഹേച്ഛക്ക് ഇബാദത്തായി; ഇബാദത്താണെങ്കിൽ അല്ലാഹുവിനേ പാടുള്ളൂ. അതുകൊണ്ട് ദേഹേച്ഛ പ്രകാരം വല്ലതും പ്രവർത്തിച്ചുപോയാൽ അവൻ ദേഹേച്ഛക്ക് ഇബാദത്ത് ചെയ്ത് ശിർക്ക് ചെയ്തവനായി എന്നൊക്കെയാണ് ഇവരുടെ വാദം. ഇക്കാര്യം മൊത്തമായി പറഞ്ഞുവിട്ടുകൊണ്ട് അനുവാചകരെ ചിന്താകുഴപ്പത്തിലാക്കുന്നു. ഇവിടെ യഥാർത്ഥ നില വിശദീകരിക്കേണ്ടത് ഒരാവശ്യമായി കാണുന്നു.

മനുഷ്യൻ, വിശേഷിച്ചും മുസ്‌ലിം, ദേഹേച്ഛയെ പിന്തുടരരുത്. അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകളെ പിന്തുടർന്നാണ് ജീവിക്കേണ്ടത്. അല്ലാഹുവിനെയും റസൂലിനെയും കയ്യൊഴിച്ചു ദേഹേച്ഛയെ വഴികാട്ടിയായി സ്വീകരിക്കൽ തെറ്റാകുന്നു. ഇത്രയും അവിതർക്കിതമായ വസ്തുതയാണ്. ഒരു കാലത്തും മുസ്‌ലിം എന്നല്ല, അമുസ്‌ലിം പോലും മനുഷ്യൻ ദേഹേച്ഛയുടെ നിർദേശപ്രകാരം നടക്കുന്നത് ശരിയാണെന്ന് പറഞ്ഞതായി കേട്ടുകേൾവി പോലുമില്ല. എന്നാൽ ഇവിടെ

ചർച്ച ചെയ്യപ്പെടുന്നത് മനുഷ്യൻ ദേഹേച്ഛ പ്രകാരം വല്ലതും പ്രവർത്തിച്ചുപോയാൽ അവൻ ദേഹേച്ഛയെ ദൈവമാക്കുകയും അതുവഴി ദേഹേച്ഛക്ക് ഇബാദത്ത് ചെയ്തവനായി മുശ്‌രിക്കായിത്തീരുകയും ചെയ്യുമോ എന്ന പ്രശ്നമാണ്. ദേഹേച്ഛയെ അനുസരിക്കൽ ഇബാദത്തായി എന്നാണല്ലോ പ്രചരിപ്പിക്കപ്പെടുന്ന ചിന്താഗതി. അതിനു തെളിവായി ഉദ്ധരിക്കപ്പെടുന്ന പരിശുദ്ധ വചനം ഇതാണ്:

اَفَرَاَيْتَ مَنِ اتَّخَذَ اِلٰهَهٗ هَوٰاهُ 45:23

"ദേഹേച്ഛയെ ദൈവമാക്കിയവനെ നീ കണ്ടുവോ?" പരിഭാഷ ഇങ്ങനെ തന്നെയാകട്ടെ. കാര്യത്തിൽ കുഴപ്പമില്ല. ഈ ആയത്തിൽ നിന്നും ദേഹേച്ഛ ദൈവ(ഇലാഹ്)മാണെന്നും, ദേഹേച്ഛക്കുള്ള ഇബാദത്ത് അതിനെ അനുസരിക്കലാണെന്നും, അപ്പോൾ ഇബാദത്ത് എന്നാൽ അനുസരണം എന്നാണർത്ഥമെന്നും, അതിനാൽ അല്ലാഹു അല്ലാത്തവരെ അനുസരിക്കൽ അല്ലാഹു അല്ലാത്തവർക്ക് ഇബാദത്ത് ചെയ്യലാണെന്നും ഇവർ സമർത്ഥിക്കുന്നു. ഇതിലൂടെ അല്ലാഹു അല്ലാത്തവരെ അനുസരിക്കൽ ശിർക്കും അനുസരിക്കുന്നവൻ മുശ്‌രിക്കും ആണെന്ന് വരികയും ചെയ്യുന്നു. ഇവിടെ ചിന്താർഹമായ കാര്യമിതാണ് - ഖുർആൻ അധിക്ഷേപിച്ചുകൊണ്ട് പറഞ്ഞിട്ടുള്ള മുശ്‌രിക്കുകളുടെ ആ ദൈവം എന്തായിരുന്നു? ദേഹേച്ഛ തന്നെയോ അതോ മറ്റു വല്ലതുമായിരുന്നോ? മറ്റു ദൈവങ്ങളായിരുന്നെങ്കിൽ അവ ഏതൊക്കെയായിരുന്നു? പിന്നെ ദേഹേച്ഛക്ക് അവിടെയുള്ള പങ്ക് എന്ത്? ഈ കാര്യങ്ങളും നാം പ്രത്യേകം പരിഗണിക്കണം. ഇതെല്ലാം പ്രസ്തുത ആയത്തിന്റെ ശരിയായ വ്യാഖ്യാനം ഗ്രഹിക്കുമ്പോൾ മനസ്സിലാവുകയും ചെയ്യും. മുമ്പും പിമ്പും ഉദ്ധരിക്കാതെ വെറുമൊരു കഷ്ണം മാത്രം ഉദ്ധരിക്കുന്നതുകൊണ്ടാണ് ഈ ആശയക്കുഴപ്പം.

ദേഹേച്ഛയെ ദൈവമാക്കുന്നതു സംബന്ധിച്ച് സൂറത്തു ഫുർഖാനിലും സൂറത്തു ജാസിയയിലും കാണാം. സൂറത്തുൽ ഫുർഖാനിൽ ഇങ്ങനെയാണ്:

أَرَأَيْتَ مَنِ اتَّخَذَ إِلٰهَهُ هَوَاهُ أَفَأَنْتَ تَكُونُ عَلَيْهِ وَكِيلًا ۝ أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ إِنْ هُمْ إِلَّا كَالْأَنْعَامِ بَلْ هُمْ أَضَلُّ سَبِيلًا (الفرقان)

25:43

"തന്റെ ദേഹേച്ഛയെ (താനിഷ്ടപ്പെടുന്ന വസ്തുക്കളെ) ദൈവമായി സ്വീകരിച്ചിട്ടുള്ള ഒരുവനെ നീ കണ്ടുവോ? എന്നാൽ നീ അവന്നു വേണ്ടിയുള്ള കാര്യങ്ങൾ നിർവഹിക്കാൻ ഏൽപിക്കപ്പെട്ടവൻ ആകുമോ? അല്ലെങ്കിൽ അവരിലധികപേരും കേൾക്കുകയോ ബുദ്ധി ഉപയോഗിക്കുകയോ ചെയ്യുന്നുണ്ടെന്ന് നീ വിചാരിക്കുന്നുണ്ടോ? അവർ കാലികളെപ്പോലെ മാത്രമാണ്. അല്ല, കാലികളെക്കാൾ കൂടുതൽ വഴിപിഴച്ചവരാണ്."

സൂറത്തു ജാസിയായിലെ ആയത്ത്:

اَفَرَأَيْتَ مَنِ اتَّخَذَ اِلٰهَهُ هَوٰيهُ وَاَضَلَّهُ اللّٰهُ عَلٰى عِلْمٍ وَخَتَمَ عَلٰى سَمْعِهِ وَقَلْبِهِ وَجَعَلَ عَلٰى بَصَرِهِ غِشَاوَةً فَمَنْ يَهْدِيهِ مِنْ بَعْدِ اللّٰهِ اَفَلَا تَذَكَّرُونَ (الجاثية)

"തന്റെ ദേഹേച്ഛയെ (താൻ ഇച്ഛിച്ചിട്ടുള്ള വസ്തുക്കളെ) തന്റെ ദൈവമാക്കി വെച്ചിട്ടുള്ളവനെ നീ കണ്ടുവോ? അറിവോടു കൂടി അവനെ അല്ലാഹു വഴിപിഴപ്പിച്ചിരിക്കയാണ്. അവന്റെ കേൾവിക്കും അവന്റെ ഹൃദയത്തിനും സീൽ വെച്ചിരിക്കയുമാണ്. അവന്റെ കാഴ്ചയുടെ മീതെ ഒരു മൂടി വെക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിനെ കൂടാതെ ആരാണ് അവന് വഴി കാണിച്ചുകൊടുക്കാനുള്ളത്? നിങ്ങൾ എന്തേ ചിന്തിക്കുന്നില്ലയോ?"

ദേഹേച്ഛ ദൈവത്തെ തെരഞ്ഞെടുക്കുന്നു

അല്ലാഹുവിനു പുറമെ വിഗ്രഹങ്ങളെ സ്വീകരിച്ചുപോന്നിട്ടുള്ളതിനെപ്പറ്റിയാണ് പരാമർശം. അല്ലാഹു മനുഷ്യന് നൽകിയ കേൾവി, കാഴ്ച, ബുദ്ധി ഇവയൊന്നും ഉപയോഗപ്പെടുത്താതെ മൃഗങ്ങളെക്കാൾ വഴിപിഴച്ചുപോയ ബഹുദൈവാരാധകരെ സംബന്ധിച്ച് അത്ഭുതത്തോടെ നബിയോട് അല്ലാഹു ചോദിക്കുന്നു: "ദേഹേച്ഛയെ ദൈവമാക്കി വെച്ചിട്ടുള്ളവനെ നീ കണ്ടുവോ" എന്ന്. ഇവരുടെ ദൈവം ദേഹേച്ഛയായിട്ടല്ല, ഇവരുടെ ഇബാദത്ത് ദേഹേച്ഛയെ അനുസരിക്കലായിട്ടുമല്ല, വാസ്തവത്തിൽ ദേഹേച്ഛയെ ദൈവമാക്കി എന്ന് പറഞ്ഞത്. സദ്വൃത്തന്മാരുടെയും മറ്റും വിഗ്രഹങ്ങളായിരുന്നു അവരുടെ ദൈവങ്ങൾ. അവക്കുള്ള വഴിപാടുകളും പൂജകളും പ്രാർത്ഥനകളും തന്നെയായിരുന്നു അവരുടെ ഇബാദത്ത്. പിന്നെയെന്താണ് 'ദേഹേച്ഛയെ ദൈവമാക്കി' എന്നതിന്റെ താല്പര്യം? അതാണ് പ്രത്യേകം ചിന്തിക്കേണ്ട കാര്യം. ഈ ദൈവങ്ങളെ ഇവർ തെരഞ്ഞെടുത്തിരുന്നത് എന്തെങ്കിലും തത്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. വെറും തോന്നലുകൾ അഥവാ ദേഹേച്ഛയായിരുന്നു അവരെ അതിന് പ്രേരിപ്പിച്ചിരുന്നത്. അവർക്ക് ഇഷ്ടമുള്ളതിനെ അവർ ദൈവമാക്കും. അവർക്കു പറ്റില്ലെന്നു കണ്ടാൽ വേണ്ടെന്നു വെക്കും. ഇവർ ഇബാദത്തിന്നർഹതയുള്ള വസ്തുക്കളാണോ, യഥാർത്ഥ ദൈവമാണോ എന്നൊന്നും ചിന്തിക്കാറില്ല.

സലഫുസ്സാലിഹുകൾ എന്തു പറയുന്നു?

ഈ ആയത്തിലെ **هواه** (അവന്റെ ദേഹേച്ഛ) എന്നതിന് **مهويه** (അവന്റെ ഇഷ്ടവസ്തു) എന്നാണ് അർത്ഥം. ഇത് സ്വന്തം അഭിപ്രായമല്ല. സലഫുസ്സാലിഹുകളുടെ അഭിപ്രായമാണ്. താഴെ ഉദ്ധരിക്കുന്ന വാചകങ്ങൾ ശ്രദ്ധിക്കുക. അവയെല്ലാം മേൽ ആയത്തിന്റെ വ്യാഖ്യാനത്തിൽ കൊടുത്തിട്ടുള്ളതാണ്.

قال عكرمة يعبد ما يهواه او يستحسنه فادا استحسن شيئا وهواه اتخذه الها

(فتح القدير سورة الجاثية)

"ഇക്രിമ(റ) പറയുന്നു: അവർ ഒന്നിനെ ഇഷ്ടപ്പെടുകയോ നല്ലതായി കാണുകയോ ചെയ്താൽ അതിന് ഇബാദത്ത് ചെയ്യും. അപ്പോൾ വല്ല സാധനത്തെയും നന്നായി കാണുകയും ഇഷ്ടപ്പെടുകയും ചെയ്താൽ അതിനെ ദൈവമാക്കി സ്വീകരിക്കും." ഇവിടെ ദൈവം ദേഹേച്ഛയോ അതല്ല, ദേഹം ഇച്ഛിച്ച വിഗ്രഹങ്ങൾ പോലുള്ള വസ്തുക്കളോ? ഇമാം സമഖ്ശരി പറയുന്നു:

ويروى ان الرجل منهم كان يعبد الحجر فاذا رأى احسن منه رمى به وأخذ اخر

(كشاف سورة الفرقان)

"അവരിൽ ചിലർ കല്ലിനെ ആരാധിക്കും. അതിലും നല്ല മറ്റൊരു കല്ലു കണ്ടാൽ ആദ്യത്തേത് എറിഞ്ഞുകളയും; മറ്റെ കല്ലെടുക്കും എന്ന് ഉദ്ധരിക്കപ്പെടുന്നു." ഇവിടെ ദൈവം ദേഹേച്ഛയോ അതോ ഇച്ഛിച്ച കല്ലോ? സമഖ്ശരിയുടെ മറ്റൊരു വാചകം കാണുക:

كان يستحسن الحجر فيعبده فاذا رأى ما هو احسن منه رفضه اليه فكانه اتخذ هواه الهة شتى يعبد كل وقت واحدا منها (كشاف سوره الجاثية)

"അവന് ഒരു കല്ല് (വിഗ്രഹം) മെച്ചപ്പെട്ടതായി തോന്നിയാൽ അതിനെ ആരാധിക്കും. അതിലും മെച്ചപ്പെട്ട മറ്റൊന്നിനെ കണ്ടാൽ അതായി അവന്റെ ഇലാഹ്. ആദ്യത്തേത് ഉപക്ഷേിച്ചു. അപ്പോഴേ അവന്റെ ദേഹേച്ഛ അവന് പല ദൈവങ്ങളെയും ഉണ്ടാക്കിയ പോലെയായിത്തീർന്നു. ഓരോ സമയത്തും അവയിൽ നിന്ന് ഓരോന്നിന് ഇബാദത്ത് ചെയ്യുന്നു." ഇവിടെ ദൈവം ദേഹേച്ഛയോ അതോ ദേഹേച്ഛ ഉണ്ടാക്കിക്കൊടുത്ത വിഗ്രഹങ്ങളോ? ഇബ്നുജരീർ അത്തബ്രിയുടെ വിശദീകരണം ഇതാ:

ان الرجل من المشركين كان يعبد الحجر فاذا رأى احسن منه رمى به واخذ الاخر يعبده فكان معبوده والهه ما يتخيره لنفسه (الطبرى– الفرقان)

"ബഹുദൈവാരാധകന്മാരിൽ ഒരാളേ ഒരു കല്ലിന് ഇബാദത്ത് ചെയ്യുന്നുണ്ടാവും. എന്നാൽ അതിനേക്കാളേ മെച്ചപ്പെട്ടത് കണ്ടാൽ ആദ്യത്തേത് വലിച്ചെറിഞ്ഞ് മറ്റേതിന് ഇബാദത്ത് ചെയ്തുകൊണ്ടിരിക്കും. അപ്പോഴേ അവന്റെ ആരാധ്യനും ദൈവവുമെല്ലാം അവൻ തനിക്കു വേണ്ടി സ്വയം തെരഞ്ഞെടുക്കുന്നത് ആയിരിക്കും."

ദേഹേച്ഛയുടെ വിവക്ഷ

ഈ വിഷയത്തിൽ പൂർവിക പണ്ഡിതന്മാരുടെ എത്രയോ അഭിപ്രായങ്ങളേ ഇനിയും ഉദ്ധരിക്കാനുണ്ട്. ഇത്രയും ഉദ്ധരിച്ചത് വായനക്കാർ ചിന്തിക്കുവാനും സംഗതി കൂടുതൽ വ്യക്തമാക്കാനുമാണ്. എല്ലാ പള്ളിദർസുകളിലും പ്രചാരത്തിലുള്ള ജലാലൈനിയുടെ വ്യാഖ്യാനം പോലും ശ്രദ്ധിക്കപ്പെടാതെ പോയി എന്നതാണ് ആശ്ചര്യം. മറ്റെല്ലാ ഖുർആൻ വ്യാഖ്യാതാക്കളേയും പോലെ ജലാലൈനിയും **هواه** എന്നതിന് **مهويه** (ഇച്ഛരിക്കപ്പെടുന്ന വസ്തു) എന്നാണ് അർത്ഥം കൊടുത്തിട്ടുള്ളത്.

اتخذ الهه هواه اى مهويه (جلالين – سورة الفرقان)

"ദേഹേച്ഛയെ ദൈവമാക്കി എന്നാൽ ഇച്ഛരിക്കപ്പെടുന്ന വസ്തുക്കളെ ദൈവമാക്കി എന്നു സാരം."

اتخذ الهه هواه اى ما يهويه من حجر بعد حجر يراه احسن منه – جلالين سورة الجاثية

"ദേഹേച്ഛയെ ദൈവമാക്കി എന്നാൽ ഏതൊന്നിനെയാണോ അവൻ ഇച്ഛരിക്കുന്നത് അതിനെ ദൈവമാക്കി. കുറേ കാലം ഒരു കല്ലാണെങ്കിൽ അതിനു ശേഷം അതിനേക്കാളേ നന്നായി തോന്നുന്ന വേറെ ഒരു കല്ല് ആരാധിക്കപ്പെടുന്നു."

ചുരുക്കത്തിൽ ഈ ദൈവത്തിന്റെ വിവക്ഷ വിഗ്രഹങ്ങളേ എന്നാണ്. ഇബാദത്ത് വിഗ്രഹങ്ങളേക്കും. ഈ ദൈവങ്ങളെ നിശ്ചയിച്ചത് ബുദ്ധിപൂർവകമല്ല എന്നാണ് അല്ലാഹു ആക്ഷേപിക്കുന്നത്. ഏകദൈവത്തെ ആരാധിക്കുന്നതും അല്ലാഹുവിനെ മാത്രം ദൈവമായി കാണുന്നതുമാണ് ബുദ്ധിപൂർവകം. മുഹമ്മദ് നബി(സ) അല്ലാഹുവിലേക്ക് വിളിക്കുന്നത് ബുദ്ധിയുടെയും ചിന്തയുടെയും വെളിച്ചത്തിലാണ്.

قُلْ هٰذِهٖ سَبِيلِي اَدْعُوٓا اِلَى اللّٰهِ عَلٰى بَصِيرَةٍ اَنَا وَمَنِ اتَّبَعَنِي وَسُبْحَانَ اللّٰهِ وَمَا اَنَا مِنَ الْمُشْرِكِينَ – سورة يوسف

"പറയുക: ഇതാകുന്നു എന്റെ വഴി. ഞാനും എന്നെ പിന്തുടർന്നിട്ടുള്ളവരും അല്ലാഹുവിലേക്ക് വിളിക്കുന്നത് ഉൾക്കാഴ്ച(ബുദ്ധി)യുടെ അടിസ്ഥാനത്തിലാണ്. അല്ലാഹു പരിശുദ്ധനാണ്. ഞാൻ ബഹുദൈവാരാധകരിൽ പെട്ടവനല്ല."

എന്നാൽ ദേഹേച്ഛയും വെറും ഊഹങ്ങളുമാണ് ബഹുദൈവാരാധകന്മാർ തങ്ങളുടെ ദൈവങ്ങളെയും ആരാധനാമൂർത്തികളെയും നിർണയിച്ചതിന്റെ നിദാനം എന്ന് സൂറത്തു നജ്മിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു:

اَفَرَاَيْتُمُ اللّٰتَ وَالْعُزّٰى وَمَنٰوةَ الثَّالِثَةَ الْاُخْرٰى اَلَكُمُ الذَّكَرُ وَلَهُ الْاُنْثٰى تِلْكَ اِذًا قِسْمَةٌ ضِيزٰى اِنْ هِيَ اِلَّآ اَسْمَآءٌ سَمَّيْتُمُوهَآ اَنْتُمْ وَاٰبَآؤُكُمْ مَّآ اَنْزَلَ اللّٰهُ بِهَا مِنْ سُلْطٰنٍ اِنْ يَتَّبِعُونَ اِلَّا الظَّنَّ وَمَا تَهْوَى الْاَنْفُسُ وَلَقَدْ جَآءَهُمْ مِنْ رَبِّهِمُ الْهُدٰى (سورة النجم)

"എന്നാൽ ലാത്തയെയും ഉസ്സയെയും മൂന്നാമതൊരു മനാത്തയെയും

നിങ്ങൾ കണ്ടുവോ? നിങ്ങൾക്ക് ആണും അവന് പെണ്ണുമാണോ? ഇതു തീർച്ചയായും അന്യായമായ വിഭജനം തന്നെയാണ്. ഇതു നിങ്ങളും നിങ്ങളുടെ പിതാക്കളും പേർ വെച്ചുണ്ടാക്കിയ വെറും നാമങ്ങൾ മാത്രമാണ്. അല്ലാഹു അവക്ക് യാതൊരു തെളിവും ഇറക്കിയിട്ടില്ല. ഊഹത്തെയും മനസ്സുകൾ ഇച്ഛിക്കുന്നതിനെയും മാത്രമാണ് അവർ പിന്തുടരുന്നത്. എന്നാൽ അവരുടെ രക്ഷിതാവിങ്കൽ നിന്ന് അവർക്ക് തീർച്ച യായും മാർഗദർശനം വന്നുകഴിഞ്ഞിട്ടുമുണ്ട്."

ഇവിടെ ലാത്ത, ഉസ്സ, മനാത്ത മുതലായവയെ സ്വീകരിച്ച അറബികൾ ദേഹേച്ഛയെ പിന്തുടർന്നാണ് അങ്ങനെ ചെയ്തിട്ടുള്ളത് എന്ന വസ്തുതയാണ് 'മനസ്സുകൾ ഇച്ഛിക്കുന്നതിനെയും മാത്രമാണ് അവർ പിന്തുടരുന്നത്' എന്ന വാചകം സൂചിപ്പിക്കുന്നത്. ഇതേ ആശയം തന്നെയാണ് 'ദേഹേച്ഛയെ ദൈവമാക്കിയവനെ നീ കണ്ടുവോ' എന്ന വചനവും വെളിപ്പെടുത്തുന്നത്.

ഇതുപോലെ തന്നെ സൂറത്തു അൻആമിൽ ബഹുദൈവാരാധകന്മാർ വെറും ദേഹേച്ഛയെ മാത്രമാണ് അവലംബമാക്കിയിട്ടുള്ളതെന്ന് തുറന്നുകാണിക്കുന്നു:

قُلْ إِنِّي نُهِيتُ أَنْ أَعْبُدَ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ قُلْ لَا أَتَّبِعُ أَهْوَاءَكُمْ قَدْ ضَلَلْتُ إِذًا وَمَا أَنَا مِنَ الْمُهْتَدِينَ (سورة الانعام)

"പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കുന്നവയെ ആരാധിക്കുന്നതിനെ എന്നോട് വിരോധിച്ചിരിക്കുന്നു. പറയുക: നിങ്ങളുടെ ദേഹേച്ഛയെ ഞാൻ പിൻപറ്റുകയില്ല. അങ്ങനെയെങ്കിൽ ഞാൻ വഴി തെറ്റിപ്പോയി. നേർവഴി പ്രാപിച്ചവരിൽ ഞാൻ പെടുകയുമില്ല." ഇങ്ങനെ ഖുർആനിൽ പല സ്ഥലത്തും വ്യക്തമാക്കിയ ഒരു കാര്യമാണിത്.

അനുസരണമെന്നു സമ്മതിച്ചാൽ

ഇനി ഇബാദത്തിന്റെ അർത്ഥം അനുസരണമാണെന്ന് വാദത്തിനു വേണ്ടി സമ്മതിക്കുക. എന്നിട്ട് ദേഹേച്ഛയെ അനുസരിക്കൽ അതിന് ഇബാദത്ത് ചെയ്യലാണ് എന്ന ചിന്തയെ നമുക്കൊന്ന് വിശകലനം ചെയ്യാം. ദേഹേച്ഛയെ അനുസരിച്ച് മനുഷ്യൻ പലതും ചെയ്യുമെന്ന് വരും. ചിലർ ദേഹേച്ഛയെ അനുസരിച്ച് പുകവലിച്ചേക്കാം. വേറെ ചിലർ

സിനിമ കണ്ടേക്കാം. മറ്റു ചിലർ മദ്യം സേവിച്ചെന്നും വരും. ഇതുകൊണ്ടെല്ലാം മനുഷ്യൻ ദേഹേച്ഛക്ക് ഇബാദത്ത് ചെയ്തു എന്നു വരാൻ പാടുണ്ടോ? ഇബാദത്ത് ചെയ്തുവെന്ന് സമ്മതിച്ചാൽ മുശ്രിക്കാവും. അങ്ങനെ വിചാരിക്കാൻ ഒരിക്കലും പാടുള്ളതല്ല. ഒരുപക്ഷെ അവൻ ചെയ്ത കാര്യം തെറ്റായിരിക്കാം. തെറ്റു ചെയ്താൽ മുശ്രിക്കായി എന്ന് അല്ലാഹുവോ റസൂലോ സലഫുസ്സാലിഹുകളോ പറഞ്ഞിട്ടില്ല. എന്നാൽ, ദേഹേച്ഛയെ അനുസരിച്ചുകൊണ്ട് അല്ലാഹു അല്ലാത്ത ദൈവങ്ങൾക്ക് ഇബാദത്ത് ചെയ്താൽ മുശ്രിക്ക് (ബഹുദൈവാരാധകൻ) ആയി. അതിൽ ആർക്കും തർക്കവുമില്ല. ഇപ്പോൾ ദേഹേച്ഛയെ അനുസരിക്കലല്ല ഇബാദത്ത് എന്ന കാര്യം വ്യക്തമായിക്കാണുമല്ലോ.

❋❋

ത്വാഗൂത്തിനുള്ള ഇബാദത്ത്

ത്വാഗൂത്ത് എന്ന പദം ഇന്ന് വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. ത്വാഗൂത്ത് എന്നാൽ അല്ലാഹുവല്ലാത്ത ഭരണാധികാരികളാണെന്നും ത്വാഗൂത്തിനുള്ള ഇബാദത്ത് എന്നാൽ അവർക്കുള്ള അനുസരണമാണെന്നും പ്രചരിപ്പിക്കപ്പെടുന്നു. അപ്പോൾ അത്തരം ഭരണാധികാരികളെ അനുസരിക്കൽ ശിർക്കും അനുസരിക്കുന്നവൻ മുശ്‌രിക്കുമാണല്ലോ.

വ്യാഖ്യാനങ്ങളിലും ഭാഷയിലും

ഈ പരിതസ്ഥിതിയിൽ 'ത്വാഗൂത്ത്' طاغوت എന്ന പദം ഏത് അർത്ഥത്തിന്നാണ് പരിശുദ്ധ ഖുർആൻ പ്രയോഗിച്ചിട്ടുള്ളതെന്നും ആധികാരികമായ ഖുർആൻ വ്യാഖ്യാതാക്കളുടെയും ഭാഷാപണ്ഡിതന്മാരുടെയും അഭിപ്രായങ്ങൾ എന്തൊക്കെയാണെന്നും നാം അറിഞ്ഞിരിക്കണം. ആദ്യമായി ഖുർആനിലെ പ്രതിപാദനങ്ങൾ ശ്രദ്ധിക്കാം.

لَا إِكْرَاهَ فِي الدِّينِ قَد تَّبَيَّنَ الرُّشْدُ مِنَ الْغَيِّ فَمَن يَكْفُرْ بِالطَّاغُوتِ وَيُؤْمِن بِاللَّهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَىٰ لَا انفِصَامَ لَهَا وَاللَّهُ سَمِيعٌ عَلِيمٌ. اللَّهُ وَلِيُّ الَّذِينَ آمَنُوا يُخْرِجُهُم مِّنَ الظُّلُمَاتِ إِلَى النُّورِ، وَالَّذِينَ كَفَرُوا أَوْلِيَاؤُهُمُ الطَّاغُوتُ يُخْرِجُونَهُم مِّنَ النُّورِ إِلَى الظُّلُمَاتِ أُولَٰئِكَ أَصْحَابُ النَّارِ هُمْ فِيهَا خَالِدُونَ (البقرة)

"മതത്തിൽ നിർബന്ധമില്ല. സന്മാർഗം ദുർമാർഗത്തിൽ നിന്ന് തികച്ചും വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ആർ അതിക്രമകാരിയെ (പിശാചിനെ) അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ, അപ്പോൾ അവൻ ഏറ്റവും ബലവത്തായ ഒരു കയറിൽ പിടിച്ചുകഴിഞ്ഞു. അതൊരിക്കലും പൊട്ടിപ്പോവുകയില്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനും ആകുന്നു. അല്ലാഹു സത്യവിശ്വാസിയുടെ രക്ഷിതാവ് ആകുന്നു. അവൻ അവരെ എല്ലാവിധ അന്ധകാരങ്ങളിൽ നിന്നും പ്രകാശത്തിലേക്ക് കൊണ്ടുവരുന്നു. അവിശ്വാസികളുടെ രക്ഷിതാക്കളാകട്ടെ അതിക്രമകാരി (പിശാചുക്കൾ) ആകുന്നു. അവർ അവരെ പ്രകാശത്തിൽ നിന്ന് അന്ധകാരത്തിലേക്ക് കൊണ്ടുപോവുകയാണ് ചെയ്യുന്നത്. അവർ നരകവാസികളാകുന്നു. അവർ അതിൽ എന്നും വസിക്കുന്നവരുമാണ്." (2: 356, 357)

الَّذِينَ آمَنُوا يُقَاتِلُونَ فِي سَبِيلِ اللَّهِ وَالَّذِينَ كَفَرُوا يُقَاتِلُونَ فِي سَبِيلِ الطَّاغُوتِ فَقَاتِلُوا أَوْلِيَاءَ الشَّيْطَانِ إِنَّ كَيْدَ الشَّيْطَانِ كَانَ ضَعِيفًا (النساء)

"സത്യവിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അവിശ്വാസികൾ ആക്രമി(പിശാച്)യുടെ മാർഗത്തിലും യുദ്ധം ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ പിശാചിന്റെ മിത്രങ്ങളോട് (അവിശ്വാസികളോട്) യുദ്ധം ചെയ്യുവീൻ. തീർച്ചയായും പിശാചിന്റെ കുതന്ത്രങ്ങൾ എപ്പോഴും ബലഹീനമായിട്ടുള്ളതാണ്." (4: 76)

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ فَمِنْهُم مَّنْ هَدَى اللَّهُ وَمِنْهُم مَّنْ حَقَّتْ عَلَيْهِ الضَّلَالَةُ فَسِيرُوا فِي الْأَرْضِ فَانظُرُوا كَيْفَ كَانَ عَاقِبَةُ الْمُكَذِّبِينَ (النحل)

"സർവ സമുദായങ്ങളിലും ഓരോ ദൈവദൂതന്മാരെ നാം നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവീൻ; അതിക്രമകാരിയെ (പിശാചിനെ) വർജ്ജിക്കുവീൻ (എന്ന ഉപദേശവുമായി). എന്നാൽ അവരിൽ ചിലരെ അല്ലാഹു നേരായ വഴിയിലേക്ക് നയിച്ചിട്ടുണ്ട്. ദുർമാർഗ്ഗം ബാധ്യതയായി തീർന്നവരും അവരിൽ ഉണ്ട്. ഭൂമിയിൽ ചുറ്റിനടന്നു നോക്കുക. സത്യനിഷേധികളുടെ പരിണാമം എങ്ങിനെയായിരുന്നുവെന്നു കാണുക." (16:36)

وَالَّذِينَ اجْتَنَبُوا الطَّاغُوتَ أَنْ يَعْبُدُوهَا وَأَنَابُوا إِلَى اللَّهِ لَهُمُ الْبُشْرَى (الزمر)

"അതിക്രമകാരി(പിശാച്)യെ ആരാധിക്കുന്നതിനെ വർജ്ജിക്കുകയും അല്ലാഹുവിലേക്ക് മടങ്ങുകയും ചെയ്യുന്നവർക്ക് സന്തോഷവാർത്തയുണ്ട്." (39: 17)

قُلْ هَلْ أُنَبِّئُكُمْ بِشَرٍّ مِنْ ذَٰلِكَ مَثُوبَةً عِنْدَ اللَّهِ وَغَضِبَ عَلَيْهِ وَجَعَلَ مِنْهُمُ الْقِرَدَةَ وَالْخَنَازِيرَ وَعَبَدَ الطَّاغُوتَ أُولَٰئِكَ شَرٌّ مَكَانًا وَأَضَلُّ عَنْ سَوَاءِ السَّبِيلِ (المائدة)

"പറയുക, അല്ലാഹുവിങ്കൽ അതിലും ചീത്തയായ പ്രതിഫലം ലഭിക്കുന്നവരെ സംബന്ധിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? അല്ലാഹുവിന്റെ ശാപത്തിനും കോപത്തിനും വിധേയരാവുകയും കുരങ്ങന്മാരെയും പന്നികളെയും അവരിൽ നിന്ന് ഉണ്ടാക്കുകയും ആക്രമകാരിയെ (പിശാചിനെ) ആരാധിക്കുകയും ചെയ്തിട്ടുള്ളവർ ആരോ (അവരാണത്). അവർ സ്ഥാനം കൊണ്ട് വളരെ മോശമായവരും ഏറ്റവും കൂടുതൽ വഴി പിഴച്ചവരുമാകുന്നു." (5: 60)

മേൽ ഉദ്ധരിച്ച സൂക്തങ്ങളിലെ 'ത്വാഗൂത്ത്' എന്ന പദം പ്രയോഗിച്ച സ്ഥലങ്ങൾ സശ്രദ്ധം വീക്ഷിക്കുക. പരിഭാഷയിൽ അക്രമകാരി (പിശാച്) എന്നർത്ഥം കൊടുത്തിട്ടുള്ളത് ത്വാഗൂത്ത് എന്ന പദത്തിന്നാണ്. ആ പദത്തിന്റെ ധാതു ഉൾക്കൊള്ളുന്ന ഭാഷാർത്ഥവും ഉദ്ദേശ്യവും ഉൾപ്പെടുത്തിയാണ് പരിഭാഷ കൊടുത്തിരിക്കുന്നത്.

طغي – يطغو – طغيان എന്നിങ്ങനെയുള്ള പദരൂപത്തിൽ നിന്നെടുത്തിട്ടുള്ളതാണ് **طاغوت** (ത്വാഗൂത്ത്). അപ്പോൾ അതിക്രമകാരി, അതിക്രമമൂർത്തി എന്നെല്ലാമായിരിക്കും ത്വാഗൂത്തിന്റെ ഭാഷാർത്ഥം. ഈ അർത്ഥത്തിന് 'ത്വാഗൂത്ത്' എന്നു പ്രയോഗിക്കുന്നതുപോലെ 'ത്വാഗിയത്ത്' എന്നും പ്രയോഗിക്കാറുണ്ട്. ദൂസ് ഗോത്രക്കാരുടെ വിഗ്രഹത്തെക്കുറിച്ച് 'ത്വാഗിയത്ത് ദൂസ്' എന്ന പ്രയോഗം പ്രസിദ്ധമാണ്.

എന്താണീ ത്വാഗൂത്ത്?

ഖുർആനിലെ ഈ ത്വാഗൂത്തിനെകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് എന്ന ചിന്ത സ്വാഭാവികമാണ്. അത് പിശാച് ആണെന്ന് ഒരു വലിയ വിഭാഗം ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. അപ്പോൾ

ത്വാഗൂത്തിന്റെ ഭാഷാർത്ഥം ആക്രമകാരിയെന്നും ഉദ്ദേശ്യം പിശാച് എന്നുമാണെന്ന് സുവ്യക്തം. പിശാചാണെങ്കിൽ ആദമിന്റെ മക്കൾക്ക് അപരിചിതനല്ല. വളരെ സുപരിചിതനാണ്. സുപരിചിത നാമങ്ങളിൽ സാധാരണ ചേർത്ത് ഉച്ചരിക്കാറുള്ള **ال** (അൽ) എന്ന അവ്യയം ചേർത്തുകൊണ്ടാണ് ഖുർആനിൽ പ്രസ്തുത പദം പ്രയോഗിച്ചു കാണുന്നത്. **الطاغوت = طاغوت+ال** (അത്ത്വാഗൂത്ത്). അതുകൊണ്ട് അതിന് ആ അതിക്രമകാരി (പിശാച്) എന്നു പരിഭാഷപ്പെടുത്തി കൊടുക്കാവുന്നതാണ്. അതിക്രമകാരിയെന്ന് ഭാഷാർത്ഥം. പിശാച് എന്ന് ഉദ്ദേശ്യം.

പണ്ഡിതാഭിപ്രായങ്ങൾ

ഇനി നമുക്ക് ത്വാഗൂത്തിനെ പറ്റിയുള്ള പണ്ഡിതാഭിപ്രായങ്ങൾ പരിശോധിക്കാം. അതി പൗരാണികവും പ്രാമാണികവും സുപ്രസിദ്ധവുമായ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമാണ് ഇബ്നു ജരീറുത്ത്വിബ്രി(റ)യുടെ 'ജാമിഉൽ ബയാൻ' ത്വിബ്രിയുടെ വാചകം കാണുക:

اختلف اهل التأويل فى معنى الطاغوت فقال بعضهم هو الشيطان.... وقال اخرون الطاغوت هو الساحر.... وقال اخرون الطاغوت هو الكاهن (جامع البيان للطبرى بحذف الدلائل لكل فريق ٣ – ١٩)

"ഖുർആൻ വ്യാഖ്യാതാക്കൾ ത്വാഗൂത്തിന്റെ അർത്ഥത്തിൽ ഭിന്നാഭിപ്രായക്കാരാണ്. ചിലർ പറയുന്നത് അത് പിശാചെന്നാണ്. മറ്റു ചിലരുടെ അഭിപ്രായം ത്വാഗൂത്ത് ആഭിചാരകൻ എന്നാകുന്നു. വേറെ ചിലർ പറഞ്ഞിട്ടുള്ളത് ത്വാഗൂത്ത് ജോത്സ്യൻ ആകുന്നു എന്നാണ്."

ഈ അഭിപ്രായങ്ങളുടെ ന്യായീകരണങ്ങൾ ലേഖന ദൈർഘ്യം ഭയന്ന് ത്വബ്രിയിൽ നിന്നും ഉദ്ധരിക്കുന്നില്ല. ഇവിടെ ഒന്നാമത്തെ അഭിപ്രായം ശൈത്താൻ എന്നതാണ് എന്ന കാര്യം ശ്രദ്ധയിലിരിക്കട്ടെ. രണ്ടും മൂന്നും അഭിപ്രായങ്ങൾ ആഭിചാരകൻ, ജ്യോത്സ്യൻ എന്നുമാണല്ലോ. ജോത്സ്യവൃത്തിയും ആഭിചാരവും പൈശാചികമെന്നുള്ളത് ശ്രദ്ധേയമാണ്. അപ്പോൾ മൂന്ന് അഭിപ്രായങ്ങളും യഥാർത്ഥത്തിൽ ഭിന്നമല്ല, ഏകദേശം ഒന്നുതന്നെ. ഒന്നു പിശാചും മറ്റു രണ്ടും പൈശാചികവും. എല്ലാ അതിക്രമകാരിയായ ദൈവങ്ങൾക്കും പ്രയോഗിക്കാമെന്ന അഭിപ്രായമാണ് ത്വബ്രിയുടെ അഭിപ്രായമായി രേഖപ്പെടുത്തിയിട്ടുള്ളത്.

ഖുർആനിലെ പദങ്ങൾക്ക് അർത്ഥം വിശദീകരിക്കുന്ന ഗ്രന്ഥങ്ങളിൽ പൊതുവെ അംഗീകരിക്കപ്പെട്ട റാഗിബുൽ ഇസ്ഫഹാനിയുടെ 'മുഫ്റദാത്തി'ലും നബി വചനങ്ങൾക്കർത്ഥം പറയുന്നതിൽ പ്രധാനമായ 'നിഹായത്തുബ്നിൽ അസീറി'ലും ഏറെക്കുറെ ഇതേ അർത്ഥം തന്നെയാണെന്നു കാണാം. റാഗിബിന്റെ 'മുഫ്റദാത്തി'ൽ ഇങ്ങനെയാണ്:

الطاغوت عبارة عن كل معبود من دون الله مسمى الساحرو الكاهن والمارد من الجن ولصارف عن طريق الخير طاغوت – المفردات للراغب الاصفهانى

"അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന എല്ലാ ആരാധ്യവസ്തുക്കൾക്കും ത്വാഗൂത്ത് എന്നു പറയുന്നു. ആഭിചാരകനും ജോത്സ്യനും ജിന്നു വർഗത്തിൽ പെട്ട ക്രൂരനും നന്മയിൽ നിന്ന് തെറ്റിക്കുന്നവനും ത്വാഗൂത്ത് എന്ന് പേർ ലഭിച്ചിട്ടുണ്ട്.

'നിഹായത്തു ഇബ്നുഅസീറി'ലെ വാചകം ഇങ്ങനെയാണ്:

وهو الشيطان او ما-يزين لهم ان يعبدوه من الاصنام ويقال للصنم طاغوت

"അത് ഒന്നുകിൽ പിശാച് അല്ലെങ്കിൽ ബഹുദൈവാരാധകന്മാർക്ക് പിശാചിനെ മോടി പിടിപ്പിച്ചു കാണിച്ചുകൊടുക്കുന്ന വിഗ്രഹങ്ങൾ. വിഗ്രഹത്തിനും ത്വാഗൂത്ത് എന്നു പറയാറുണ്ട്."

മറ്റു പ്രാമാണികയോഗ്യമായ ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലും ഈ അഭിപ്രായം തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസിദ്ധ ഭാഷാപണ്ഡിതനും ഖുർആൻ വ്യാഖ്യാതാവുമായ സമഖ്ശരി തന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ കശ്ശാഫിൽ സൂറത്തുബഖറയിലെ اَوْلِيَآؤُهُمُ الطَّاغُوتُ എന്ന ആയത്തിന്റെ വ്യാഖ്യാനത്തിൽ ത്വാഗൂത്തിന് 'ശയാത്വീൻ' (പിശാചുക്കൾ) എന്ന അർത്ഥമാണ് കൊടുത്തിരിക്കുന്നത്. സഹീഹുൽ ബുഖാരിയുടെ ഖുർആൻ വ്യാഖ്യാനവിഭാഗത്തിൽ كتاب التفسير ഇങ്ങനെ കാണാം:

وقال عمر: والطاغوت الشيطان – فتح البارى ٨ – ٢٠٢

"ഉമർ പറഞ്ഞിരിക്കുന്നു: ത്വാഗൂത്ത് പിശാചാകുന്നു."

ഇനിയും പണ്ഡിതാഭിപ്രായങ്ങൾ ഉദ്ധരിച്ച് ദീർഘിപ്പിക്കേണ്ടതായ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

വഴിതെറ്റിക്കുന്ന ശത്രു

മനുഷ്യന്റെ ശത്രുവായ പിശാചിന്റെ നാശത്തിൽ നിന്ന് രക്ഷ തേടുവാൻ നാം സദാ കൽപിക്കപ്പെട്ടവരാണ്. 'പ്രത്യക്ഷമായ ശത്രു' എന്നാണ് പരിശുദ്ധ ഖുർആൻ പിശാചിനെ വിശേഷിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ അവന്റെ ശത്രുത ഗോപ്യമല്ലെന്ന് മനസ്സിലാക്കാം. ഈ ശത്രുവിന്റെ ജോലി മനുഷ്യനെ വഴിതെറ്റിക്കലാണ്. അല്ലാഹു അല്ലാത്ത വസ്തുക്കളെ, വിഗ്രഹങ്ങളെയും മഹാന്മാരെയും മറ്റും ആരാധിക്കുവാൻ പിശാച് ചൂണ്ടിക്കാണിച്ചു തരുന്ന ഇതര ദൈവങ്ങളെ ആരാധിക്കരുത് എന്ന അർത്ഥത്തിൽ പിശാചിനെ ആരാധിക്കരുത് എന്ന് ഖുർആനിൽ പലയിടത്തും കാണാം.

اَلَمْ اَعْهَدْ اِلَيْكُمْ يَا بَنِىٓ اٰدَمَ اَنْ لَّا تَعْبُدُوا الشَّيْطَانَ اِنَّهٗ لَكُمْ عَدُوٌّ مُّبِيْنٌ (يسن)

"മനുഷ്യ സന്താനങ്ങളേ, പിശാചിനെ ആരാധിക്കരുതെന്ന് ഞാൻ നിങ്ങളോട് കരാർ ചെയ്തിരുന്നില്ലയോ. നിശ്ചയമായും പിശാച് നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു." (യാസീൻ: 60)

സർവശക്തനായ അല്ലാഹുവിനെ ഉപേക്ഷിച്ചുകൊണ്ട് അവന്റെ സൃഷ്ടികളെ ആരാധിക്കുവാൻ പ്രേരിപ്പിക്കുകയെന്ന ധിക്കാരവും അതിക്രമവും ചെയ്യുന്ന ഈ ദുഷ്ടനെ, പിശാചിനെ ത്വാഗൂത്ത് (അതിക്രമകാരി) എന്നു വിളിച്ചിരിക്കുകയാണ്.

ഈ പിശാചിനെ കയ്യൊഴിച്ചാൽ മാത്രമേ ബഹുദൈവാരാധന ലോകത്ത് നശിക്കുകയുള്ളൂ. അതുകൊണ്ട് ഈ അതിക്രമകാരിയിൽ അവിശ്വാസിക്കുകയും അവനെ പുറന്തള്ളുകയും വേണം. അല്ലാഹുവിൽ വിശ്വാസിക്കണം. ഇതാണ് 2: 256ൽ അല്ലാഹു ചൂണ്ടിക്കാണിക്കുന്നത്. സത്യവിശ്വാസിയുടെ രക്ഷിതാവ് അല്ലാഹുവാണ്. അവിശ്വാസികളുടേതോ പിശാചും. ഈ തത്വമാണ് 2: 257ൽ വിശദമാക്കുന്നത്. ഓരോ സത്യവിശ്വാസിയും അല്ലാഹുവിന്റെ മാർഗത്തിൽ നിലയുറപ്പിച്ച് അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി സമരം ചെയ്യുമ്പോൾ അവിശ്വാസികൾ പിശാചിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. ഇതാണ് ഖുർആനിൽ 4:76ൽ കാണാൻ സാധിക്കുന്നത്. ഏകദൈവ സിദ്ധാന്തം നടപ്പിൽ വരണമെങ്കിൽ പിശാചിനെ വർജിക്കണം. പിശാചിനെ ഉപേക്ഷിച്ച് ഏകദൈവത്തെ ആരാധിക്കുവാൻ ഉപദേശിക്കപ്പെടാത്ത ഒരു സമുദായവും ഭൂമുഖത്ത് ഉണ്ടായിട്ടില്ല. ഈ വസ്തുതയാണ് 16: 36ലും 29: 17ലും അല്ലാഹു ചൂണ്ടിക്കാണിക്കുന്നത്.

ഫറോവയുടെ ദിവ്യത്വ വാദത്തിനെതിരിൽ ഏകദൈവതത്വ സംഹിതയുടെ പ്രബോധകനായ മൂസാ നബി(അ)യുടെ അനുയായിക്കും പോലും പിശാചിന്റെ വലയിൽ കുടുങ്ങി ബഹുദൈവാരാധന ചെയ്തുപോയിട്ടുണ്ടെന്ന് 5: 60ൽ അല്ലാഹു വ്യക്തമാക്കുന്നു.

വിവിധങ്ങളായ ഉദ്ദേശങ്ങളും വിശദീകരിക്കുവാനായി പരിശുദ്ധ ഖുർആനിൽ പല സ്ഥലത്തും പിശാചിനെ സംബന്ധിച്ച് ത്വാഗൂത്ത് എന്ന് നാമകരണം ചെയ്തതായി കാണാം. അതിൽ ചിലതു മാത്രമാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. അവയുടെ ഉദ്ദേശങ്ങളും ചൂണ്ടിക്കാണിച്ചുവല്ലോ. ഇതുകൊണ്ടാണ് ത്വാഗൂത്ത് എന്നതിന്റെ വിവക്ഷ പിശാചാണെന്ന് ഈ ലേഖകൻ തറപ്പിച്ചുപറയുന്നത്. പ്രാചീനവും ആധുനികവും പ്രാമാണ്യയോഗ്യവുമായ ഖുർആൻ വ്യാഖ്യാതാക്കളുടെ അഭിപ്രായവും അതുതന്നെ.

മറ്റൊരു പരിശുദ്ധ വചനം

ത്വാഗൂത്തിന്റെ വിവക്ഷ ഭരണാധികാരികളാണെന്ന് തെറ്റിദ്ധരിക്കുകയോ ധരിപ്പിക്കുകയോ ചെയ്യുന്നവർ മറ്റൊരു പരിശുദ്ധ വചനം ഉദ്ധരിക്കാറുണ്ട്:

اَلَمْ تَرَ اِلَى الَّذِينَ يَزْعُمُونَ اَنَّهُمْ آمَنُوا بِمَا اُنْزِلَ اِلَيْكَ وَمَا اُنْزِلَ مِنْ قَبْلِكَ يُرِيدُونَ اَنْ يَتَحَاكَمُوا اِلَى الطَّاغُوتِ وَقَدْ اُمِرُوا اَنْ يَكْفُرُوا بِهِ وَيُرِيدُ الشَّيْطَانُ اَنْ يُضِلَّهُمْ ضَلَالًا بَعِيدًا (النساء)

"നിനക്ക് ഇറക്കപ്പെട്ട പരിശുദ്ധ ഖുർആനിലും നിനക്കു മുമ്പ് ഇറക്കപ്പെട്ട വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നുവെന്നു വാദിക്കുന്ന ചില മനുഷ്യരെ നീ കണ്ടില്ലേ. അതിക്രമകാരിയുടെ (പിശാചിന്റെ) അടുക്കൽ അന്യായം ബോധിപ്പിച്ച് വിധി തേടുവാൻ അവർ ഉദ്ദേശിക്കുന്നു. അവനെ അവിശ്വസിക്കുവാനാണ് അവരോട് കൽപിക്കപ്പെട്ടിരിക്കുന്നത്. അവരെ വിദൂരമായ വഴികേടിൽ ചാടിക്കുവാനാണ് പിശാച് ഉദ്ദേശിക്കുന്നത്." (4:60)

ഈ പരിശുദ്ധ വചനത്തിന്റെ വ്യാഖ്യാനത്തിൽ പല അഭിപ്രായങ്ങളും ഖുർആൻ വ്യാഖ്യാതാക്കളും ഉദ്ധരിച്ചുകാണുന്നുണ്ട്. ഇബ്നു ജരീറുത്ത്വിബ്രിയുടെ വാചകങ്ങളും ഇവിടെ ഉദ്ധരിക്കാം:

وقد ذكر ان هذه الآية نزلت فى رجل من المنافقين دعا رجلا من اليهود فى خصومة كانت بينهما الى بعض الكهان ليحكم بينهم ورسول الله (ص) بين اظهرهم (طبرى ٥٢ - ٥)

"ഈ വചനം കപടവിശ്വാസികളിൽ ഒരാളെ സംബന്ധിച്ച് അവതരിച്ചിട്ടുള്ളതാണെന്ന് പറയപ്പെട്ടിട്ടുണ്ട്. അയാളുടെയും ജൂതരിൽ പെട്ട ഒരാളുടെയും ഇടയിൽ ഒരു വഴക്കുണ്ടായപ്പോൾ അതിൽ തീരുമാനമെടുക്കുവാൻ ഒരു ജോത്സ്യന്റെ അടുക്കൽ പോകുവാൻ വേണ്ടി കപടവിശ്വാസി ജൂതനെ വിളിക്കുകയുണ്ടായി. നബി(സ) ആണെങ്കിൽ അവരുടെ മുമ്പിൽ ഉണ്ടുതാനും."

ഈ ജോത്സ്യൻ ജുഹൈന കുടുംബത്തിൽ പെട്ട ഒരാളായിരുന്നുവെന്നും തിബ്രിയിൽ തന്നെ തൊട്ടടുത്ത വരികളിൽ വിശദീകരിച്ച് കാണാം. പ്രശ്നം വച്ച് ഗുണദോഷങ്ങളും നിർണയിക്കുവാനും മുഹൂർത്തങ്ങളും നിശ്ചയിക്കുവാനും തീരുമാനങ്ങളും എടുക്കുവാനും എക്കാലത്തും ചിലർ ജോത്സ്യന്മാരെ സമീപിക്കുന്ന പതിവ് നമുക്ക് കാണാം.

ഇത്തരം ജോത്സ്യന്മാർക്ക് പൈശാചിക സഹായമുണ്ടെന്ന് ആളുകളും വിശ്വസിക്കുന്നു. ഇതുപോലെയുള്ള ജോത്സ്യന്മാർ ഓരോ അറബി കുടുംബത്തിനും ഉണ്ടായിരുന്നു. ആ ജോത്സ്യന്മാരുടെ മേൽ പിശാചുക്കളും ഇറങ്ങുന്നുവെന്ന് അവർ വിശ്വസിച്ചിരുന്നു. ഇത് ഏകദൈവ സിദ്ധാന്ത(തൗഹീദ്)ത്തിന് കടകവിരുദ്ധമാണെന്ന് ഏവർക്കും അറിയാമല്ലോ.

സ്വഹീഹുൽ ബുഖാരിയിലെ ചില വചനങ്ങളും താഴെ ഉദ്ധരിക്കാം:

وقال جابر كانت الطواغيت التى يتحاكمون اليها فى جهينة واحد وفى اسلم واحد وفى كل حى واحد كهان ينزل عليهم شيطان - (صحيح البخارى، كتاب التفسير)

"ജാബിർ(റ) പറഞ്ഞിട്ടുണ്ട്; അവർ വഴക്കുകൾക്ക് തീരുമാനത്തിനായി സമീപിച്ചിരുന്ന ത്വാഗൂത്തുകളും (പിശാചുകളും) ജുഹൈന കുടുംബത്തിന് ഒന്നും അസ്‌ലം കുടുംബത്തിന് വേറൊന്നുമായിരുന്നു. ഓരോ കുടുംബത്തിനും ഓരോന്ന് വീതമുണ്ടായിരുന്നു. അതായത് പിശാചുക്കളും ഇറങ്ങിക്കൊണ്ട് നിർദേശങ്ങളും നൽകിയിരുന്ന ജോത്സ്യന്മാർ."

ഇവിടെ പറഞ്ഞ ജൂഹൈന കുടുംബത്തിലെ ത്വാഗൂത്തിനെയാണ് മേൽ ആയത്തുകളിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്നാണ് ഇബ്നുജരീറുത്ത്വിബ്രി.'ജാമിഉൽ ബയാനി'ൽ പറഞ്ഞിട്ടുള്ളത്. ഇവിടെയും ത്വാഗൂത്തിന് പിശാച് എന്നർത്ഥമാക്കുന്നതിൽ യാതൊരപാകതയുമില്ല. കാരണം, ജൂഹൈന കുടുംബത്തിലെ ജോത്സ്യൻ പിശാച് തന്നെയാണ്, അഥവാ പിശാചിന്റെ പ്രതീകം. ഇത് ഒരിക്കലും ഭൗതിക ഭരണാധികാരിയല്ല. മറിച്ച് അന്ധവിശ്വാസികളായ ഭൗതിക ഭരണാധികാരികൾ പോലും അഭയം തേടുന്ന ദിവ്യൻ; അതെ ജോത്സ്യൻ.

ഇനി ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ത്വാഗൂത്തിന്റെ വിവക്ഷയിൽ മറ്റൊരഭിപ്രായമുണ്ട്. ആ അഭിപ്രായത്തെയാണ് ത്വാഗൂത്ത് ഭരണാധികാരികളാണെന്ന് പറയുന്നവർ അഭയം തേടുന്നത്. ആ അഭിപ്രായം ഇങ്ങനെ ചുരുക്കി വിവരിക്കാം: ബിശ്ർ എന്ന് പേരായ ഒരു കപട വിശ്വാസിയും ഒരു യഹൂദിയും തമ്മിൽ വഴക്കുണ്ടായി. തീരുമാനമെടുക്കുവാൻ യഹൂദി നബിയുടെ അടുക്കലേക്കും കപടൻ കഅ്ബുബ്നുൽ അശ്റഫിന്റെ അടുക്കലേക്കും വിളിച്ചു. അവസാനം രണ്ടുപേരും നബി(സ)യെ സമീപിച്ചു തീരുമാനത്തിന് ആവശ്യപ്പെട്ടു. നീതിപൂർവകമായ നബിയുടെ തീരുമാനം യഹൂദിക്ക് അനുകൂലമായപ്പോൾ കപടവിശ്വാസി അത് സ്വീകരിച്ചില്ല. അങ്ങനെ യഹൂദി ഉമർ(റ)വിനെ സമീപിച്ചു നബിയുടെ തീരുമാനം അറിയിച്ചു. ഇയാൾ അത് സ്വീകരിച്ചില്ലെന്ന് ജൂതൻ പറഞ്ഞപ്പോൾ ഉമർ(റ) കപടവിശ്വാസിയോട് ഇത് ശരിയാണോ എന്ന് ചോദിച്ചു. അതെയെന്ന് കപടൻ മറുപടി പറഞ്ഞു. ഉടനെ രണ്ടുപേരോടും അവിടെ നിൽക്കുവാൻ പറഞ്ഞുകൊണ്ട് ഉമർ അകത്തുപോയി. വാൾ ഊരിപ്പിടിച്ചുകൊണ്ട് പുറത്ത് വന്നു, നബിയുടെ വിധി സ്വീകരിക്കാത്തവർക്ക് ലഭിക്കേണ്ട ശിക്ഷ ഇതാണെന്ന് പറഞ്ഞുകൊണ്ട് കപട വിശ്വാസിയെ വധിച്ചു. ഈ കഥ ശരിയാണെങ്കിൽ (ശരിയല്ലെന്ന അഭിപ്രായക്കാരുമുണ്ട്) ഇതിൽ ത്വാഗൂത്ത് കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് കഅ്ബ്ബ്നുൽ അശ്റഫ് എന്ന ജൂതനെയാണ്.

വാസ്തവത്തിൽ ഇവിടെയും ത്വാഗൂത്തിന്റെ വിവക്ഷ അക്രമകാരി (പിശാച്) തന്നെയാണ്. പക്ഷെ കഅ്ബ്ബ്നു അശ്റഫിനെ പിശാചെന്ന് വിശേഷിപ്പിച്ചത് ജൂതർക്കിടയിൽ നീതിക്കും സത്യത്തിനും വിരുദ്ധമായ വിധത്തിലും അല്ലാഹുവും അവന്റെ റസൂലും കല്പിച്ചതിന് എതിരായും പൈശാചിക തീരുമാനമെടുത്തത് കൊണ്ടാണ്.

കശ്ശാഫിൽ സമഖ്ശരി പറയുന്നത് കാണുക:

والطاغوت كعب بن الاشرف سماه الله تعالى طاغوتا لافراطه فى الطغيان وعداوة رسول الله صلعم او على التشبيه بالشيطان والتسمية باسمه.. او جعل اختيار التحاكم الى غير رسول الله صلعم على التحاكم اليه تحاكما الى الشيطان بدليل قوله (وَيُرِيدُ الشَّيْطَانُ اَنْ يُضِلَّهُمْ) كشاف ٥٢٥ - ١

"ത്വാഗൂത്ത് കഅബുബ്നു അശ്റഫാകുന്നു. അതിക്രമത്തിലും നബി(സ)യോടുള്ള ശത്രുതയിലും അതിരുകവിഞ്ഞത് കൊണ്ട് അല്ലാഹു അയാൾക്ക് ത്വാഗൂത്ത് - അതിക്രമകാരി - എന്ന പേരിട്ടു. അല്ലെങ്കിൽ അയാളെ പിശാചിനോട് സാമ്യപ്പെടുത്തിക്കൊണ്ടും പിശാചിന്റെ പേരിട്ടുകൊണ്ടും ത്വാഗൂത്ത് എന്നു വിളിച്ചതായിരിക്കണം. അതുമല്ലെങ്കിൽ അല്ലാഹുവിന്റെ റസൂലായ മുഹമ്മദ് നബി(സ)യുടെ അടുക്കൽ വിധി തേടി പോകുന്നതിനെ ഉപേക്ഷിച്ചുകൊണ്ട് റസൂൽ അല്ലാത്ത കഅ്ബുബ്നുൽ അശ്റഫിന്റെ അടുക്കൽ വിധി തേടിപ്പോകുന്നതിനെ തെരഞ്ഞെടുത്തിരിക്കുകയാണല്ലോ ഇവിടെ. 'പിശാച് അവരെ പിഴപ്പിച്ചവയിൽ ആകുവാൻ ഉദ്ദേശിക്കുന്നു' എന്ന ആയത്തിന്റെ അടിസ്ഥാനത്തിൽ അതും പിശാചിന്റെ വിധി തേടലാണ്.

ചുരുക്കത്തിൽ അല്ലാഹു ഖുർആനിൽ ത്വാഗൂത്തുകളെ വർജിക്കണം എന്ന് പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യം നിലവിലുള്ള എല്ലാ ഭരണകൂടങ്ങളെയും തട്ടിത്തകർക്കണമെന്നോ, ഭരണാധികാരികൾ ദൈവങ്ങൾ (ഇലാഹുകൾ) ആണെന്നോ, നിലവിലുള്ള ഭരണങ്ങൾക്ക് കൂറു പ്രഖ്യാപിക്കൽ ബഹുദൈവാരാധന (ശിർക്ക്) ആണെന്നോ അല്ല, തീർച്ച. ഭരണം നീതിയോട് കൂടിയതാണെങ്കിൽ എതിർക്കേണ്ടതില്ലെന്നും അനീതിയാണെങ്കിൽ എതിർക്കേണ്ടതാണെന്നുമുള്ളത് ഇസ്ലാമിന്റെ മറ്റൊരു തത്വമാണ്. അവിടെ മുസ്ലിം ഗവൺമെന്റോ അമുസ്ലിം ഗവൺമെന്റോ എന്നതല്ല, നീതിയോ അനീതിയോ എന്നതാണ് പ്രശ്നം. ത്വാഗൂത്തിനെ വർജിക്കണം എന്നതുകൊണ്ടുള്ള വിവക്ഷ അന്ധവിശ്വാസാധിഷ്ഠിതമായ ബഹുദൈവാരാധന പാടെ ഉപേക്ഷിക്കണമെന്നും അതിന് പ്രേരണയും പ്രചോദനവും ന്യായീകരണവും കണ്ടെത്തി ദുർബോധനം നൽകുന്ന അതിക്രമകാരിയായ പിശാചിനെ പുറംതള്ളണമെന്നുമാണ്. ഇതു തന്നെയാണ് എല്ലാ പ്രവാചകന്മാരും ഈ ഭൂമുഖത്ത് പ്രബോധനം ചെയ്തിട്ടുള്ളതും.

❀❀

'ഇനിൽ ഹുക്മു ഇല്ലാ ലില്ലാഹ്'

നാലാം ഖലീഫ അലി(റ)യും അമീർ മുആവിയ(റ)യും തമ്മിലുണ്ടായ നിർഭാഗ്യകരമായ വഴക്കിൽ ഇരുഭാഗത്തു നിന്നുമുള്ള മാധ്യസ്ഥന്മാരായി അബൂമൂസൽ അശ്അരി(റ)യും അംറുബ്നു ആസി(റ)യും രംഗത്തുവന്നപ്പോൾ ആ മാധ്യസ്ഥത്തെ അപലപിക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് ഒരു മൂന്നാം വിഭാഗം പ്രചാരവേല ചെയ്തു. അവരാണ് ഖവാരിജുകൾ എന്ന പേരിൽ അറിയപ്പെടുന്നത്. അബൂമൂസക്കോ അംറുബ്നു ആസിക്കോ വിധിക്കുവാൻ അധികാരമില്ലെന്നും അല്ലാഹുവിന് മാത്രമേ വിധിക്ക് അധികാരമുള്ളൂ എന്നുമായിരുന്നു അവരുടെ വാദം. അതിനവർ വിശുദ്ധ ഖുർആനിൽ നിന്ന് തെളിവും കാണിച്ചു.

إِنِ الْحُكْمُ إِلَّا لِلَّهِ "വിധിക്കധികാരം അല്ലാഹുവിന്ന് മാത്രം."

ഇതിനെപ്പറ്റി അലി(റ)യുടെ പ്രതികരണമിങ്ങനെയായിരുന്നു:

كلمة حق اريد بها باطل "വചനം സത്യമെങ്കിലും ഉദ്ദേശ്യം തെറ്റാണ്."

വഴിതെറ്റിയ കക്ഷിയായി മുസ്ലിംലോകം പൊതുവെ അഭിപ്രായപ്പെടുന്ന ഖവാരിജുകളുടെ അതേ തെളിവ് പൊക്കിപ്പിടിച്ച് മനുഷ്യന് യാതൊരുതര നിയമനിർമാണത്തിന്നും അധികാരമില്ലെന്ന് വാദിക്കുന്ന ഒരു വിഭാഗം ഇന്നുമുണ്ട്. അന്ന് രാഷ്ട്രീയമായ ആവശ്യത്തിന് ഖവാരിജുകൾ ആ പരിശുദ്ധ വചനത്തെ ദുരുപയോഗപ്പെടുത്തിയ പോലെത്തന്നെ

ഇസ്ലാമിനെ ഒരു രാഷ്ട്രീയ പ്രസ്ഥാനമായി തരംതാഴ്ത്തുന്ന വിഭാഗവും ഈ വചനത്തെ ദുരുപയോഗപ്പെടുത്തുന്നു. അതുകൊണ്ട് പ്രസ്തുത പരിശുദ്ധ വചനത്തിന്റെ യഥാർത്ഥ ആശയമെന്തെന്ന് നമുക്ക് പരിശോധിക്കാം.

إِنِ الْحُكْمُ إِلَّا لِلَّهِ എന്നത് വിശുദ്ധ ഖുർആനിൽ മൂന്ന് സ്ഥലത്താണുള്ളത്. സൂറത്തു അൻആമിൽ 57-ാം വചനത്തിലും സൂറത്തു യൂസുഫിൽ 40, 47 എന്നീ വചനങ്ങളിലും. ഒന്നൊന്നായി എടുത്തു നമുക്ക് വിശദീകരിക്കാം. ഇതേ ആശയം കുറിക്കുന്ന മറ്റു വചനങ്ങളും പരിശോധിക്കാം. ആദ്യമായി സൂറത്തു യൂസുഫിലെ 40-ാം വചനം എടുക്കാം.

ആരാധ്യനെ നിശ്ചയിക്കുന്നതിൽ

مَا تَعْبُدُونَ مِنْ دُونِهِ إِلَّا أَسْمَاءً سَمَّيْتُمُوهَا أَنْتُمْ وَآبَاؤُكُمْ مَا أَنْزَلَ اللَّهُ بِهَا مِنْ سُلْطَانٍ إِنِ الْحُكْمُ إِلَّا لِلَّهِ أَمَرَ أَنْ لَا تَعْبُدُوا إِلَّا إِيَّاهُ ذَٰلِكَ الدِّينُ الْقَيِّمُ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ (يوسف ٤٠)

"അല്ലാഹുവിനെക്കൂടാതെ നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്ത് വിളിച്ച ചില പേരുകളെയല്ലാതെ നിങ്ങൾ ആരാധിക്കുന്നില്ല. അല്ലാഹു അവയെപ്പറ്റി തെളിവൊന്നും നൽകിയിട്ടില്ല! വിധി അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. അവൻ വിധിച്ചു; അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന്. അതാണ് നേരായ മതം. പക്ഷെ മനുഷ്യരധികവും മനസ്സിലാക്കുന്നില്ല."

യൂസുഫ് നബി ജയിലിൽ കൂടെയുണ്ടായിരുന്ന ബഹുദൈവാരാധകരെ ഏകദൈവ വിശ്വാസത്തിലേക്കു ക്ഷണിച്ചുകൊണ്ടു പറഞ്ഞതാണിത്. അന്നത്തെ ഈജിപ്ത്യൻ ജനത അല്ലാഹുവിനെക്കൂടാതെ പലരെയും ആരാധിച്ചിരുന്നു. പശുക്കുട്ടി മുതൽ ഗരുഡൻ വരെയും, ദൈവത്തിന്റെ പ്രതിപുരുഷൻ എന്നു വിശ്വസിക്കപ്പെട്ടിരുന്ന രാജാവിനെയും, മലക്കുകൾ മുതൽ സൂര്യ ചന്ദ്രാദികൾ വരെയും, തത്വങ്ങൾക്കായി രൂപകൽപന ചെയ്ത ദൈവങ്ങളെയും (സ്നേഹം, ക്രോധം, യുദ്ധം) കണ്ടതും കാണാത്തതുമായ രൂപങ്ങൾക്കു വേണ്ടി ഉണ്ടാക്കിയ ദൈവങ്ങളെയും ആരാധിച്ചു. അല്ലാഹു പറയുന്നു: എന്നിട്ടതിന്ന് ഇലാഹ്, റബ്ബ് ഇങ്ങനെയെല്ലാം പേരുകൾ പൂർവപിതാക്കൾ മുതൽ തന്നെ നൽകിപ്പോന്നു. നി

ങ്ങളും അതിന്നു ആരാധ്യരെന്ന പേർ നല്കി. അവയ്ക്കു പേരു നൽകുമ്പോഴും അത് അനർത്ഥമാകുന്നുണ്ടോ എന്ന് നിങ്ങളുടെ പിതാക്കളും ചിന്തിച്ചില്ല. ആരാധ്യനാകാൻ വേണ്ട ഗുണങ്ങളുണ്ടോയെന്നു നിങ്ങളും ചിന്തിച്ചില്ല. ഇവർ ആരാധ്യരാകാൻ കൊള്ളുമെന്ന് അല്ലാഹു ഒരു പ്രവാചകൻ മുഖേനയും തെളിവ്നൽകിയിട്ടില്ല.

ഇക്കാര്യത്തിൽ വിധി പ്രസ്താവിക്കേണ്ടവൻ അല്ലാഹു മാത്രമാണ്. ആരാണ് റബ്ബ്? ആരെ ആരാധിക്കണം? അല്ലാതെ അവർക്കിഷ്ടമുള്ള കുറെ വസ്തുക്കളെ പരമ്പരാഗതമായി ആരാധ്യനെന്ന് പേരു വിളിച്ചാൽ അത് ആരാധ്യനാവില്ല. അല്ലാഹു തെളിവു നൽകി ആരാധ്യനെന്ന് വിധിച്ചു ആരാധിക്കാൻ കൽപിച്ച ഏതൊന്നുണ്ടോ അതാണ് ആരാധ്യൻ. അവന്ന് ഏതെല്ലാം ആരാധനകളാണ് അർപ്പിക്കേണ്ടത് എന്നു വിധിക്കുവാനും അവന്ന് മാത്രമെ അധികാരമുള്ളൂ. അവനാണല്ലോ പ്രതിഫലം നൽകേണ്ടത്.

എന്നാൽ അവൻ വിധിച്ചത് ഇതാണ്: നിങ്ങൾ അവനെയല്ലാതെ ആരാധിക്കരുത്. അതാണ് നേരായ മതം. ഏകനായ അല്ലാഹുവിനെ ആരാധിക്കുക. മുർസലുകളും രാജാക്കന്മാരും പണ്ഡിതവര്യന്മാരും പണക്കാരും സാധാരണക്കാരും. അതിന്നിടയിൽ തട്ടിപ്പും വെട്ടിപ്പും നടത്തുവാൻ മധ്യവർത്തികളെ അനുവദിക്കാതിരിക്കുക. എല്ലാവരുടെയും ബന്ധം ആ കേന്ദ്രത്തിലേക്ക് നേരിട്ടായിരിക്കുക. അതാണ് നേരായ മതം.

ഇവിടെ ആരാധ്യനെയും ആരാധനമുറകളെയും സംബന്ധിച്ചു തീരുമാനമെടുക്കാൻ അല്ലാഹുവിന്നേ അധികാരമുള്ളൂ എന്ന കാര്യമാണ് പറഞ്ഞിട്ടുള്ളത്. മതപരമായ നിയമനിർമാണത്തിന്ന് അല്ലാഹുവിന് മാത്രമേ അവകാശമുള്ളൂവെന്നും അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിരുദ്ധമല്ലാതെ ഭൗതികമാത്രമായ നിയമങ്ങളുണ്ടാക്കാൻ മനുഷ്യർക്കും അവകാശമുണ്ടെന്നും നേരത്തെ വിവരിച്ചിട്ടുണ്ടല്ലോ. ഇനി നമുക്ക് സൂറത്തു യൂസുഫിലെ 67-ാം വചനം പരിശോധിക്കുക.

ഖദ്ർ - ഖളാഅ്

وَقَالَ يَا بَنِيَّ لَا تَدْخُلُوا مِنْ بَابٍ وَاحِدٍ وَادْخُلُوا مِنْ أَبْوَابٍ مُتَفَرِّقَةٍ وَمَا أُغْنِي عَنْكُمْ مِنَ اللَّهِ مِنْ شَيْءٍ إِنِ الْحُكْمُ إِلَّا لِلَّهِ عَلَيْهِ تَوَكَّلْتُ وَعَلَيْهِ فَلْيَتَوَكَّلِ الْمُتَوَكِّلُونَ

(يوسف ٦٧)

"അദ്ദേഹം, യഅ്ഖൂബ് നബി(അ) പറഞ്ഞു: 'എന്റെ മക്കളേ, നിങ്ങൾ ഒരേ വാതിലിലൂടെ പ്രവേശിക്കരുത്. വിഭിന്ന വാതിലുകളിലൂടെ പ്രവേശിക്കുവീൻ. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു കാര്യത്തിൽ നിന്നും നിങ്ങളെ സംരക്ഷിക്കാൻ എനിക്കു സാധ്യമല്ല. വിധി അല്ലാഹുവിന്നല്ലാതെ ഇല്ല. അവനിൽ ഞാനേൽപിച്ചു. ഏൽപിക്കുന്നവരെല്ലാം അവനിൽ തന്നെ ഏൽപിക്കട്ടെ."

യഅ്ഖൂബ് നബി(അ)യുടെ കുട്ടികളും സഹോദരനായ യൂസുഫിനെ കൊണ്ടുപോയി കിണറ്റിലെറിഞ്ഞു. പിതാവിനോടു കള്ളം പറഞ്ഞു. കാലം പിന്നിട്ടു. യൂസുഫ് നബി(അ) ഈജിപ്തിലെ ഭക്ഷ്യകാര്യങ്ങളും നിയന്ത്രിക്കുകയാണ്. 'മദ്യനി'ൽ കടുത്ത ക്ഷാമം അനുഭവപ്പെടുന്നു. യൂസുഫ് നബി(അ)യുടെ സഹോദരന്മാർ ഈജിപ്തിൽ നിന്ന് ഭക്ഷ്യവസ്തുക്കളുമായി തിരിച്ചുവരുന്നു. കൂടെ സഹോദരനെ ഹാജരാക്കണമെന്ന കൽപനയും. പിതാവിനോടു സഹോദരന്മാർ സമ്മതം തേടുന്നു. പഴയ ഓർമകളും വേദനകളായിത്തന്നെ അവശേഷിക്കുന്ന വ്രണിത ഹൃദയം മക്കളോട് കരാർ ചെയ്യിക്കാൻ പ്രേരിപ്പിക്കുന്നു. 'വല്ല അപകടവും സംഭവിച്ചാലൊഴികെ അവനെ എന്റെ അടുത്തു തിരിച്ചെത്തിക്കുമെന്ന് അല്ലാഹുവിനെ മുൻനിറുത്തി എന്നോട് കരാർ ചെയ്താലല്ലാതെ ഞാനിവനെ നിങ്ങളുടെ കൂടെ അയക്കില്ല.' കുട്ടികളും കരാർ നല്കിയപ്പോൾ അദ്ദേഹം ഒന്നുകൂടി ഓർമിപ്പിക്കുന്നു: 'അല്ലാഹു നാം പറയുന്നതിനു സാക്ഷിയാണ്.'

തുടർന്നദ്ദേഹം പറയുന്നു: 'കുട്ടികളേ, നിങ്ങൾ ഒരേ വാതിലിലൂടെ പ്രവേശിക്കരുത്.' സുന്ദരന്മാരും കരുത്തന്മാരുമായ പതിനൊന്ന് സഹോദരന്മാർ ഒരേ കവാടത്തിലൂടെ കടന്നുപോകുമ്പോൾ പല അപകട സാധ്യതകളും യഅ്ഖൂബ് നബിക്ക് തോന്നിയിരിക്കും. കണ്ണ് പറ്റാനിടയുള്ളത് കൊണ്ടാണെന്ന് ചില മുഫസ്സിറുകൾ അഭിപ്രായപ്പെടുന്നു. എന്തുമാവട്ടെ, അദ്ദേഹം പ്രായോഗിക യുക്തിമാർഗവും നിർദേശിച്ചു. 'നിങ്ങൾ പല വാതിലുകളിലൂടെ പ്രവേശിക്കുക.' എന്നിട്ടദ്ദേഹം തുടർന്നു പറഞ്ഞു: 'ഇതു നമുക്ക് ചെയ്യാവുന്ന സംരക്ഷണം മാത്രമാണ്. എന്നിരുന്നാലും അല്ലാഹുവിന്റെ വിധി അലംഘ്യം തന്നെയാണ്. അവന്റെ വിധിയിൽ നിന്ന് നിങ്ങളെ സംരക്ഷിക്കാൻ എനിക്കു കഴിവില്ല. വിധി അവനു മാത്രമെയുള്ളൂ. അതുകൊണ്ട് അവനിൽ എല്ലാ കാര്യവും ഞാൻ 'തവക്കുൽ' ചെയ്യുന്നു.'

അവന്റെ വിധി പോലെ മാത്രമേ എന്തും സംഭവിക്കുന്നുള്ളൂ. അവന്റെ വിധി തടയാൻ എനിക്കു സാധ്യമല്ല. നിങ്ങൾക്കും സാധ്യമല്ല. മറ്റാർക്കും സാധ്യമല്ല. സഹോദരനെ തിരിച്ചുകൊണ്ടുവരാമെന്ന സത്യം പാലിക്കാൻ നിങ്ങൾക്കു കഴിഞ്ഞുകൊള്ളണമെന്നില്ല. ദൈവവിധി മറ്റൊന്നാണെങ്കിൽ സത്യം പാലിക്കുന്നതിൽ പ്രതിബന്ധങ്ങളുണ്ടായേക്കാം. അതായത് മനുഷ്യൻ ഒന്നു വിചാരിക്കുന്നു, അല്ലാഹു വേറൊന്നു നടപ്പിൽ വരുത്തുന്നു എന്നു വന്നേക്കും. ചുരുക്കത്തിൽ ഈ അധികാരങ്ങളെല്ലാം അല്ലാഹുവിന്നു മാത്രമേയുള്ളൂ. 'മാർഗം തിരിച്ചുവിടാനുള്ള കഴിവും നടപ്പിലാക്കാനുള്ള ശക്തിയും അല്ലാഹുവിനല്ലാതെയില്ല'.

لَا حَوْلَ وَلَا قُوَّةَ إِلَّا بِاللّٰهِ

അതിനാൽ തന്നെ 'തവക്കുൽ' ചെയ്യുന്നവരെല്ലാം അവനിൽ മാത്രം 'തവക്കുൽ' ചെയ്യേണ്ടതാണ്.

ഇവിടെയുള്ള വിധികൾക്കർത്ഥം മനുഷ്യ പ്രവർത്തനങ്ങളിൽ അവൻ പാലിക്കേണ്ട വിധികളല്ല. മറിച്ച്, മനുഷ്യ ജീവിത പ്രശ്നത്തിലെ ദൈവിക നിയന്ത്രണമെന്ന വിധിയാണിതെന്ന് സുവ്യക്തമാണല്ലോ. ലോകത്തെയോ മനുഷ്യനെയോ നിയന്ത്രിക്കുകയെന്ന അർത്ഥത്തിനു സാധാരണ 'ഖദ്റ്', 'ഖളാഅ്' എന്നൊക്കെ പറഞ്ഞുവരാറുള്ള വിധിയാണിവിടെ ഉദ്ദേശ്യമെന്ന് ഗ്രഹിക്കാമല്ലോ.

ഏറെക്കുറെ ഇതേ ആശയം തന്നെയാണ് 'അല്ലാഹുവിന് മാത്രമാണ് ഹുക്മ്' എന്ന അർത്ഥത്തിൽ ഖുർആനിൽ വന്നിട്ടുള്ള പ്രയോഗങ്ങളെല്ലാം. അവയൊന്നും തന്നെ മനുഷ്യൻ അവന്റെ ഭൗതിക ജീവിത സൗകര്യങ്ങൾക്കായി ഉണ്ടാക്കുന്ന നിയമങ്ങളെ ബാധിക്കുന്നില്ല. ഇതിന്നു മുമ്പ് നാം വിശദീകരിച്ചിട്ടുള്ള പോലെ അത്തരം നിയമങ്ങൾ അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിരുദ്ധമാവരുതെന്ന് മാത്രമേയുള്ളൂ. ഇനി സൂറത്തു അൻആമിലെ 57-ാം വചനം കാണുക:

ദൈവിക ശിക്ഷയെ സംബന്ധിച്ച്

قُلْ إِنِّي عَلَىٰ بَيِّنَةٍ مِّن رَّبِّي وَكَذَّبْتُم بِهِ ۚ مَا عِندِي مَا تَسْتَعْجِلُونَ بِهِ ۚ إِنِ الْحُكْمُ إِلَّا لِلَّهِ ۖ يَقُصُّ الْحَقَّ ۖ وَهُوَ خَيْرُ الْفَاصِلِينَ (الانعام ٥٧)

"പറയുക: നിശ്ചയമായും ഞാൻ എന്റെ രക്ഷിതാവിങ്കൽ നിന്നുള്ള തെളിവോടു കൂടി നിലകൊള്ളുന്നവനാണ്. നിങ്ങളാവട്ടെ, അത് നിഷേധിച്ചു കളഞ്ഞിരിക്കുന്നു. നിങ്ങൾ ധൃതിപ്പെടുന്നത് എന്റെ പക്കലില്ല. ആ തീരുമാനം അല്ലാഹുവിന്റെ അധികാരത്തിൽ തന്നെയാണ്. അവൻ സത്യം പറയുന്നു. തീരുമാനം ചെയ്യുന്നവരിൽ അത്യുത്തമൻ അവനാണ്."

മക്കയിലെ എതിരാളികൾ നബി(സ)യോട് പലവിധ ന്യായവാദങ്ങളും ചെയ്തിരുന്നു. കൂട്ടത്തിൽ താൻ ദൈവദൂതനാണെങ്കിൽ ഞങ്ങൾക്ക് ദൈവികമായ ശിക്ഷ വരട്ടെ എന്ന് അവർ വെല്ലുവിളിക്കുകയുമുണ്ടായി. അതിനുള്ള മറുപടിയായിക്കൊണ്ടാണ് 'നിങ്ങൾ ധൃതിപ്പെടുന്നത് എന്റെ പക്കലില്ല. ആ തീരുമാനം (നിങ്ങളെ ശിക്ഷക്കേണ്ടത് സംബന്ധിച്ച തീരുമാനം) അല്ലാഹുവിന്റെ അധികാരത്തിൽ തന്നെയാണ്' എന്ന് പറഞ്ഞത്. 58-ാം വാക്യം ഇങ്ങനെ തുടരുന്നു: "പറയുക. നിങ്ങൾ ധൃതിപ്പെടുന്നത് എന്റെ അധീനത്തിലുണ്ടായിരുന്നുവെങ്കിൽ ഞാനും നിങ്ങളും തമ്മിലുള്ള കാര്യം തീരുമാനിക്കപ്പെടുമായിരുന്നു. അല്ലാഹു അധർമകാരികളെ സംബന്ധിച്ച് ഏറ്റവും അറിയുന്നവനാണ്." ദൈവിക ശിക്ഷയുടെ കാര്യം തീരുമാനിക്കുവാനുള്ള അധികാരം അല്ലാഹുവിനാണെന്നല്ലാതെയാതൊരു കാര്യവും തീരുമാനിക്കാനോ വിധിക്കാനോ തനിക്കധികാരമില്ലെന്നല്ല ഇവിടെ പറഞ്ഞിട്ടുള്ളത്.

വിചാരണ നാളിലെ വിധി

സൂറത്തു അൻആമിലെ തന്നെ 62-ാം വചനത്തിലെ

أَلَا لَهُ الْحُكْمُ

"അറിയുക, അവന്നാകുന്നു കാര്യം തീരുമാനിക്കാനുള്ള അധികാരം" എന്നതും പലപ്പോഴും എടുത്തുപൊക്കാറുണ്ട്. ഭൗതികമായ നിയമനിർമാണത്തിന്റെ അധികാരം അല്ലാഹുവിന്നാണെന്ന് ആയത്തിന്റെ ശകലം മാത്രം വായിച്ച് തെറ്റിദ്ധരിപ്പിക്കാറുണ്ട്. വാസ്തവമെന്തെന്ന് കാണാൻ പൂർണ രൂപത്തിൽ ആയത്തിന്റെ സാരം ഇവിടെ പകർത്താം:

(61) "....അങ്ങനെ നിങ്ങളിൽ ഓരോരുത്തനും മരണം വന്നെത്തിയാൽ നമ്മുടെ ദൂതന്മാർ അവനെ പിടിച്ചുകൊണ്ടുപോവും. അവർ ഒട്ടും വീഴ്ച വരുത്തുകയില്ല. (62) പിന്നെ അവരുടെ യഥാർത്ഥ യജമാനനായ അല്ലാഹുവിങ്കലേക്ക് അവർ മടക്കപ്പെടും. അറിയുക, അവന്നാകുന്നു കാര്യം

തീരുമാനിക്കാനുള്ള അധികാരം. അവൻ കണക്കുനോക്കുന്നവരിൽ വച്ച് ഏറ്റവും വേഗതയുള്ളവനാണ്."

ഈ ആയത്തിൽ മരണത്തെ സംബന്ധിച്ചും മരണാനന്തര കാര്യത്തെ സംബന്ധിച്ചുമാണ് പ്രതിപാദിച്ചിട്ടുള്ളതെന്ന കാര്യം വ്യക്തം. വിചാരണ നാളിൽ അല്ലാഹുവാണ് തീരുമാനം കൈക്കൊള്ളുക. അന്ന് മറ്റാർക്കും യാതൊരു അധികാരവുമുണ്ടാവില്ല.

നാട്ടിന്റെ ഭരണമല്ല

തെറ്റിദ്ധരിക്കപ്പെടുന്ന മറ്റൊരു പരിശുദ്ധ വചനമാണ് സൂറത്തുൽ കഹ്ഫിലെ 26-ാം ആയത്തിലെ

وَلَا يُشْرِكُ فِي حُكْمِهِ أَحَدًا

എന്ന ഭാഗം. "അവന്റെ വിധിയിൽ ആരെയും അവൻ പങ്കു ചേർക്കുകയില്ല" എന്നാണർത്ഥം. ഇത് പരത്തിപ്പറഞ്ഞ് ഭൂമിയിൽ ഇലാഹിയായ ഹുകൂമത്ത് സ്ഥാപിക്കുകയാണ് നമ്മുടെ കടമ എന്നുവരെ എത്തും. അതിങ്ങനെ പോകുന്നു: 'ആകാശവും ഭൂമിയും അല്ലാഹുവിന്റേതാണ്. ആകാശത്തിലെന്നപോലെ ഭൂമിയിലും അല്ലാഹുവിന്റെ ഹുക്മ് (വിധി) നടപ്പിൽ വരുത്തണം. അല്ലാഹുവിന്റെയല്ലാത്ത ഇന്നത്തെ ഭരണങ്ങൾക്ക് കീഴ്പെടുന്നത് അല്ലാഹുവിന് മാത്രമുള്ള ഹുക്മിന്റെ അധികാരത്തിൽ മറ്റുള്ളവരെ പങ്കുകാരാക്കലാണ്. അതുകൊണ്ട് അത്തരം ഭരണങ്ങളും നശിപ്പിച്ചു ദൈവികമായ ഭരണം സ്ഥാപിക്കുക നമ്മുടെ കടമയാണ്.'

വാസ്തവത്തിൽ എന്തൊരബദ്ധമാണിപ്പറയുന്നതെന്ന് ചിന്തിക്കാത്തതാണ് അത്ഭുതം. 'അവന്റെ ഹുക്മിൽ നിങ്ങളും ആരെയും പങ്കു ചേർക്കരുത്' എന്നല്ല അല്ലാഹു പറഞ്ഞത്. 'അവന്റെ ഹുക്മിൽ ആരെയും അവൻ പങ്കു ചേർക്കുന്നില്ല' എന്നാണ്. അപ്പോൾ അവന്റെ 'ഹുക്മ്' ആരുടെയും പങ്കില്ലാതെ തന്നെ അവൻ നടത്തിക്കൊണ്ടിരിക്കുന്നുണ്ട് എന്നല്ലെ അതിന്റെ അർത്ഥം? ഇവർ പറയുന്ന ഭൗതിക ലോകത്തെ ഭരണമാണ് 'ഹുക്മ്' എന്നതുകൊണ്ട് അല്ലാഹു ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതെങ്കിൽ ആ ഹുക്മിൽ പലരും ഇവിടെ പങ്കു വഹിക്കുന്നുണ്ട്. അപ്പോൾ അല്ലാഹു പറഞ്ഞ 'ഹുക്മ്' ഭൗതിക ഭരണമല്ല എന്ന് തീർച്ച. എന്നാൽ എന്താണതുകൊണ്ട് ഉദ്ദേശ്യമെന്ന് നോക്കാം. ആയത്തിന്റെ സന്ദർഭമിതാണ്:

ഏതാനും യുവാക്കൾ സത്യം കണ്ടെത്തി അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മാത്രമെ ആരാധിക്കുകയുള്ളൂ എന്ന് തീരുമാനിക്കുകയും ചെയ്തു. ബഹുദൈവാരാധകരായ നാട്ടുകാർ അവർക്കെതിരിൽ ഒന്നിച്ചപ്പോൾ അവർ ഒരു ഗുഹയിൽ അഭയം പ്രാപിച്ചു. ദീർഘകാലം അവരെ ഉറക്കിയ അല്ലാഹു അവരെ ഉണർത്തിയപ്പോൾ തലമുറകൾ തന്നെ മാറിയിരുന്നു. അങ്ങനെ ശത്രുക്കളിൽ നിന്ന് അല്ലാഹു അവരെ രക്ഷിച്ചു. അവർ എത്ര പേരാണ്? അവർ എത്ര കാലമാണുറങ്ങിയത് എന്നതിനെപ്പറ്റിയെല്ലാം ആളുകൾക്കിടയിൽ ഭിന്നാഭിപ്രായങ്ങൾ പ്രചരിച്ചിരുന്നു. ഈ സംഭവങ്ങൾ വിശദമായി വിവരിച്ച ശേഷമാണ് നാം ചർച്ച ചെയ്യുന്ന സൂക്തം വരുന്നത്. അതിന്റെ പൂർണരൂപവും യഥാർത്ഥ വ്യാഖ്യാനവും കാണുക:

قُلِ اللَّهُ أَعْلَمُ بِمَا لَبِثُوا لَهُ غَيْبُ السَّمٰوٰتِ وَالْأَرْضِ أَبْصِرْ بِهِ وَأَسْمِعْ مَا لَهُمْ مِنْ دُونِهِ مِنْ وَلِيٍّ وَلَا يُشْرِكُ فِي حُكْمِهِ أَحَدًا (الكهف ٢٦)

"പറയുക: അവർ (ഗുഹയിൽ) താമസിച്ച കാലത്തെ സംബന്ധിച്ചു കൂടുതൽ അറിയുന്നവൻ അല്ലാഹുവാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ള അദൃശ്യങ്ങൾ അവനു മാത്രമുള്ളതാണ്. എന്തുമാത്രം നന്നായി അവൻ കാണുന്നു! അവൻ കേൾക്കുന്നു! അവർക്കാർക്കും അവനെ കൂടാതെ ഒരു രക്ഷാകർത്താവുമില്ല. അവന്റെ വിധിയിൽ ഒരാളെയും അവൻ പങ്കു ചേർക്കുകയുമില്ല." (അൽകഹ്ഫ്: 26)

എന്താണ് ഈ പരിശുദ്ധ വചനം വ്യക്തമാക്കുന്നതെന്ന് നോക്കുക. ഗുഹാവാസികൾ അതിൽ എത്ര കഴിച്ചുകൂട്ടി എന്ന് ആളുകൾ പലതും പറയും. ഒരിക്കലും വിശ്വസിക്കരുത്. അവർക്കത് അദൃശ്യമാണ്. അവർക്കതറിയുകയില്ല. അല്ലാഹുവിനാണ് ആ കാര്യം നന്നായി അറിയുക. മാത്രമല്ല, എല്ലാ അദൃശ്യകാര്യങ്ങളും അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ എന്ന് വ്യക്തമാക്കിയതിന് ശേഷം കഥ സമാപിക്കുകയാണ്. ബഹുദൈവാരാധനക്കെതിരിൽ ഏകദൈവ വിശ്വാസികളുടെ വിജയ പര്യവസാനമാണല്ലോ കഥയുടെ അന്ത്യം. ബഹുദൈവാരാധകന് അവന്റെ ദൈവങ്ങൾ ഒരു രക്ഷയും ചെയ്യുകയില്ല. ലോകത്തിന്റെ സൃഷ്ടിപ്പിലോ, അതിന്റെ നിയന്ത്രണത്തിലോ, പ്രപഞ്ചത്തെക്കുറിച്ചെടുക്കുന്ന മറ്റു തീരുമാനത്തിലോ ഇവരുടെ ദൈവങ്ങൾക്ക് യാതൊരു പങ്കുമില്ല. ഈ പ്രപഞ്ചത്തിന്റെ ഭരണചക്രം തിരിക്കുവാൻ അല്ലാഹു മാത്രമാണുള്ളത്. അവനോട്

മാത്രമേ പ്രാർത്ഥിച്ചിട്ട് ഫലമുള്ളൂ. അവനല്ലാതെ മനുഷ്യവർഗത്തിന് മറ്റു യാതൊരു രക്ഷകർത്താവും ഇല്ല. അവൻ മാത്രമാണ് ഈ പ്രപഞ്ചം നിയന്ത്രിക്കുന്നത്. ഗുഹാനിവാസികളും പ്രാർത്ഥിച്ചപോലെ നിങ്ങളും എല്ലാവരും അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിക്കുക. മറ്റു ദൈവങ്ങളോട് പ്രാർത്ഥിച്ചിട്ട് യാതൊരു ഫലവുമില്ല. ഈ അർത്ഥം സുവ്യക്തമാണ്. ഇതു തന്നെയാണ് ഖുർആൻ വ്യാഖ്യാതാക്കളും രേഖപ്പെടുത്തിയിട്ടുള്ളതും.

ولا يجعل الله فى قضائه وحكمه فى خلقه أحدا سواه شريكا بل هو المنفرد بالحكم والقضاء وتدبيرهم وتصريفهم فيما شاء وأحب (تفسير الطبرى)

"അല്ലാഹു അവന്റെ സൃഷ്ടികളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിലോ വിധി നടത്തുന്നതിലോ അവൻ മാത്രമല്ലാതെ വേറെ ഒരു പങ്കാളിയെയും നിശ്ചയിക്കുന്നില്ല. എന്നാൽ അവൻ ഉദ്ദേശിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന വിധത്തിൽ സൃഷ്ടികളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിലും വിധി നടത്തുന്നതിലും അവരുടെ കാര്യങ്ങളും നിയന്ത്രിക്കുന്നതിലും അവൻ തനിച്ചു മാത്രമാണ് പ്രവർത്തിക്കുന്നത്." എത്ര വ്യക്തമായ വ്യാഖ്യാനം! ഈ പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ചു സംരക്ഷിച്ചു നിയന്ത്രിക്കുന്നത് ഏകദൈവമായ അല്ലാഹു മാത്രമാണ്. ഒരു ഈച്ചയെയോ മണൽതരിയെയോ പടക്കുവാനോ രക്ഷിക്കുവാനോ മറ്റാരും ഇല്ല. പിന്നെ അല്ലാഹു അല്ലാത്ത ദൈവങ്ങളെ വിളിച്ചു പ്രാർത്ഥിച്ചിട്ട് എന്തു ഫലം? സുന്ദരമായ ഏകദൈവ സിദ്ധാന്തത്തിന്റെ വ്യക്തമായ രൂപമാണിവിടെ കാണുന്നത്.

എന്നാൽ ഈ പരിശുദ്ധ വചനത്തെ വളച്ചൊടിച്ചത് നോക്കൂ. എന്തൊരത്ഭുതം! പഞ്ചായത്ത് ഭരണം മുതൽ രാജ്യഭരണം വരെ ഇവിടെ മനുഷ്യരാണ് നടത്തുന്നത്. ഇവരിൽ ദൈവനിഷേധികളുണ്ട്. അതിന് യുക്തമായ ചില നിയമങ്ങളും ഭരണാധികാരികളും ഉണ്ടാക്കുന്നുമുണ്ട്. ഇത് മനുഷ്യൻ ചെയ്യുന്ന കാര്യമായിട്ടാണ് എല്ലാവരും കാണുന്നത്. അപ്പോൾ ഈ ഭരണ നിയമങ്ങളെ പറ്റിയല്ല ഇവിടെ 'ഹുക്മ്' എന്ന് അല്ലാഹു പ്രയോഗിച്ചതെന്ന് വ്യക്തം.

അമുസ്ലിം ഭരണത്തിലുദ്യോഗം

മേൽപറഞ്ഞ ആയത്തുകളിലൊന്നും തന്നെ 'ഹുക്മ്' എന്നതു

കൊണ്ട് ഭരണ വ്യവസ്ഥിതിയല്ല ഉദ്ദേശ്യമെന്നു നാം കണ്ടു. അല്ലാഹുവിന്റെതല്ലാത്ത ആരുടെയും യാതൊരു നിയമവും സ്വീകരിക്കാൻ പാടില്ലെന്നോ അതനുസരിച്ചാൽ ശിർക്കാണെന്നോ പറയുന്നത് അബദ്ധമാണെന്നും നാം മനസ്സിലാക്കി. അനിസ്ലാമിക ഭരണകൂടത്തിൽ ഉദ്യോഗം സ്വീകരിക്കുന്നതും ഭരണത്തെ സഹായിക്കുന്നതും ഭരണത്തോട് സഹായം ചോദിക്കുന്നതുമെല്ലാം ശിർക്കപരമായ പ്രവൃത്തികളാണെന്ന് പ്രചരിപ്പിക്കപ്പെടാറുണ്ട്. അതിനെല്ലാം തെളിവുകളായി ഉദ്ധരിക്കാറ് മേൽപറഞ്ഞ ആയത്തുകളാണ്.

ഈ അധ്യായത്തിന്റെ തുടക്കത്തിൽ, യൂസുഫ് നബി(അ)

إِنِ الْحُكْمُ إِلَّا لِلَّهِ

"അല്ലാഹുവിന്നല്ലാതെ 'ഹുക്മി'ന് അർഹതയില്ല" എന്നു പറഞ്ഞതിനെ സംബന്ധിച്ചു നാം വിശദീകരിക്കുകയുണ്ടായല്ലോ. ഈ ഭൂമിയിലെ ഭരണാധികാരവും നിയമ നിർമാണാധികാരവും അല്ലാഹുവിന് മാത്രമാണെന്നാണ് യൂസുഫ് നബി അതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെങ്കിൽ അദ്ദേഹം ഒരു അമുസ്ലിം രാജാവിനോട്

اجْعَلْنِي عَلَىٰ خَزَائِنِ الْأَرْضِ

"ഈ നാട്ടിലെ ഖജനാവുകളുടെ മേലധികാരിയായി എന്നെ നിയമിക്കുക" എന്ന് ആവശ്യപ്പെടുമോ? ഒരു അമുസ്ലിം രാജഭരണത്തിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനാവാൻ പ്രവാചകനായ അദ്ദേഹം തയ്യാറാവുമോ? അപ്പോൾ ഹുക്മിന്റെ അർത്ഥം അതല്ലെന്ന് ഒന്നുകൂടി തെളിയുന്നു. പ്രസ്തുത ആയത്തിന്റെ വ്യാഖ്യാനത്തിൽ നൈസാപൂരി പറയുന്നത് കാണുക:

واذا علم النبى او العالم انه لا سبيل الى دفع الظلم والضرعن الناس الا بالاستعانة من كافراو فاسق فله ان يستظهر به- تفسير النيسابورى بهامش الطبرى ١٨ - ١٣

"ജനങ്ങളുടെ നേരെയുണ്ടാവുന്ന ഉപദ്രവവും അക്രമവും തടുക്കാൻ അവിശ്വാസിയുടെയോ ദുർമാർഗിയുടെയോ സഹായം തേടുകയല്ലാതെ നിവൃത്തിയില്ലെന്ന് പ്രവാചകനോ പണ്ഡിതനോ മനസ്സിലായാൽ അദ്ദേഹത്തിന് അയാളോട് സഹായം ചോദിക്കാവുന്നതാണ്."

യൂസുഫ് നബിയുടെ നിലപാടിനെ ന്യായീകരിച്ചുകൊണ്ടാണ്

ഇതെഴുതിയിട്ടുള്ളത്. യൂസുഫ് നബി അതാണിവിടെ പ്രവർത്തിച്ചതെന്നർത്ഥം. അമുസ്‌ലിം ഭരണകൂടത്തിൽ ഭരണ ചുമതല വഹിക്കുന്നത് പോലും തെറ്റല്ലെങ്കിൽ അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിരുദ്ധമല്ലാത്ത നിയമങ്ങൾ അനുസരിക്കുന്നത് എങ്ങനെ ശിർക്കാവും?

ഏതാനും സംശയങ്ങൾ

ഇബാദത്തിന് അനുസരണം, അടിമവേല എന്നൊക്കെയാണർത്ഥമെന്നും അതുകൊണ്ട് അല്ലാഹു അല്ലാത്തവർക്ക് അടിമവേല ചെയ്യുന്നതും അവരെ അനുസരിക്കുന്നതുമൊക്കെ അവർക്കുള്ള ഇബാദത്തും അതുവഴി ശിർക്കും ആണെന്ന് വാദിക്കുന്നവർ തെറ്റിദ്ധരിച്ച ചില ആയത്തുകൾ വിശദീകരിക്കാം.

ഫറോവക്കുള്ള ഇബാദത്ത്

ثُمَّ أَرْسَلْنَا مُوسَى وَأَخَاهُ هَارُونَ بِآيَاتِنَا وَسُلْطَانٍ مُّبِينٍ إِلَى فِرْعَوْنَ وَمَلَئِهِ فَاسْتَكْبَرُوا وَكَانُوا قَوْمًا عَالِينَ · فَقَالُوا أَنُؤْمِنُ لِبَشَرَيْنِ مِثْلِنَا وَقَوْمُهُمَا لَنَا عَابِدُونَ · فَكَذَّبُوهُمَا فَكَانُوا مِنَ الْمُهْلَكِينَ ـ المؤمنون (23:47)

"പിന്നീട് മൂസാ(അ)യേയും സഹോദരൻ ഹാറൂനിനെയും നമ്മുടെ ദൃഷ്ടാന്തങ്ങളും വ്യക്തമായ രേഖയുമായി ഫറോവയുടെയും അവന്റെ ജനനേതാക്കളുടെയും അടുക്കലേക്ക് നാം അയച്ചു. എന്നാൽ അവർ അഹംഭാവം പൂണ്ടു. അവർ ഉയർന്ന ഒരു ജനതയുമായിരുന്നു. അപ്പോൾ അവർ ഇങ്ങനെ പറഞ്ഞു: ഞങ്ങളെപ്പോലെയുള്ള രണ്ടു മനുഷ്യരിൽ ഞങ്ങൾ വിശ്വസിക്കുകയോ? അവർ രണ്ടുപേരുടെയും ജനങ്ങൾ നമുക്ക് ഇബാദത്ത് ചെയ്യുന്നവരുമാണ്. അങ്ങനെ അവർ രണ്ടുപേരെയും നിഷേധിച്ചു.

തന്നിമിത്തം അവർ സ്വയം നശിച്ചവരിൽ പെട്ടുപോവുകയും ചെയ്തു."

ഇവിടെ മൂസാ(അ)യും ഹാറൂനും തങ്ങളെപ്പോലെ മനുഷ്യരായതുകൊണ്ട് എന്തിന്ന് അവരിൽ വിശ്വസിക്കണം എന്ന് ഒരു ദുർന്യായം ഫറോവയും കൂട്ടുകാരും തൊടുത്തുവിട്ടു. എക്കാലത്തുമുള്ള പ്രവാചകന്മാരുടെ ശത്രുക്കൾ ഉന്നയിക്കാറുള്ള ഒരു എതിർവാദമാണത്. 'മനുഷ്യരായ പ്രവാചകന്മാരിൽ തങ്ങൾ വിശ്വസിക്കേണ്ടതില്ല'. പ്രവാചകന്മാർ മലക്കുകളോ മറ്റോ ആയിരിക്കണമെന്ന്. ഇവർ രണ്ടുപേരുടെ ജനതയായ ഇസ്രാഈല്യർ 'ഫറോവാ ദൈവമായ' നമുക്ക് ഇബാദത്ത് ചെയ്യുന്നവരുമാണ്' എന്ന് കൂടുതലായും ഉന്നയിച്ചു. അതുകൊണ്ട് ഒരിക്കലും ഈ രണ്ടുപേരിലും വിശ്വസിക്കേണ്ടതില്ല എന്ന് ആ മനുഷ്യർ കണ്ടുപിടിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ പലതുകൊണ്ടും നമ്മെക്കാൾ വളരെ താഴ്ന്ന നിലയിലുള്ളവരിൽ നാം വിശ്വസിക്കേണ്ടതുമില്ലെന്ന് ബഹുജനങ്ങളെ കബളിപ്പിക്കുവാനും മൂസാ(അ) നബിയിൽ നിന്നും ഹാറൂനിൽ നിന്നും അന്നാട്ടുകാരെ അകറ്റുവാനും വേണ്ടി മേൽപ്രസ്താവന മൂലം ഫറോവയും സിൽബന്ധികളും ഒരു ശ്രമം നടത്തിയിരിക്കുകയാണ്. മൂസായിലും ഹാറൂനിലും വിശ്വസിക്കേണ്ടതില്ലെന്നതിന്ന് അവർ കണ്ടുപിടിച്ച രണ്ടു ന്യായങ്ങളിലൊന്നാണ്

وَقَوْمُهُمَا لَنَا عَابِدُونَ

"അവർ രണ്ടുപേരുടെയും ജനത നമുക്ക് ഇബാദത്ത് ചെയ്യുന്നവരാണ്" എന്നത്. അതിലെ 'ആബിദൂൻ' അഥവാ 'ഇബാദത്ത് ചെയ്യുന്നവർ' എന്ന പദമാണ് നമ്മുടെ ചർച്ചക്ക് വിധേയമായിട്ടുള്ളത്.

'ആബിദൂൻ' എന്നതിന് 'അടിമവേല ചെയ്യുന്നവർ' എന്നാണ് ഇവർ അർത്ഥം കൊടുക്കാറുള്ളത്. ഇബാദത്ത് എന്നതിന്ന് അടിമവേലയെന്നും അർത്ഥം കൽപിക്കുന്നു. ഇബാദത്ത് അല്ലാഹുവിന്ന് മാത്രമേ ചെയ്യാൻ പാടുള്ളൂ എന്നു വരുമ്പോൾ അടിമവേലയും അല്ലാഹുവിന്ന് മാത്രമേ പാടുള്ളൂ. അതുകൊണ്ട് അവനല്ലാത്തവർക്ക് അടിമവേല ചെയ്താൽ ശിർക്കും അങ്ങനെ ചെയ്യുന്നവൻ മുശ്രിക്കു(ബഹുദൈവാരാധകൻ)മായിത്തീരുന്നു. ഇതാണ് അവരുടെ സമർത്ഥനം. എന്നാൽ ഇവർ പറയുംപോലെ ഇവിടെ ഇബാദത്തിന്നു അടിമവേല എന്നർത്ഥമില്ല. മറിച്ച് ഇബാദത്ത് എന്ന പദത്തിന്നു സാധാരണ കൊടുക്കാറുള്ള 'ആരാധന' എന്നു തന്നെയാണ് യഥാർത്ഥത്തിൽ അർത്ഥം. അപ്പോൾ 'ആബിദൂൻ' എന്നതിന് 'ആരാധിക്കുന്നവർ' എന്നും അർത്ഥം വരുന്നു.

وَقَوْمُهُمَا لَنَا عَابِدُونَ എന്നതിന്ന് 'അവർ രണ്ടുപേരുടെ ജനത നമ്മെ ആരാധിക്കുന്നവരാണ്' എന്നുമാണർത്ഥം. എന്നാൽ ഇസ്രാഈല്യർ ഫറോവയെ ആരാധിക്കുന്നു (ഇബാദത്ത്) എന്ന് ഫറോവയും കൂട്ടുകാരും തട്ടിവിട്ടതിന്റെ രഹസ്യമെന്തെന്നാണ് നമുക്ക് പ്രധാനമായും ചിന്തിക്കാനുള്ളത്. തദ്വിഷയത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ രണ്ടു ന്യായീകരണമാണ് നൽകിക്കാണുന്നത്.

1) ഫറോവ ഇസ്രാഈൽ സന്തതികളെ മർദ്ദിച്ചമർത്തുവാൻ വേണ്ടി ചരിത്രത്തിൽ തുല്യതയില്ലാത്ത പീഡനങ്ങൾ അവരുടെ നേർക്ക് അഴിച്ചുവിട്ടിരുന്നു. ആൺസന്തതികളെ കൊന്നൊടുക്കുകയും പെൺസന്തതികളെ അടുക്കള വേലക്കാരികളായി മാത്രം ജീവിക്കാനനുവദിക്കുകയും ചെയ്തിരുന്നു എന്ന ചരിത്രസത്യം സുവ്യക്തമാണല്ലോ. അതിനെതിരിൽ ഇസ്രാഈല്യർ ഒരു ചെറുവിരൽ പോലും അനക്കാതെ ഏറാൻമൂളികളായി കാലമത്രയും ഈജിപ്തിൽ തന്നെ മർദ്ദന ഭരണത്തിൻ കീഴിൽ ജീവിച്ചു പോന്നത് കൊണ്ട് അവർ ഫറോവക്ക് അടിപ്പെട്ടു ജീവിച്ചു. അടിമകളായിത്തീർന്നു. ആ അടിമത്വ ജീവിതം ആരാധനക്ക് (ഇബാദത്ത്) തുല്യമാണ് എന്ന നിലക്ക് ഉപമാലങ്കാരമായി (تشبيه) ആരാധന പോലെയുള്ളതും യഥാർത്ഥത്തിൽ ആരാധനയല്ലാത്തതുമായ ഒരു കാര്യത്തെ സംബന്ധിച്ചു ആരാധന (ഇബാദത്ത്) എന്നു പ്രയോഗിച്ചു എന്നതാണ് ഒരു ന്യായീകരണം. ഖുർആനിൽ ഇത്തരം ഉപമാലങ്കാരങ്ങൾ ധാരാളം കാണാം. വിജ്ഞാനം (അൽഇൽമ്), സത്യം (അൽഹഖ്) മുതലായവക്ക് വെളിച്ചം (അന്നൂർ) എന്നും അജ്ഞത (അൽജഹ്ൽ), അസത്യം (അൽബാതിൽ) മുതലായവക്ക് ഇരുട്ട് (ളുൽമത്ത്) എന്നുമുള്ള പ്രയോഗങ്ങൾ ഇതിന്നുദാഹരണങ്ങളാണ്. ഒരു സ്ഥലത്ത് വിജ്ഞാനത്തെ സംബന്ധിച്ച് ആലങ്കാരികമായി വെളിച്ചം എന്നു പറയുന്നതുകൊണ്ട് വെളിച്ചത്തിന്റെ പദാർത്ഥം വിജ്ഞാനം എന്നതാവുകയില്ല. അറിവില്ലായ്മ ഇരുട്ടു പോലെയും വിജ്ഞാനം വെളിച്ചം പോലെയുമാണെന്ന് സാരം. അതായത് ഫറോവയോടുള്ള ഇസ്രാഈല്യരുടെ പെരുമാറ്റം അതായത് അടിമത്വ സ്വഭാവം ആരാധനക്ക് (ഇബാദത്ത്) തുല്യമാണെന്ന് സാരം. അല്ലാതെ അടിമത്വം ആരാധനയാണെന്ന് (ഇബാദത്ത്) വരുകയില്ല.

2) ഫറോവ ഈജിപ്തിലെ ഭരണാധികാരിയും രാജാവും ആണെന്നതിനുപരിയായി താൻ തന്നെയാണ് അവരുടെ ദൈവം (ഇലാഹ്) എന്നു കൂടി വാദിച്ചിരുന്നു. مَا عَلِمْتُ لَكُمْ مِنْ إِلَٰهٍ غَيْرِي (ഞാനല്ലാതെ നിങ്ങൾ

ക്ക് ഒരു ദൈവമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നില്ല) എന്നു മാത്രമല്ല അവൻ തന്നെയാണവരുടെ മഹോന്നതനായ ദൈവം എന്നുകൂടി വാദിച്ചിരുന്നു. أَنَا رَبُّكُمُ الْأَعْلَى (ഞാനാണ് നിങ്ങളുടെ സർവോന്നതനായ ദൈവം) എന്ന വാദം കൊണ്ടുദ്ദേശിച്ചിരുന്നത് അതായിരുന്നു.

മുൻകാലങ്ങളിൽ പല രാജ്യങ്ങളിലും ഭരണാധികാരികളെ ദൈവങ്ങളായി സങ്കൽപിക്കുകയും അവരെ ആരാധിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നതായി ചരിത്രത്തിൽ കാണാം. ജപ്പാനിലെ പ്രധാന ദേവതയായ 'അമതേരസു'വിന്റെ സന്താനങ്ങളായിരുന്നു അവിടുത്തെ ചക്രവർത്തിമാരെന്ന് ഇതിഹാസങ്ങളും ഘോഷിക്കുന്നു. ഈ പരിഷ്കൃത ഇരുപതാം നൂറ്റാണ്ടിലും ഈ സമ്പ്രദായം ലോകത്തുനിന്ന് തീരേ വിട്ടുമാറിയിട്ടില്ലെന്നുവേണം കരുതുവാൻ. നമ്മുടെ നാട്ടിൽ 'വല്യ തമ്പുരാൻ', 'ചെറിയ തമ്പുരാൻ' എന്നിങ്ങനെയുള്ള, ഉന്നത ഹിന്ദു കുടുംബങ്ങളെ സംബന്ധിച്ച താഴ്ന്നവരുടെ പ്രയോഗം ഭരണാധികാരികളെ ദൈവിക പദവിയിലേക്ക് ഉയർത്തിവയ്ക്കുന്ന അന്ധവിശ്വാസമുണ്ടായിരുന്നു എന്നനുമാനിക്കാൻ മതിയായ തെളിവാണ്. എന്നാൽ ഈ അന്ധവിശ്വാസത്തിന്റെ അടിത്തറ തന്നെ പിഴുതെറിയുവാൻ വേണ്ടി മനുഷ്യരെ വിവിധ പദവിക്കാരായി തരം തിരിച്ച് ഉയർന്നവരും താണവരുമായി രണ്ടു ധ്രുവങ്ങളെപ്പോലെ അകറ്റിനിർത്തുന്ന ദുഷിച്ച സമ്പ്രദായത്തിനെതിരിൽ, മനുഷ്യവംശം ആസകലം ഒരേ മാതാപിതാക്കളുടെ സന്തതികളാണെന്നും പരസ്പരം രക്തബന്ധമുണ്ടെന്നും ഖണ്ഡിതമായി ഇസ്ലാം സ്ഥാപിച്ചിട്ടുണ്ടെന്ന വസ്തുത അറിയാത്ത ആരും ഉണ്ടായിരിക്കയില്ല. അത് ഇവിടെ ചർച്ചാവിഷയമല്ലാത്തതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. നമുക്ക് ഈജിപ്തിലേക്കു തന്നെ മടങ്ങാം. ഫറോവമാർ 'ആമോൺ' എന്ന സൂര്യദേവതയുടെ പുത്രന്മാരായിരുന്നുവെന്നാണ് ഈജിപ്തുകാർ വിശ്വസിച്ചിരുന്നത്. ഈ വസ്തുത എല്ലാ ചരിത്ര ഗ്രന്ഥങ്ങളിലും കാണാവുന്നതാണ്.

അവിടെ ഫറോവാ രാജാവിനെ അന്ധവിശ്വാസികളും ദൈവമായി അവരോധിച്ചതുകൊണ്ട് അന്നാട്ടുകാർ ഫറോവാ ദൈവത്തിന്നു സാക്ഷാൽ ഇബാദത്ത് (ആരാധന) തന്നെ നടത്തിപ്പോന്നിരുന്നു. ഫറോവയുടെ ഇഷ്ടത്തിനൊത്ത് ജീവിക്കുക എന്നതു തന്നെ ആരാധനയായിരുന്നു. അക്കൂട്ടത്തിൽ ഇസ്രാഈൽ സന്തതികളും തന്നെ ആരാധിക്കുന്നു (ഇബാദത്ത്) എന്നാണ് ഫറോവ ഇവിടെ വാദിക്കുന്നത്. അപ്പോഴും ഇബാദത്ത് അതിന്റെ സാക്ഷാൽ അർത്ഥത്തിൽ തന്നെയാണ് ഇവിടെ ഉപയോഗിക്കുന്നത്, ഉപമാലങ്കാരമല്ല. - ഇതാണ് രണ്ടാമത്തെ ന്യായീകരണം. ഈ രണ്ട് ന്യായീകരണവും അറബി ഭാഷാ പണ്ഡിതൻ കൂടിയായ ഇമാം സമഖ്ശരി തന്നെ 'കശ്ശാഫ്' എന്ന പ്രസിദ്ധ ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതാണ്:

كأنهم يعبدوننا خضوعا وتذللا كان يدعى الالهية فادعى للناس العبادة وان طاعتهم له عبادة على الحقيقة (كشاف ١/٩ – ٢)

"കീഴ്വണക്കത്തിലും താഴ്മയിലും അവർ എന്നെ ആരാധിക്കുന്ന പോലെയാണ്. അല്ലെങ്കിൽ അയാൾ (ഫറോവ) ദൈവമാണെന്നു വാദിച്ചിരുന്നുവല്ലോ. അതുകൊണ്ട് ആളുകൾ അയാളെ ആരാധിക്കണമെന്നും വാദമുണ്ടായിരുന്നു. അപ്പോൾ അവർ അയാളെ അനുസരിക്കുക എന്നതു തന്നെ യഥാർത്ഥത്തിൽ ആരാധനയുമാണ്."

മേൽക്കൊടുത്ത ന്യായീകരണങ്ങളും തന്നെയാണ് സമഖ്ശരിയുടെ വാചകത്തിൽ നിന്നും ഏവർക്കും വ്യക്തമാവുക. ഒന്നുകിൽ സേച്ഛാധിപതിയായിരുന്ന ഫറോവക്ക് ഇസ്രാഈല്യർ അടിമപ്പെട്ടു ജീവിച്ചിരുന്ന അടിമത്വ സ്വഭാവത്തെ സംബന്ധിച്ച് ഉപമാലങ്കാരത്തിൽ ആരാധന (അൽഇബാദത്ത്) എന്നു പ്രയോഗിച്ചു. (ഉപമാലങ്കാരത്തിന്റെ ഉപകരണമായ [പോലെ] എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധേയമാണ്.) അല്ലെങ്കിൽ ഇബാദത്ത് അതിന്റെ യഥാർത്ഥ അർത്ഥത്തിലുള്ള ആരാധന എന്ന അർത്ഥത്തിൽ തന്നെയാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ ഫറോവ ദൈവമാണെന്നു വാദിക്കുമ്പോഴും ദൈവത്തിനു കീഴ്പെടുക എന്നത് യഥാർത്ഥത്തിലുള്ള ആരാധന തന്നെയാണല്ലോ. കശ്ശാഫെന്നല്ല മറ്റു ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളും പരിശോധിച്ചാലും ഈ രണ്ടു ന്യായീകരണങ്ങളും തന്നെയാണ് ഗ്രഹിക്കാൻ സാധിക്കുന്നതും. ഇതിൽ പൂർവിക പണ്ഡിതന്മാരുടെ ഇടയിൽ തർക്കമില്ലെന്നു സാരം. ഇമാം സമഖ്ശരി ഭാഷാ പണ്ഡിതൻ കൂടിയായതുകൊണ്ട് അദ്ദേഹത്തിന്റെ വാചകങ്ങളും ഉദ്ധരിച്ചെന്നേയുള്ളൂ. ആകയാൽ ഇബാദത്തിനു 'അടിമവേല' എന്നോ 'അനുസരണം' എന്നോ അർത്ഥം കല്പിക്കുവാൻ ഈ പരിശുദ്ധ വചനം കൊണ്ടു സാധ്യമല്ല എന്നത് വളരെ വ്യക്തമാണ്.

ഇനി വാദത്തിനു വേണ്ടി ഇബാദത്തിനു അടിമവേല എന്നർത്ഥമു

ണ്ടെന്നു സമ്മതിച്ചാൽ തന്നെ ഈ ആയത്തുകൊണ്ട് അല്ലാഹു അല്ലാത്തവർക്ക് അടിമവേല ചെയ്യൽ ശിർക്കാണെന്ന് എങ്ങനെ സ്ഥാപിക്കാൻ സാധിക്കും? ഇവിടെ ഫറോവക്ക് ഇസ്രാഈല്യർ അടിമവേല ചെയ്തതു കൊണ്ട് അവർ മുശ്രിക്കുകളായിപ്പോയി എന്നു അല്ലാഹുവോ അവന്റെ റസൂലായ മൂസാ നബിയോ ജനങ്ങളെ ധരിപ്പിക്കുകയല്ല ചെയ്യുന്നത്. ബഹുദൈവാരാധന(ശിർക്ക്)യും ഏകദൈവാരാധന(തൗഹീദ്)യും വിവരിക്കുന്ന സന്ദർഭവുമല്ല. മൂസാ നബിയിലും ഹാറൂൻ നബിയിലും വിശ്വസിക്കാതിരിക്കാൻ ഫറോവ കണ്ടുപിടിച്ച ചില മുടന്തൻ ന്യായങ്ങളും ഉന്നയിച്ചതാണ് എന്ന് നാം മുമ്പു വിവരിച്ചുവല്ലോ. വാദത്തിനു വേണ്ടി ഇബാദത്തിനു 'അടിമവേല' എന്നർത്ഥമുണ്ടെന്നു സമ്മതിച്ചാൽ തന്നെ അല്ലാഹു അല്ലാത്തവർക്കു അടിമവേല ചെയ്യൽ ശിർക്കും അല്ലാഹുവിന്നാകുമ്പോൾ തൗഹീദും ആവുമെന്ന് ഒരിക്കലും സ്ഥാപിക്കാൻ നിവൃത്തിയില്ല.

ഇബാദത്തിന് അടിമവേല എന്നർത്ഥമുണ്ടെന്നു വരുത്തിത്തീർക്കുവാൻ ചിലർ ഉദ്ധരിക്കാറുള്ള മറ്റൊരു ആയത്ത് ഇതാകുന്നു:

وَتِلْكَ نِعْمَةٌ تَمُنُّهَا عَلَيَّ أَنْ عَبَّدْتَ بَنِي إِسْرَائِيلَ

"നീ എനിക്കു കനിഞ്ഞു ചെയ്തുതന്നതായി നീ എടുത്തുപറയുന്ന ആനുകൂല്യം, അതാണ് അതായത് ഇസ്രാഈൽ സന്തതികളെ നീ അടിമകളാക്കി വച്ചു എന്നത്." (ശുഅറാഅ്) മൂസാ നബിയെ ചെറുപ്പ കാലത്ത് ഫറോവയുടെ കൊട്ടാരത്തിൽ വെച്ച് വളർത്തിയതും മറ്റുമായ കാര്യങ്ങളും മൂസാ നബിക്ക് ചെയ്തുകൊടുത്ത ആനുകൂല്യമായി ഫറോവ ഒരിക്കൽ എടുത്തു പറഞ്ഞപ്പോൾ അതിനുള്ള മറുപടിയായി മൂസാ(അ) ഫറോവയോട് പറഞ്ഞ വാക്കുകളാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്. അങ്ങനെ നീ എന്നെ വളർത്തേണ്ടതായും മറ്റും വന്നത് ഇസ്രാഈൽ സന്തതികളെ നിർബന്ധിച്ചമർത്തി അടിമകളാക്കി, അവരിൽ നിന്നുള്ള പുരുഷന്മാരെ അറുകൊല ചെയ്തപ്പോൾ എന്റെ മാതാവ് പേടിച്ച് എന്നെ കടലിലെറിഞ്ഞതുകൊണ്ടല്ലെ എന്നെല്ലാം ഫറോവയുടെയും നാട്ടുകാരുടെയും മനസ്സിൽ ഉണർത്തുവാൻ വേണ്ടിയാണ് മൂസാ(അ) ഇതു പറഞ്ഞിട്ടുള്ളതെന്ന് വ്യക്തം. ഇത് തൗഹീദിനെ സ്ഥാപിക്കുകയോ ശിർക്കിനെ ഖണ്ഡിക്കുകയോ ചെയ്യുന്ന സന്ദർഭമല്ല എന്നതു പ്രത്യേകം ശ്രദ്ധേയമാണ്.

എന്നിരുന്നാലും മേൽ ആയത്തുകൊണ്ട് ഇബാദത്തിനു അടിമവേല എന്നർത്ഥമുണ്ടെന്നു സമർത്ഥിക്കുവാൻ കഴിയുമോ എന്ന് പരിശോ

ധിക്കാം. മേൽ ആയത്തിലെ عبدت എന്നതിന്ന് 'നീ അടിമയാക്കി വച്ചു' എന്നർത്ഥം കൊടുക്കുമ്പോഴും ഇബാദത്തിന്നു അടിമവേല എന്നർത്ഥം വരുമെന്നാണല്ലോ കണ്ടുപിടുത്തം. ഇതു ഭാഷാപരമായ വിവരക്കുറവു കൊണ്ട് ഉണ്ടാകുവാനേ കാരണമുള്ളൂ. عَبَدَ – يَعْبُدُ – عِبَادَة എന്ന ക്രിയയും عَبُدَ – يَعْبُدُ – عُبُودِيَّة എന്ന ക്രിയയും തമ്മിലുള്ള അർത്ഥവ്യത്യാസം ശരിക്കും ഗ്രഹിക്കാത്തതുകൊണ്ടാണ് ഈ അബദ്ധമുണ്ടായത്. ആദ്യത്തേതിന്റെ അർത്ഥം ആരാധിച്ചു എന്നാണെങ്കിൽ രണ്ടാമത്തേതിന്റേത് അടിമയായി എന്നാണ്. രണ്ടും തമ്മിൽ അക്ഷരത്തിൽ ഒരു വ്യത്യാസവുമില്ല. ഭൂത ക്രിയാരൂപത്തിന്റെ നടുവിലെ അക്ഷരമായ 'ബ' باء യുടെ വായന രൂപത്തിന്ന് മാത്രമാണ് വ്യത്യാസമുള്ളത്. ആദ്യത്തേത് 'അകാര'വും (فتحة) രണ്ടാമത്തേത് 'ഉകാര'വും (ضمة) ആണെന്നു മാത്രം. ഇത്രയും ശബ്ദവ്യത്യാസം മാത്രമുണ്ടായതുകൊണ്ട് അർത്ഥത്തിൽ വന്ന മാറ്റം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ ഇവിടെയുള്ള عبّدت (നീ അടിമയാക്കി) എന്ന പദം عَبَدَ – يَعْبُدُ (അടിമയായി) എന്ന് അർത്ഥമുള്ള ക്രിയയെ 'അടിമയാക്കി' എന്നർത്ഥത്തിനു വേണ്ടി عبّد എന്ന രൂപഭേദം വരുത്തിയതാണ്. അല്ലാതെ عَبَدَ (ആരാധിച്ചു) എന്ന അർത്ഥത്തിലുള്ള ക്രിയയെ രൂപഭേദം വരുത്തിയതല്ല. അതൊന്നുമല്ലെങ്കിൽ തന്നെ ബനൂ ഇസ്രാഈൽക്കാരെക്കൊണ്ടു ഫിർഔൻ അടിമവേല ചെയ്യിച്ചത് അവന്നു ഇബാദത്ത് ചെയ്യിക്കലാണെന്നും അതുകൊണ്ട് അവർ മുശ്രിക്കുകളായെന്നും ഇവിടെ പറഞ്ഞിട്ടില്ലല്ലോ.

സൃഷ്ടിപ്പിന്റെ രഹസ്യം

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ. مَا أُرِيدُ مِنْهُمْ مِنْ رِزْقٍ وَمَا أُرِيدُ أَنْ يُطْعِمُونِ. إِنَّ اللَّهَ هُوَ الرَّزَّاقُ ذُو الْقُوَّةِ الْمَتِينُ (سورة الذاريات ٥٨ – ٥٦)

"എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ജിന്നിനെയും മനുഷ്യനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല. ഒരു ജീവിത വിഭവവും അവരിൽ നിന്ന് ഞാൻ ആശിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് എല്ലാറ്റിന്റെയും അന്നദാതാവ്. കരുത്തുറ്റവനും പരമശക്തനുമവനത്രെ." ആദ്യമായി ഈ പരിശുദ്ധ വചനത്തിന്റെ നേർക്കുനേരെയുള്ള ആശയം സഹൃദയരായ വായനക്കാരുടെ മുന്നിൽ വെക്കുന്നു.

മനുഷ്യൻ ബുദ്ധിയുള്ള ജീവിയായതുകൊണ്ട് അവൻ ചെയ്യുന്ന പ്രവൃത്തിയുടെ ഫലം അവന് തന്നെ ലഭിക്കണമെന്ന് മനുഷ്യൻ ആശിക്കുന്നു. പ്രതിഫലേച്ഛ കൂടാതെയുള്ള പ്രവർത്തനങ്ങൾക്ക് മനുഷ്യൻ മുതിരുകയില്ല. ലാഭം ഉദ്ദേശിച്ചാണല്ലോ കച്ചവടം ചെയ്യുന്നത്. കൂലിയില്ലെങ്കിൽ ജോലിയെടുക്കുവാൻ ആളെ കിട്ടുമോ?

അല്ലാഹു ഇവിടെ പരമ സുന്ദരവും അത്ഭുതകരവുമായ മഹാ പ്രപഞ്ചത്തെ സൃഷ്ടിച്ചുവെച്ചിട്ടുണ്ട്. ഇതു കാണുമ്പോൾ മനുഷ്യൻ ചോദിക്കുകയാണ്: 'ദൈവം എന്തിന് ഇവയെല്ലാം സൃഷ്ടിച്ചു? ഇവയെല്ലാം സൃഷ്ടിച്ചതുകൊണ്ട്ദൈവത്തിന് എന്താണ് നേട്ടം? മനുഷ്യന്റെ പ്രവർത്തനങ്ങൾക്കുള്ള ഫലം അവന് ലഭ്യമാകുന്നതുപോലെ ദൈവത്തിന്റെ സൃഷ്ടി സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം ദൈവത്തിന് ലഭിക്കുന്നുണ്ടോ?' ഇങ്ങനെ മനുഷ്യ ഹൃദയങ്ങളിൽ ഉദിക്കുവാനുള്ള ചോദ്യങ്ങൾക്ക് അല്ലാഹു വ്യക്തമായ വിശദീകരണം നല്കിയിട്ടുണ്ട്.

ഓരോ സൃഷ്ടിയേയും സൃഷ്ടിച്ചിട്ടുള്ളത് ഓരോ ലക്ഷ്യം മുൻനിർത്തിയാണ്. വെറുതെ, വിനോദത്തിന് വേണ്ടി, യാതൊരു കാര്യവുമില്ലാതെ ഒന്നും അവൻ പടച്ചിട്ടില്ല എന്ന് ഖുർആനിൽ പല സ്ഥലത്തും പറഞ്ഞിട്ടുണ്ട്. എന്നാൽ മനുഷ്യൻ പ്രവർത്തിക്കുന്നത് അവന്റെ കാര്യത്തിന് വേണ്ടിയല്ലെന്നതാണ് പ്രധാന വ്യത്യാസം.

സൃഷ്ടിപ്പിന്റെ ലക്ഷ്യത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നത് കാണുക: "ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ള വസ്തുക്കളെയും യഥാർത്ഥമായ ലക്ഷ്യത്തോടെ അല്ലാഹു സൃഷ്ടിച്ചു. അവർ പങ്കു ചേർക്കുന്ന (മിഥ്യാ) ദൈവങ്ങളിൽ നിന്ന് അവൻ പരിശുദ്ധനാകുന്നു." (നഹ്ൽ: 3)

സൂറത്തു സ്വാദിൽ അല്ലാഹു പറയുന്നു: "ആകാശവും ഭൂമിയും അവക്കിടയിലുള്ളതും വ്യർത്ഥമായി നാം സൃഷ്ടിച്ചിട്ടില്ല. അത് സത്യനിഷേധികളുടെ വിചാരമാണ്. അതുകൊണ്ട് സത്യനിഷേധികൾക്ക് നരകാഗ്നിയിൽ നാശം." (സ്വാദ്: 37)

പല സാധനങ്ങളുടെയും സൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും ലക്ഷ്യവും ആവശ്യവും പലയിടത്തായി പരിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുണ്ട്. മനുഷ്യനെ എന്തിന് സൃഷ്ടിച്ചു? അതാണിവിടെ ചർച്ചാവിഷയം. "എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ മനുഷ്യനെയും ജിന്നിനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല. യാതൊരു ജീവിത വിഭവവും ഞാൻ അവരിൽ നിന്ന്

ആശിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണമുട്ടണമെന്ന ആശയും ഇല്ല. അല്ലാഹുവാണ് എല്ലാറ്റിനും ഭക്ഷണം കൊടുക്കുന്നവൻ. ബലവത്തായ ശക്തനും." ഇതാണല്ലോ പ്രസ്തുത വചനം.

സാധാരണയായി അടിമകളിൽ നിന്ന് യജമാനന്മാരും സന്താനങ്ങളിൽ നിന്ന് മാതാപിതാക്കളും ആഹാരവും മറ്റു സംരക്ഷണവും ആഗ്രഹിക്കുന്നു. അതുപോലെ അല്ലാഹു അവന്റെ അടിമകളായ മനുഷ്യരെ പടച്ചതിലും സംരക്ഷിക്കുന്നതിലും യാതൊരു പ്രതിഫലവും ആഗ്രഹിക്കുന്നില്ല. മറിച്ച് അവനാണ് എല്ലാവരെയും സംരക്ഷിക്കുന്നവനും അവർക്ക് ആഹാരം കൊടുക്കുന്നവനും. പിന്നെ ഇവരെ പടച്ചതിൽ ഒരേ ഒരു ഉദ്ദേശ്യമാണുള്ളത്. അവർ അവനെ ആരാധിക്കണം; മറ്റാരെയും ആരാധിക്കരുത്. ഇതാണ് മനുഷ്യന്റെയും ജിന്നിന്റെയും സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം. അതായത് ഏകദൈവാരാധന.

അല്ലാഹു പടച്ചുണ്ടാക്കുക. എന്നിട്ട് ബുദ്ധിയുള്ള മനുഷ്യ സൃഷ്ടികൾ സ്രഷ്ടാവിനെയല്ലാതെ മറ്റു പല ദൈവങ്ങളെയും ആരാധിക്കുക ഇതെത്ര അന്യായം.

മനുഷ്യനെ പടച്ചതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്ന് ഇബാദത്ത് ചെയ്യലാണ്, വേറെ ദൈവങ്ങൾക്ക് ഇബാദത്ത് ചെയ്യലല്ല എന്നു വരുമ്പോൾ മനുഷ്യൻ ചെയ്യുന്ന എല്ലാ കാര്യവും ഇബാദത്താണെന്ന് വരുമോ? ഒരിക്കലും വരികയില്ല. കാരണം, ഒരു വസ്തുവിന്റെ ഉദ്ദേശ്യം നിശ്ചയിച്ചുകഴിഞ്ഞാൽ അതിന് വിരുദ്ധമായത് ഉണ്ടായിക്കൂടാ എന്നല്ലാതെ ഉദ്ദേശ്യമല്ലാത്ത മറ്റൊന്നും ഉണ്ടായിക്കൂടാ എന്ന് ആരും പറയുകയില്ല. പരിശുദ്ധ ഹജ്ജ് കർമം ഉദ്ദേശിച്ച് പുണ്യഭൂമിയിലേക്ക് തീർത്ഥാടനം ചെയ്യുന്ന ആൾ ഹജ്ജിന് വിപരീതമായ ഒന്നും ചെയ്തുകൂടാ എന്നല്ലാതെ ഹജ്ജിന്റെ പ്രവർത്തനങ്ങൾ അല്ലാതെ യാതൊന്നും ചെയ്തുകൂടാ എന്നാരെങ്കിലും പറയുമോ? ഖുർആൻ പാരായണം ചെയ്യലും ധർമം ചെയ്യലും ഭക്ഷണം പാകം ചെയ്യലും കഴിക്കലുമെല്ലാം നിർത്തിവയ്ക്കണമെന്നുണ്ടോ? ഗവൺമെൻറ് ഉദ്യോഗസ്ഥന് ശമ്പളം കൊടുക്കുന്നത് ഗവൺമെൻറിന് സേവനം ചെയ്യുവാൻ വേണ്ടി മാത്രമാണെന്ന് പറഞ്ഞാൽ അയാൾ ചെയ്യുന്ന എല്ലാ പ്രവൃത്തിയും ഗവൺമെൻറ് സേവനമാണെന്നോ സ്വന്തമായി ഒരു പണിയും ചെയ്തുകൂടാ എന്നോ വരുന്നില്ല. ഏറ്റെടുത്ത ജോലിക്ക് മുടക്കം വരുത്താതെ സ്വന്തം ആവശ്യങ്ങളോ കുടുംബാവശ്യങ്ങളോ നിർവഹിച്ചുകൂടാ എന്ന് വെക്കുകയാണെങ്കിൽ എന്താ

യിരിക്കും സ്ഥിതി? അതുപോലെ, അല്ലാഹു അല്ലാത്ത ദൈവങ്ങൾക്ക് ഇബാദത്ത് ചെയ്യുവാൻ പാടില്ല എന്നല്ലാതെ മനുഷ്യൻ ഇബാദത്തല്ലാതെ മറ്റൊന്നും ചെയ്തുകൂടെന്നോ മനുഷ്യൻ എന്തു ചെയ്താലും അതൊക്കെ ഇബാദത്താണെന്നോ പറയുന്നത് ബുദ്ധിശൂന്യതയാണ്.

മനുഷ്യരുടെയും ജിന്നുകളുടെയും സൃഷ്ടിപ്പിന്റെ ആവശ്യകത സൂചിപ്പിച്ചപോലെ മറ്റു പല വസ്തുക്കളുടെയും സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം പരിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. ചിലത് താഴെ ഉദ്ധരിക്കുന്നു:

هُوَ الَّذِي خَلَقَ لَكُمْ مَا فِي الْأَرْضِ جَمِيعًا (البقرة)

"ഈ ഭൂമിയിലുള്ളത് മുഴുവനും നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചത് അവനാകുന്നു."

وَالْخَيْلَ وَالْبِغَالَ وَالْحَمِيرَ لِتَرْكَبُوهَا وَزِينَةً وَيَخْلُقُ مَا لَا تَعْلَمُونَ (النحل ٨)

"കുതിരകളെയും കോവർ കഴുതകളെയും നിങ്ങൾ അവരിൽ സവാരി ചെയ്യുവാനും ഒരു അലങ്കാരമായും അവൻ സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അറിയാത്ത പലതിനെയും അവൻ സൃഷ്ടിച്ചിരിക്കുന്നു."

وَأَنْزَلْنَا مِنَ الْمُعْصِرَاتِ مَاءً ثَجَّاجًا لِنُخْرِجَ بِهِ حَبًّا وَنَبَاتًا وَجَنَّاتٍ أَلْفَافًا (النبأ ١٦ - ١٤)

"മഴക്കാറുകളിൽ നിന്ന് കുത്തിച്ചൊരിയുന്ന ജലത്തെ നാം ഇറക്കി; ധാന്യത്തെയും സസ്യത്തെയും (വൃക്ഷങ്ങളും) തിങ്ങിനിൽക്കുന്ന തോട്ടങ്ങളെയും ഉല്പാദിപ്പിക്കുവാൻ വേണ്ടി."

أَخْرَجَ مِنْهَا مَاءَهَا وَمَرْعَاهَا وَالْجِبَالَ أَرْسَاهَا. مَتَاعًا لَكُمْ وَلِأَنْعَامِكُمْ

"അതിൽ (ഭൂമി) നിന്നും അതിന്റെ ജലത്തെയും മേച്ചിൽ സ്ഥലത്തെയും ഉൽപാദിപ്പിച്ചു. പർവതങ്ങളെ ഉറപ്പിച്ചുനിർത്തി; നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ജീവിത സൗകര്യത്തിനു വേണ്ടി."

ഇവിടെയെല്ലാം 'ലി' എന്ന പ്രയോഗം കാണാം. ഈ പ്രയോഗത്തിലൂടെയണ് നാം ലക്ഷ്യം, ഉദ്ദേശ്യം എന്നെല്ലാം മനസ്സിലാക്കുന്നത്. 'ലി' (വേണ്ടി) എന്ന പ്രയോഗം കൊണ്ട് ഉദ്ദേശ്യം അത്ര ക്ലിപ്തവും സൂക്ഷ്മവുമാക്കുന്നില്ല. പ്രധാന ഉദ്ദേശ്യം എന്നേ വിവക്ഷയുള്ളൂ. അല്ലാതെ മറ്റു യാതൊരു കാര്യവും ഉണ്ടായിക്കൂടാ എന്നല്ല. അപ്പോൾ മനുഷ്യനെ സൃഷ്ടിച്ചതിലുള്ള പ്രധാന ഉദ്ദേശ്യം അല്ലാഹുവെ മാത്രം ആരാധിക്കലാണ്.

മറ്റു ദൈവങ്ങളെ ആരാധിക്കലല്ല. അതുപോലെ ഭൂമിയിലെ സർവ വസ്തുക്കളെയും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ മനുഷ്യന്റെ ഉപയോഗത്തിന് വേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. ജലമുണ്ടാക്കിയതിന്റെ പ്രധാന ഉദ്ദേശ്യം സസ്യം, ധാന്യം, തോട്ടം ഇവയുടെ ശരിയായ വളർച്ചക്കും ഉൽപാദനത്തിനും ഉപകരിക്കുക എന്നതാണ്. അല്ലാതെ മനുഷ്യൻ ആരാധനയല്ലാതെ മറ്റു യാതൊന്നും ചെയ്യുന്നില്ലായെന്നോ ഭൂമിയിലുള്ള എല്ലാ സാധനങ്ങളും മനുഷ്യൻ ഉപയോഗിച്ചേതീരൂ എന്നോ, കുതിര, കഴുത മുതലായ മൃഗങ്ങളെ സവാരിക്കല്ലാതെ വേറെയൊന്നിനും പറ്റുകയില്ലെന്നോ, മഴവെള്ളം കൃഷിക്കല്ലാതെ കുടിക്കുവാനോ മറ്റോ ഉപയോഗിച്ചുകൂടായെന്നോ ഉദ്ദേശമില്ല. ഇത്രയും എഴുതിയതിൽ നിന്ന് കാര്യങ്ങൾ മനസ്സിലായിട്ടുണ്ടാകുമെന്ന് കരുതുന്നു.

ഇബാദത്തിന് അനുസരണം എന്ന് അർഥം കൊടുക്കുന്നവർ ചിലവലിച്ചുനീട്ടലുകൾ നടത്താറുണ്ട്. ഇബാദത്ത് ചെയ്യുവാൻ വേണ്ടിയല്ലാതെ മനുഷ്യനെ സൃഷ്ടിച്ചിട്ടില്ല. ഇബാദത്ത് ഒന്നിന് വേണ്ടി മാത്രമാണ് സൃഷ്ടിച്ചത് - അപ്പോൾ മനുഷ്യൻ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ഇബാദത്താകണമല്ലോ. പിന്നെ എങ്ങനെയാണ് ഇബാദത്തല്ലാതെ ഒരു പ്രവൃത്തി മനുഷ്യനിൽ നിന്നുണ്ടാവുക? അതിൽ ചിലത് മനുഷ്യനെ അനുസരിച്ച് ചെയ്യുന്നുവെങ്കിൽ വേറെ ചിലത് പിശാച്, ദേഹേച്ഛ, ഭരണം മുതലായ പലതിനെയും അനുസരിച്ച് ചെയ്യുന്നു. ഈ അനുസരണമാണ് ഇബാദത്ത്. അതുകൊണ്ട് മനുഷ്യൻ അല്ലാഹുവിന് ഇബാദത്ത് ചെയ്യണമെന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിനെ മാത്രം അനുസരിക്കണം, മറ്റാരെയും അനുസരിക്കരുത്. പിശാച്, ചെകുത്താൻ, ദേഹേച്ഛ, ഭരണം തുടങ്ങിയ ഒന്നിനെയും അനുസരിക്കുവാൻ പാടില്ല. അങ്ങനെ അനുസരിച്ചാൽ ശിർക്കായിത്തീർന്നു. എല്ലാ അനുസരണവും അല്ലാഹുവിന്നായിരിക്കണം. അപ്പോൾ മാത്രമാണ് ശരിയായ മുസ്ലിമായിത്തീരുക; ഏകദൈവ വിശ്വാസിയാവുക. - ഇതാണ് ഇവരുടെ വാദത്തിന്റെ ചുരുക്കം. ഏതു രാഷ്ട്രത്തിൽ ജീവിക്കുന്ന മുസ്ലിമായാലും ആ രാഷ്ട്രത്തിന്റെ അച്ചടക്കം പാലിക്കാതെ ആ രാഷ്ട്രത്തെ മറിച്ചിടുവാനുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടാലേ ശരിയായ മുസ്ലിമാവുകയുള്ളൂ എന്നാണ് വാദത്തിന്റെ കാതലായ വശം.

എന്നാൽ ഇത് ഈ ആയത്തിന്റെ ഉദ്ദേശത്തിൽ പെട്ടതല്ലെന്ന് നാം സവിസ്തരം വിവരിച്ചുകഴിഞ്ഞു. ഇനി കൂടുതൽ പറയണമെന്ന്

തോന്നുന്നില്ല. മനുഷ്യൻ ചെയ്യുന്ന പ്രവർത്തികളിൽ ഇബാദത്തും അല്ലാത്തതുമുണ്ട്. ഇബാദത്ത് അല്ലാഹുവിന്ന് മാത്രം അർപ്പിക്കുക. അല്ലാഹുവിനെ മാത്രം ആരാധിക്കുക. മറ്റു ദൈവങ്ങളെ ആരാധിക്കാതിരിക്കുക - ഇതാണ് പ്രസ്തുത വചനത്തിന്റെ സാരം. അതു തന്നെയാണ് ഇസ്ലാമിലെ ഏകദൈവ സിദ്ധാന്തവും. ഇബാദത്തിൽ പെടാത്ത കാര്യങ്ങൾ ഓരോന്നും ചെയ്യുമ്പോൾ ഭൗതികമായ ഉദ്ദേശ്യമുണ്ടാകും. ആ ഉദ്ദേശ്യം ഇസ്ലാമിന്റെ കൽപനക്ക് വിരുദ്ധമല്ലെങ്കിൽ പ്രസ്തുത ഉദ്ദേശ്യങ്ങൾ വെച്ചുകൊണ്ട് അവനത് ചെയ്യാം. ഇസ്ലാമിന്റെ നിയമങ്ങൾക്ക് വിരുദ്ധമായതാണെങ്കിൽ ചെയ്യുവാനുംപാടില്ല. ഇതാണ് ഇബാദത്തിന്റെ (ആരാധനയുടെ) ഇനത്തിൽ പെടാത്തതിനെ സംബന്ധിച്ചുള്ള ഇസ്ലാമിന്റെ നിയമം. ഉദാഹരണമായി, വിശപ്പു തീരുവാൻ ആഹാരം കഴിക്കാം. വിരോധിച്ച ആഹാരങ്ങളാണെങ്കിൽ പാടില്ല. കുളിരുമ്പോൾ പുതയ്ക്കാം. അനുവാദം കൂടാതെ അന്യന്റെ പുതപ്പ് ഉപയോഗിച്ചുകൂടാ. പണം സമ്പാദിക്കുവാൻ കച്ചവടം ചെയ്യാം. പലിശ ഇടപാട് പാടില്ല. ഇങ്ങനെ പോകുന്നു ഇബാദത്തിൽ പെടാത്ത, മനുഷ്യൻ ചെയ്യുന്ന കാര്യങ്ങളുടെ പട്ടിക.

എന്താണ് ഇബാദത്ത്?

അനുസരണവും അടിമവൃത്തിയുമല്ല ഇബാദത്ത് എന്ന് നാം കണ്ടു. എന്നാൽ എന്താണ് ഇബാദത്ത്? സ്വാഭാവികമായുണ്ടാവുന്ന ചോദ്യം.

മറുപടി ലളിതമാണ്. നബി(സ) നൽകിയ വിശദീകരണം തന്നെ നമുക്ക് മതി. അവിടുന്നു പറഞ്ഞതിങ്ങനെയാണ്: **الدعاء هو العبادة**

"പ്രാർത്ഥന, അതാണ് ഇബാദത്ത്."

الدعاء مخ العبادة "പ്രാർത്ഥന, അതാണ് ഇബാദത്തിന്റെ മജ്ജ." അതായത് പ്രാർത്ഥനയുള്ള എന്തുണ്ടോ, അത് ഇബാദത്താണ്. പ്രാർത്ഥനയില്ലാത്തൊന്നും ഇബാദത്ത് ആവുകയുമില്ല. അവിടെ അനുസരണമുണ്ടോ അല്ലേ എന്നതിന് പ്രസക്തിയില്ല. ശാരീരികമായ വല്ല പ്രവർത്തനമുവുണ്ടോ ഇല്ലേ എന്നതിന് സ്ഥാനമില്ല. പ്രാർത്ഥനയുണ്ടോ എന്നതാണ് പരിഗണനീയം. പ്രാർത്ഥന മാനസിക പ്രവർത്തനമാണ്.

പ്രാർത്ഥന എന്താണ്? അല്പം വിശദീകരിക്കാം. ഒരു കർഷകൻ ഉഴുതു, വിതച്ചു, നനച്ചു, വളം ചേർത്തു, വേലി കെട്ടി - അങ്ങനെ തന്നാൽ കഴിയുന്നതെല്ലാം ചെയ്തു. അതുകൊണ്ടു മാത്രം വിളയുണ്ടാവുമെന്ന് മനസ്സിന് സമാധാനമില്ല. കൃഷി വളർത്തുന്നതും വിളയുണ്ടാക്കുന്നതും താനല്ല. അത് ഒരു പരാശക്തിയാണ്. ആ പരാശക്തിയുടെ നേരെ അയാ

ളുടെ അന്തരംഗം അർത്ഥന കൊണ്ടു തുടിക്കുന്നു. ഇതാണ് പ്രാർത്ഥന. ഇതാണ് ഇബാദത്ത്.

ആഹാരവും കഴിച്ചു ഹോട്ടലിൽ നിന്നിറങ്ങുമ്പോൾ ഒരു കണ്ണില്ലാത്ത ഭിക്ഷക്കാരൻ മുന്നിൽ. അയാളുടെ പരവശതയെപ്പറ്റി, ഗതികേടിനെപ്പറ്റി ഓർത്തപ്പോൾ മനസ്സിന്റെ അടിഭാഗത്ത് ഒരു നൊമ്പരം. താൻ എത്ര അനുഗൃഹീതനെന്ന ബോധം. തന്നെ കണ്ണുകൾ നല്കി അനുഗ്രഹിച്ചവനോടുള്ള കൃതജ്ഞത മനസ്സിൽ പൊന്തിവന്നു. ആ മാനസിക ചലനത്തിന്നനുസൃതമായി ഏതാനും നാണയത്തുട്ടുകൾ അയാളുടെ കയ്യിൽ വെച്ചുകൊടുത്തു. അവിടെ, ആ പരാശക്തിയുടെ നേരെയുണ്ടായ മാനസിക ചലനമില്ലേ, അതാണ് പ്രാർത്ഥന. അതാണ് ഇബാദത്ത്. അൽപം കഴിഞ്ഞു ഏതാനും പൗരമുഖ്യർ ഒരു ക്ലബ്ബിന്റെ സംഭാവന ടിക്കറ്റുകളുമായി സമീപിച്ചു. അവരുടെ തൃപ്തിക്കു വേണ്ടി മാത്രം കൊടുത്തു, ഒരു വലിയ തുക - ഇവിടെ പ്രാർത്ഥനയില്ല. പരാശക്തിയോടുള്ള കൃതജ്ഞതയില്ല. അതുകൊണ്ട് അത് ഇബാദത്തുമല്ല. അയാൾ ക്ലബ്ബിന് പണം നൽകിയത് ഒരു പക്ഷേ തെറ്റായിരിക്കാം. പക്ഷേ, പൗരമുഖ്യർക്കുള്ള ഇബാദത്തല്ല.

ഒരു തോട്ടമുടമ അയാളുടെ തോട്ടത്തിൽ കന്നുകാലികൾ കയറിയപ്പോൾ ആട്ടിയോടിച്ചു. എന്നാൽ ഒരു നേർച്ചക്കൂറ്റൻ കടന്നു വിള തിന്നപ്പോൾ അയാൾ സംശയിച്ചുനിന്നു. അതിനെ ആട്ടിയോടിച്ചാൽ നേർച്ചക്കാരുടെ ഗുരുത്തക്കേട് തനിക്ക് പറ്റില്ലേ എന്നു പേടി. ഒന്നും ചെയ്യാതെ അയാൾ കയ്യും കെട്ടിയിരുന്നു. ഈ ഇരുത്തം ഇബാദത്താണ്. എന്തെന്നാൽ നേർച്ചക്കാരോടുള്ള, അവരുടെ അജ്ഞാതമായ കഴിവിനെപ്പറ്റിയുള്ള ബഹുമാനമാണ് അയാളെ അവിടെ പിടിച്ചിരുത്തിയത്. തനിക്ക് ഗുരുത്തക്കേടുണ്ടാക്കരുതേയെന്ന് നേർച്ചക്കാരോട് അയാളുടെ മനസ്സ് പ്രാർത്ഥിക്കുകയായിരുന്നു.

ഇപ്പോൾ വിഷയം വ്യക്തമായിരിക്കുമെന്ന് വിശ്വസിക്കുന്നു. അല്ലാഹുവിനോട് ഈ വിധമുണ്ടാകുന്ന മനസ്സിന്റെ പ്രാർത്ഥനയിൽ ശരീരവും സമ്പത്തും മറ്റും പങ്കെടുത്തുകൊണ്ടുള്ള ആരാധനയുടെ പ്രകടരൂപം അല്ലാഹു നിശ്ചയിച്ചുതന്നിട്ടുണ്ട്. അവയാണ് നമസ്കാരവും നോമ്പും സകാത്തും ഹജ്ജും മറ്റും. അല്ലാഹു നിശ്ചയിച്ചുതന്ന രൂപത്തിൽ മാത്രമേ അവ നിർവഹിക്കുവാൻ പാടുള്ളൂ. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ആമീൻ.

❋❋